# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 05 ഡിസംബർ–2014 ലക്കം 12**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|



Happy Christmas

&

Blessed New Year

# തിരുപ്പട്ട
# സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക്
# ആശംസകൾ



Name : Venakuzhiyil Shijo
Baptism Name : Mathai
Parish : Panthipoyil
Date of Ordination : 27/12/2014
Date of Birth : 29/04/1986



Name : Elamkunnapuzha Sijo
Baptism Name : Joseph
Parish : Chulliode
Date of Ordination : 29/12/2014
Date of Birth : 23/01/1985



Name : Alumkal Anish
Baptism Name : Joseph
Parish : Manvayal
Date of Ordination : 30/12/2014
Date of Birth : 24/09/1986



Name : Madapallikunnel Sibi
Baptism Name : Antony
Parish : Machikolly
Date of Ordination : 30/12/2014
Date of Birth : 13/01/1986



Name : Kaliyaniyil Anoop
Baptism Name : Kuriakose
Parish : Kottiyoor
Date of Ordination : 31/12/2014
Date of Birth : 11/11/1985



Name : Parackal Noble
Baptism Name : Varghese
Parish : Kabanigiri
Date of Ordination : 01/01/2015
Date of Birth : 19/02/1987



Name : Pulikuzhiyil Shinto
Baptism Name : Abraham
Parish : Chungakkunnu
Date of Ordination : 03/01/2015
Date of Birth : 09/04/1986

# ഉള്ളടക്കം


ഇടയലേഖനം ............................................................ 05
സർക്കുലർ ............................................................ 08
സർക്കുലർ ............................................................ 11
*Letter of the Major Archbishop* .................................... 20
രൂപതാകച്ചേരി വാർത്തകൾ ............................................. 21
*Common Programmes* ................................................. 23
തൃക്കൈപ്പറ്റ ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി .... 25
ലഹരിവിമുക്ത വർഷാചരണം .............................................. 29
ബൈബിൾ അപ്പോസ്തലേറ്റ് ............................................... 33
വൈദികരുടെ മാസധ്യാനം ................................................. 34
മതബോധനരംഗം ......................................................... 35
ചെറുപുഷ്പമിഷൻലീഗ് .................................................. 40
*Department of Youth Ministry* ...................................... 49
കെ.സി.വൈ.എം. ........................................................ 50
കുടുംബപ്രേഷിതത്വം .................................................... 59
സീയോൻ വാർത്തകൾ ..................................................... 63
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................................... 66
സാമൂഹ്യ സേവനരംഗം (WSSS) ......................................... 71
കേരള ലേബർ മൂവ്മെന്റ് ................................................. 76
റേഡിയോ മാറ്റൊലി ..................................................... 77
മീഡിയാകമ്മീഷൻ ....................................................... 79
*Mary Matha Arts & Science College* ................................ 80
*CEADOM* വിദ്യാഭ്യാസ മേഖല ............................................ 82
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............................................ 85
ബിഷപ്സ് പ്രോഗ്രാം ..................................................... 86
5-ാം പുസ്തകത്തിലെ വിഷയവിവരം .................................... 88



# ഇടയലേഖനം



***Pastoral Letter No. 01/2014***
***Prot. No. 16534/2014***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിന് ഒരുക്കമായിട്ടുള്ള ഇരുപത്തഞ്ചു നോമ്പിലാണല്ലോ നാമിപ്പോൾ. ഇത്തരുണത്തിൽ ഇതുമായി ബന്ധപ്പെട്ട ഏതാനും ആദ്ധ്യാത്മിക ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. നമ്മുടെ ആരാധനക്രമം ഒമ്പത് കാലങ്ങളായി തിരിച്ചിരിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. ഓരോ കാലവും കർത്താവിന്റെ ജീവിതത്തിലെ അല്ലെങ്കിൽ അവിടുത്തെ ശിഷ്യരുടെ സമൂഹമായ സഭയുടെ ജീവിതത്തിലെ ഓരോ ഘട്ടത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ക്രിസ്തുവർഷത്തിലെ ജനുവരി, ഫെബ്രുവരി തുടങ്ങിയ മാസങ്ങളുടെ പേരുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അവയ്ക്കെല്ലാം ഓരോ അർത്ഥമുണ്ട്. അതുപോലെ തന്നെ ആരാധനക്രമവർഷത്തിലെ തിരിവുകൾക്കും അർത്ഥമുണ്ട്. കർത്താവിന്റെ ജീവിതത്തിലെ അല്ലെങ്കിൽ അവിടുന്ന് തന്നെ ശിരസ്സായ അവിടുത്തെ മൗതികശരീരത്തിന്റെ ജീവിതത്തിലെ ഓരോ ഘട്ടത്തെ അവ ദ്യോതിപ്പിക്കുന്നു.

ആരാധനക്രമത്തിലെ ആദ്യകാലഘട്ടം ആഗമനകാലം അഥവാ മംഗളവാർത്താക്കാലമാണ്. രക്ഷകന്റെ വരവിനെ സൂചിപ്പിക്കുന്നതിനാൽ ആഗമനകാലമെന്നും പരിശുദ്ധ കന്യാമറിയത്തോട് ദൈവദൂതൻ അരുളിച്ചെയ്ത നല്ല വാർത്തയുടെ, അതായത് രക്ഷകന്റെ വരവിന്റെ, ഓർമ്മയായതിനാൽ മംഗളവാർത്താക്കാലമെന്നും വിളിക്കപ്പെടുന്നു. ആദിമാതാപിതാക്കളുടെ പാപത്തെത്തുടർന്ന് പറുദീസായിൽ നിന്ന് പുറത്താക്കപ്പെട്ട മനുഷ്യനെ രക്ഷിക്കാൻ ദൈവം ഒരു രക്ഷകനെ വാഗ്ദാനം

ചെയ്തു. ആ രക്ഷകന് വന്നു പിറക്കാൻ ഒരു ജനത്തെ അവിടുന്ന് തെരഞ്ഞെടുത്ത് ഒരുക്കാൻ ആരംഭിക്കുകയും ചെയ്തു.

അബ്രാഹത്തിന്റെ വിളിയിലൂടെ അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ജനമാണ് ഇസ്രായേൽ അഥവാ യഹൂദർ. അവർക്ക് മൂശ വഴി ദൈവം കൊടുത്ത നിയമങ്ങളുടെയും ചട്ടങ്ങളുടെയും എല്ലാം ലക്ഷ്യം ഒന്ന് മാത്രമായിരുന്നു. രക്ഷകനായി ദൈവപുത്രന് പിറക്കാൻ തക്കവിധം യോഗ്യമായ വിശുദ്ധിയുള്ള ഒരു ജനമായി അവരെ നിലനിർത്തുക. നിർഭാഗ്യവശാൽ അവർ ആ നിയമങ്ങളെ ലംഘിച്ചു. അപ്പോഴൊക്കെ ദൈവം അവരുടെ പ്രത്യേകമായ വിളിയെപ്പറ്റിയും അതിനുള്ള മാർഗ്ഗമായി ദൈവം കൊടുത്ത നിയമങ്ങളുടെ ശരിയായ അനുഷ്ഠാനങ്ങളെപ്പറ്റിയും അവരെ ഓർമ്മപ്പെടുത്താൻ അവിടുന്ന് പ്രവാചകന്മാരെ അയച്ചു. എന്നാൽ അവരെ അവർ കൊന്നുകളഞ്ഞു. കാരണം അവരുടെ ദൃഷ്ടിയിൽ പ്രവാചകന്മാർ പറഞ്ഞ കാര്യങ്ങളും കാണിച്ച് കൊടുത്ത വഴികളും അവരുടെ പാരമ്പര്യങ്ങൾക്ക് വിരുദ്ധമായിരുന്നു. കാത്തിരിപ്പിന്റെ കാലം നീണ്ടപ്പോൾ ഇസ്രായേൽ ദൈവത്തിന്റെ വചനങ്ങളുടെയും അവിടുത്തെ നിയമങ്ങളുടെയും അർത്ഥവും ലക്ഷ്യവും മറന്ന് പോയിരുന്നു. രക്ഷകനിൽ അവർ കണ്ടത് ഒരു രാഷ്ട്രീയ രക്ഷകനെ ആയിരുന്നു. രക്ഷ എന്നത് റോമാക്കാരുടെ അടിമത്തത്തിൽ നിന്നുള്ള രക്ഷയായി അവർ തെറ്റിദ്ധരിച്ചു. ദാവീദിന്റെ വംശത്തിൽ രക്ഷകൻ പിറക്കും എന്നറിയാവുന്ന അവർ അവിടുത്തെ ദാവീദിന്റെ മകനായ ഒരു രാജകുമാരനായി മനസ്സിലാക്കി. ഫലമോ, യഹൂദരിൽ വളരെപ്പേരും ജോസഫെന്ന ആശാരിയുടെയും വീട്ടമ്മയായ സാധാരണക്കാരി മറിയത്തിന്റെയും മകനായി അറിയപ്പെട്ട ഈശോയിൽ രക്ഷകനെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു.


ആഗമനകാലത്തെ നോമ്പാചരണത്തിന്റെ ലക്ഷ്യം രക്ഷകന് വന്നു പിറക്കാൻ പാകത്തിന് നമ്മളോരോരുത്തരും ആകുന്ന വ്യക്തികളെയും നമ്മൾ ഉൾക്കൊള്ളുന്ന സമൂഹങ്ങളെയും ആന്തരികവും ബാഹ്യവുമായി പരിശുദ്ധരാക്കുക എന്നതാണ്. ഭക്ഷണപാനീയങ്ങളിലുള്ള നിയന്ത്രണവും കൂടുതലായി ചൊല്ലുന്ന പ്രാർത്ഥനകളും നടത്തുന്ന തീർത്ഥാടനങ്ങളും എല്ലാം അതിന്റെ ബാഹ്യപ്രകടനങ്ങൾ മാത്രമാണ്. അവ അനുഷ്ഠിച്ചതുകൊണ്ട് മാന്ത്രികമായി ഫലമൊന്നും ഉണ്ടാകുകയില്ല. നമ്മുടെ മനസ്സ് ശുദ്ധമായിരിക്കണം. കർത്താവിന്റെ വചനം ശ്രദ്ധിക്കുക. അവൻ ജനങ്ങളെ തന്റെ അടുത്തുവിളിച്ചു പറഞ്ഞു: *നിങ്ങൾ കേട്ടു മനസ്സിലാക്കുവിൻ വായിലേക്കു പ്രവേശിക്കുന്നതല്ല, വായിൽ നിന്നു വരുന്നതാണ് ഒരുവനെ അശുദ്ധനാക്കുന്നത്..... ഈ ഉപമ ഞങ്ങൾക്കു വിശദീകരിച്ചു തരണമേ എന്നു പത്രോസ് അപേ*

*ക്ഷിച്ചു. അവൻ ചോദിച്ചു: നിങ്ങൾ ഇപ്പോഴും ഗ്രഹണശക്തിയില്ലാത്ത വരാണോ? വായിൽ പ്രവേശിക്കുന്നവ ഉദരത്തിലേക്കു പോകുന്നെന്നും അവിടെനിന്ന് അതു വിസർജിക്കപ്പെടുന്നെന്നും നിങ്ങൾ ഗ്രഹിക്കു ന്നില്ലേ? എന്നാൽ, വായിൽനിന്നു വരുന്നത് ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു. ദുശ്ചിന്തകൾ, കൊലപാതകം, പരസംഗം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം എന്നിവയെല്ലാം ഹൃദയത്തിൽ നിന്നാണ് പുറപ്പെടുന്നത്. ഇവയാണ് ഒരുവനെ അശുദ്ധനാക്കുന്നത്.* (മത്തായി 15:11-20)

ഈ നോമ്പിന്റെ അവസരത്തിലും തുടർന്നും നമ്മുടെ ഹൃദയ ങ്ങളെയും മനസ്സുകളെയും കർത്താവ് സൂചിപ്പിച്ച എല്ലാ തിന്മകളിൽ നിന്നും നമുക്ക് മോചിപ്പിക്കാം. അപ്പോൾ രക്ഷകന് വന്നു പിറക്കാൻ തക്കവിധം നമ്മുടെ മനസ്സും ഹൃദയവും പരിശുദ്ധമാകും.

കർത്താവിന്റെ ജനനത്തിരുനാൾ കഴിഞ്ഞാൽ ഏതാനും ദിവസ ങ്ങൾക്കുള്ളിൽ നമ്മൾ പുതിയൊരു വർഷത്തെ 2015 നെ വരവേൽക്കു കയാണ്. കടന്നുപോയ വർഷം ദൈവം നമുക്ക് നൽകിയ നിരവധിയായ നന്മകൾക്കായി അവിടുത്തേക്ക് നന്ദി പറയാം. അതുപോലെ കടന്നു പോയ വർഷം സംഭവിച്ച പരാജയങ്ങളിൽ ദുഃഖിച്ചിരിക്കാതെ ധൈര്യ പൂർവ്വം മുന്നോട്ട് പോകാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. പരാജയ ങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് നമ്മുടെ ഭാവിപ്രവർത്തനങ്ങളെ വിജ യത്തിലേയ്ക്ക് നയിക്കാനുള്ള ശക്തി അവിടുന്ന് നമുക്ക് തരും. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടിയുണ്ടാ യിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2014 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2014 ഡിസംബർ മാസം 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 14/2014***
***Prot. No. 16502/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ രൂപതയിൽ പുതിയതായി ആരംഭിച്ച യൂത്ത് ഡിപ്പാർട്ട്മെന്റിനെപ്പറ്റി ഈ കഴിഞ്ഞ ജൂലൈ മാസത്തിൽ നിങ്ങൾക്ക് ഞാൻ എഴുതിയിരുന്നല്ലോ. ഈ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ആരംഭിച്ചു എന്ന് നിങ്ങളെ അറിയിക്കാൻ എനിക്ക് അനൽപ്പമായ സന്തോഷമുണ്ട്. കെ.സി.വൈ.എം. ഡയറക്ടർ കൂടിയായ ബഹുമാനപ്പെട്ട ലാൽ പൈനുങ്കൽ അച്ചനാണ് യൂത്ത് ഡിപ്പാർട്ട്മെന്റിന്റെ ചുമതലയും വഹിക്കുന്നത് എന്ന കാര്യവും നിങ്ങൾക്ക് അറിവുള്ളതാണല്ലോ.

ഏതൊരു പ്രവർത്തനവും കാര്യക്ഷമവും ഫലവത്തും അങ്ങനെ വിജയകരവും ആകണമെങ്കിൽ പ്രവർത്തനങ്ങൾ കാലേക്കൂട്ടി വേണ്ടപോലെ ആസൂത്രണം ചെയ്യുകയും ഇടയ്ക്കിടെ അവലോകനം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. ആസൂത്രണം നന്നാകണമെങ്കിൽ അതിനാവശ്യമായ അടിസ്ഥാന വിവരങ്ങൾ ആവശ്യമാണ്. യുവജനങ്ങൾക്ക് വേണ്ടി പദ്ധതികൾ തയ്യാറാക്കുമ്പോൾ നമ്മുടെ രൂപതയിൽ അവർ എത്ര പേരുണ്ട്, അവർ എവിടെയെല്ലാമാണ് ഇപ്പോഴുള്ളത്, അവരുടെ കുടുംബ, സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തിക പശ്ചാത്തലങ്ങൾ ഏവ, തുടങ്ങിയ വിവരങ്ങൾ അത്യന്താപേക്ഷിതമാണ്. അങ്ങനെ ഏതെങ്കിലും വിവരങ്ങളുടെ അടിസ്ഥാനത്തിലേ അവരുടെ ആവശ്യങ്ങൾ തിരിച്ചറിയാനും അങ്ങനെ അവർക്ക് വേണ്ടി എന്തെങ്കിലും ക്രിയാത്മകമായി ചെയ്യാനും കഴിയുകയുള്ളു. നിലവിൽ അത്തരം വിവരങ്ങൾ നമ്മുടെ പക്കലില്ല.

മേൽപ്പറഞ്ഞ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നമ്മുടെ രൂപതയിലെ യുവജനങ്ങളുടെ ഒരു സമഗ്ര സ്ഥിതിവിവരക്കണക്ക്

എടുക്കുന്നതിനെപ്പറ്റി ഈ വർഷത്തെ വാർഷികധ്യാനത്തിന്റെ അവസരത്തിൽ സൂചിപ്പിച്ചിരുന്നത് ബഹുമാനപ്പെട്ട വൈദികർ ഓർമ്മിക്കുന്നുണ്ടാകും. അതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ യൂത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് തുടങ്ങിയിട്ടുണ്ട്. സർവ്വേയുടെ വിജയത്തിന് ഇടവകയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വൈദികർ, സമർപ്പിതർ, കൈക്കാരന്മാർ, കമ്മിറ്റിക്കാർ, വിവിധസംഘടനകൾക്ക് നേതൃത്വം കൊടുക്കുന്നവർ എന്നിവരുടെ സഹായസഹകരണങ്ങൾ ഉണ്ടാകണം എന്ന് ഞാൻ പറയേണ്ടതില്ലല്ലോ.


കുട്ടികളുടേയും യുവജനങ്ങളുടെയും വിവരശേഖരണത്തിനായി രണ്ട് വ്യത്യസ്ത ഫോറങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഒന്നാമത്തേത് സ്കൂളിൽ ഏഴാം ക്ലാസു മുതൽ പ്ലസ് ടു വരെ പഠിക്കുന്നവർക്ക് വേണ്ടിയും രണ്ടാമത്തേത് പ്ലസ് ടു കഴിഞ്ഞവർ മുതൽ 35 വയസ്സു വരെയുള്ളവരെ ഉദ്ദേശിച്ചുമാണ്. പഠനത്തിനും ജോലിയ്ക്കും മറ്റുമായി ദൂരെയായിരിക്കുന്നവരെ ഉദ്ദേശിച്ച് ഇന്റർനെറ്റിലൂടെ ഫോറം അയച്ചുകൊടുക്കാനുള്ള സംവിധാനവും ഒരുക്കുന്നുണ്ട്.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ *ആനന്ദത്തിലേയ്ക്കുള്ള പത്ത് കൽപ്പനകൾ* ലോകമാദ്ധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അവയിൽ ഒന്നാണ് ക്രിയാത്മകമായ വഴികളിലൂടെ മഹത്തരമായ ജോലി കണ്ടെത്താൻ യുവജനങ്ങളെ സഹായിക്കുക എന്നത്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി യുവജന സർവ്വേയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനും യുവജനങ്ങളുടെ തൊഴിൽ സാദ്ധ്യതകൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു കർമ്മപദ്ധതിക്ക് രൂപം കൊടുക്കാൻ യൂത്ത് ഡിപ്പാർട്ടുമെന്റ് ഉദ്ദേശിക്കുന്നു.

ആയതിനാൽ ഈ സർവ്വേ അതീവ ഗൗരവത്തോടെയും താത്പര്യത്തോടെയും സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. 2014 ഡിസംബർ 31 ന് മുമ്പായി സർവ്വേ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. കാലാനുസൃതവും ഗുണപരവും ആയ രീതിയിൽ ക്രിസ്തുവിനെ യുവജനങ്ങളുടെ ഇടയിൽ അവതരിപ്പിക്കാൻ ഈ സർവ്വേയിൽ നിന്ന് ലഭിക്കുന്ന ഫലത്തിലൂടെ രൂപപ്പെടുന്ന അജപാലന പദ്ധതി സഹായിക്കും എന്നതിൽ സംശയമില്ല.

സർവ്വേ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ രൂപതാ യൂത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭ്യമാണ്. ഏവരുടേയും സഹായവും സഹകരണവും അഭ്യർത്ഥിക്കുകയും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 ഡിസംബർ മാസം 14-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സമർപ്പിതരുടെ വർഷത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

**ആമുഖം**

കത്തോലിക്കാസഭ സാർവ്വത്രികമായി 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ സമർപ്പിതരുടെ വർഷമായി ആഘോഷിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച സന്ന്യാസജീവിതത്തെക്കുറിച്ചുള്ള ഡിക്രിയുടെയും സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെയും 50-ാം വാർഷികത്തിന്റെ പശ്ചാത്തലത്തിലാണ് ഫ്രാൻസീസ് മാർപാപ്പാ സമർപ്പിതരുടെ വർഷം പ്രഖ്യാപിച്ചിട്ടുള്ളത്. ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രഖ്യാപിച്ച വൈദികവർഷം, വിശ്വാസവർഷം, വിശുദ്ധ പൗലോസിന്റെ വർഷം എന്നിവയോട് ഇതു ചേർന്നുപോകുന്നു. ഒരു വർഷത്തിലധികം നീണ്ടുനില്ക്കുന്ന സമർപ്പിതരുടെ വർഷം കഴിഞ്ഞ കാലത്തെ നന്ദിപൂർവം ഓർത്ത് ഭാവിയിലേക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കാൻ നമുക്ക് അവസരമാകുന്നു. സമർപ്പിതസമൂഹങ്ങൾ ക്രിസ്തുമതത്തിനും ലോകത്തിനും ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങൾ നിരവധിയാണ്. പ്രാചീനകൃതികൾ പകർത്തി സൂക്ഷിക്കുക, വിദ്യാകേന്ദ്രങ്ങളും ആതുരശാലകളും ആശുപത്രികളും അനാഥാലയങ്ങളും നടത്തുക, തൊഴിലും കൃഷിയും പഠിപ്പിക്കുക, അടിമകളെ വീണ്ടെടുക്കുക, മതപ്രചാരണം നടത്തുക, ശാസ്ത്രീയ വളർച്ചയ്ക്ക് വഴിതെളിക്കുക തുടങ്ങിയ സേവനങ്ങൾ ലോകത്തിന് അവർണനീയമായ നേട്ടങ്ങളുണ്ടാക്കി. അത് അഭിമാനത്തോടെ നാം ഓർക്കണം. ദൈവത്തെയും ആത്മാവിനെ സംബന്ധിച്ച കാര്യങ്ങളെയും അന്വേഷിക്കുന്നവർക്ക് അവ സ്വാഗതമരുളി. വിശ്വാസത്തിന്റെ വിദ്യാലയങ്ങളും പഠനത്തിന്റെയും സംവാദത്തിന്റെയും സംസ്കാരത്തിന്റെയും യഥാർത്ഥസ്ഥാനങ്ങളുമാണവ.

## സമർപ്പിതവർഷത്തിന്റെ ലക്ഷ്യങ്ങൾ

സമർപ്പിതരുടെ വർഷം പ്രധാനമായും ഊന്നൽ നല്കുന്നത് മൂന്നു കാര്യങ്ങൾക്കാണ്. ഒന്ന്, സമർപ്പണജീവിതമാകുന്ന വലിയ ദാനത്തിന് സഭയൊന്നാകെ ദൈവത്തിന് നന്ദി പറയുകയും അവിടുത്തെ സ്തുതിക്കുകയും ചെയ്യുക. സമർപ്പണജീവിതത്തിന്റെ ബഹുമുഖരൂപങ്ങളാലും ദൈവരാജ്യത്തിനായി സമ്പൂർണസമർപ്പണം നടത്തിയ അനേകം ജീവിതങ്ങളുടെ ഉദ്ബുദ്ധമായ പ്രവർത്തനങ്ങളാലും സഭയും ലോകവും സമ്പന്നമാക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന് നന്ദി പറയാതിരിക്കാൻ സഭയ്ക്കു കഴിയുകയില്ല.

രണ്ട്, മുഴുവൻ ദൈവജനത്തിനിടയിലും സമർപ്പിതജീവിതത്തെക്കുറിച്ച് അറിവും മതിപ്പും വളർത്തുക. മണവാട്ടി എന്ന നിലയിലുള്ള സഭയുടെ ആന്തരികമായ പ്രകൃതിയെ ഏറ്റവും വാഗ്മിത്വത്തോടെ പ്രകാശിപ്പിക്കുന്നത് സമർപ്പിതരാണ്. ദൈവത്തിന്റെ കൃപാവരത്താൽ രൂപാന്തരപ്പെടാൻ സ്വയം അനുവദിക്കുകയും സുവിശേഷത്തോടു പൂർണമായും അനുരൂപപ്പെടുകയും ചെയ്യുന്ന സമർപ്പിതരില്ലാതെ സഭയ്ക്ക് തന്റെ ദൗത്യം പൂർണമായി പൂർത്തീകരിക്കാനാവില്ല. സുവിശേഷപ്രചരണം, ക്രൈസ്തവ വിദ്യാഭ്യാസപ്രവർത്തനം, ഏറ്റവും ആവശ്യത്തിലിരിക്കുന്നവർക്ക് സ്നേഹവും താങ്ങും നല്കൽ, ധ്യാനാത്മക പ്രാർത്ഥന, കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും മാനുഷികവും ആത്മീയവുമായ രൂപീകരണം, സമൂഹത്തിൽ നീതിയും സമാധാനവും സംസ്ഥാപിതമാക്കാനുള്ള ശ്രമം എന്നിവയ്ക്കെല്ലാം സമർപ്പിതർ വിശ്വാസികൾക്ക് പ്രചോദനവും മാതൃകയുമാണ്. ദൈവം നല്ലവനും കരുണാമയനുമാണെന്നതിന്റെ തെളിവുകൂടിയാണ് സമർപ്പിതർ. അവരില്ലാത്ത സഭയെപ്പറ്റി ചിന്തിക്കാനേ പറ്റില്ല (cf. ഫ്രാൻസീസ് പാപ്പാ, പ്രസംഗം, ഫെബ്രുവരി 02, 2014).

ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും അവിടുന്നിൽ എളിയ സഹോദരരെ സ്നേഹിക്കുന്നതിന്റെയും സന്തോഷമാണ് ഈ വർഷത്തിൽ ആളുകൾക്കു സമർപ്പിതരിൽ കണ്ടെത്താൻ കഴിയേണ്ടത്. യേശുവിനോടും യേശുവിൽ മനുഷ്യകുടുംബത്തിലെ ഓരോ അംഗത്തോടും ഉള്ള സ്നേഹം മൂലം നടത്തുന്ന മൗലികമായ ആത്മദാനമാണ് സമർപ്പിത ജീവിതമെന്ന കാര്യം വെളിവാക്കപ്പെടണം. അല്മായർക്ക് സമർപ്പിതജീവിതത്തെക്കുറിച്ച് ആഴമാർന്ന ധാരണ ഉണ്ടാകണമെന്നതാണ് സമർപ്പിതവർഷം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

മൂന്ന്, കൂടുതൽ പ്രകാശിതമായ വിശ്വാസത്താൽ തങ്ങളുടെ ജീവിതവഴിയിൽ ആത്മാവ് വർഷിച്ച ദൈവികദാനങ്ങൾ വ്യത്യസ്ത സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു കണ്ടെത്താൻ ശ്രമിക്കണം. അത് സമർപ്പിതസമൂഹങ്ങൾ ഒന്നിച്ചു ചെയ്യേണ്ട കാര്യമാണ്. കർത്താവ് തങ്ങളിൽ ചൊരിഞ്ഞിട്ടുള്ള അദ്ഭുതകരമായ കാര്യങ്ങൾക്കുവേണ്ടി വ്യത്യസ്ത സമൂഹങ്ങളിൽപ്പെട്ട സമർപ്പിതർ ഒന്നിച്ചുകൂടി പങ്കുവച്ച് ആഘോഷിക്കുന്ന കാര്യമാണ്. ഒപ്പം, സഭയിൽ തങ്ങൾക്കുള്ള പകരം വയ്ക്കാനാവാത്ത ദൗത്യത്തിന്റെ സുവ്യക്തമായ ആത്മാവബോധവും നേടണം. തിരുസ്സഭയുടെ പൊതുനന്മയ്ക്കായി സഹകരിച്ചു പ്രവർത്തിക്കാൻ അതവരെ സഹായിക്കും. ഓരോ സമൂഹവും അതാതിനു പ്രത്യേകമായുള്ള ജോലി വിശ്വസ്തതയോടെ നിർവഹിക്കുമ്പോൾ സഭയുടെ മുഴുവന്റെയും അതാതു രൂപതയുടെയും പ്രയോജനം മുൻനിറുത്തി സ്ഥലകാലങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ പുനസ്സംവിധാനം ചെയ്യാനും ഇടയാക്കും. തങ്ങളുടെ സമൂഹത്തിന്റെ സിദ്ധികൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതുവഴി സമർപ്പിതർക്ക് തങ്ങളുടെ ശുശ്രൂഷകളെക്കുറിച്ച് ആഴമാർന്ന ബോധ്യവും ഉണ്ടാകും. കൊടുക്കുമ്പോൾ കൂടുതൽ സ്വീകരിക്കുമെന്നതാണല്ലോ സത്യം.

**സമർപ്പിതസമൂഹങ്ങളുടെ പ്രവാചകദൗത്യം**

സഭയുടെ ചരിത്രത്തിൽ സമർപ്പിതസമൂഹങ്ങൾ എന്നും ഒരു പ്രവാചകദൗത്യം നിറവേറ്റിയിട്ടുണ്ട്. പ്രവാചകൻ മുഖ്യമായും വർത്തമാനകാലത്തിലും സാഹചര്യങ്ങളിലും ദൈവേഷ്ടം അറിയിക്കുന്നവനാണ്. സഭയിലും സമൂഹത്തിലും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളും പ്രതീക്ഷകളും മനസ്സിലാക്കി പ്രത്യുത്തരം നല്കാനാണ് സമർപ്പിതസമൂഹങ്ങൾ സ്ഥാപിതമായത്. "സഭയുടെ ചരിത്രത്തിലെങ്ങും ഏറ്റവും പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിൽ, വിശുദ്ധരായ സ്ത്രീപുരുഷന്മാർ, എന്നും നവീകരണത്തിന്റെ ഉണർവും ഉത്പത്തിയുമായിരുന്നു. ഇന്നു നമുക്ക് വിശുദ്ധരുടെ അത്യധികമായ ആവശ്യമുണ്ട്. അവർക്കുവേണ്ടി നാം ദൈവത്തോടു തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകൾ, സുവിശേഷോപദേശങ്ങളുടെ വ്രതവാഗ്ദാനത്തിലൂടെ, ഇന്നത്തെ സഭയിൽ അവർക്കുള്ള സവിശേഷദൗത്യത്തെക്കുറിച്ച് ബോധമുള്ളവയായിരിക്കണം. അവരെ ആ ദൗത്യത്തിൽ നാം പ്രോത്സാഹിപ്പിക്കുകയും വേണം" (രണ്ടാം അസാധാരണ സിനഡ്, 1985, II, A, 4). "സഭയുടെ ചരിത്രത്തിലുടനീളം സമർപ്പിത

ജീവിതം പവിത്രാത്മാവിന്റെ പ്രവർത്തനത്തിന്റെ സജീവസാന്നിധ്യമായിരുന്നു. ദൈവത്തോടും അയൽക്കാരനോടുമുള്ള സമ്പൂർണസ്നേഹത്താൽ മനുഷ്യവംശത്തെ മുഴുവനും സ്നേഹസംസ്കാരത്തിലേക്ക് ശേഖരിക്കാനുള്ള ദൈവികപദ്ധതിക്കു സാക്ഷ്യംവഹിക്കുന്നതിന്റെ വിശേഷാനുകൂല്യപരമായ സാഹചര്യമായിരുന്നു" (9th Ordinary Synod Message, L'Osservatore Romano, 02 Nov. 1994).

ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കട്ടെ. വലിയ പീഡനത്തിന്റെയും പ്രവാസത്തിന്റെയും നാളുകളിൽ വിശുദ്ധ ബെനഡിക്ട് സഭയുടെ ആഗോളവ്യാപനത്തിന് സമൂഹങ്ങൾ സൃഷ്ടിച്ചു. അവ അവയുടെ ചുറ്റുപാടുകളിൽ സ്ഥിരത കൈവരിക്കാൻ ഇടയാക്കി. സഭയും സമൂഹവും ഫ്യൂഡൽ വ്യവസ്ഥിതിക്ക് വിധേയമായപ്പോൾ വിശുദ്ധ ഫ്രാൻസീസ് ദാരിദ്ര്യത്തോടുള്ള സംവേദനക്ഷമത ഉണർത്തി. ശക്തവും ശുദ്ധവുമായ വിശ്വാസത്തിനു വേണ്ടിയുള്ള കത്താറുകളുടെ ആഗ്രഹം വിശുദ്ധ ഡോമിനിക് തന്റേതാക്കി. നവോത്ഥാനത്തോടു പ്രത്യുത്തരിച്ചുകൊണ്ട് ക്രിസ്തുവെന്ന വ്യക്തിയിലേക്ക് മാത്രം ജീവിതത്തെ വീണ്ടും നയിക്കാൻ വിശുദ്ധ ഇഗ്നേഷ്യസ് ശ്രമിച്ചു. 19-ാം നൂറ്റാണ്ടിൽ അനേകം സമർപ്പിതസമൂഹങ്ങൾ കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാൻ ജന്മമെടുത്തു. ദൈവത്തിൽ നിന്നുവരുന്ന ഒരു വിളിക്കുള്ള പ്രവാചകപ്രത്യുത്തരമാണ് ഇവിടെയെല്ലാം നാം കാണുന്നത്; ഒരു പ്രത്യേക സമയത്ത് ദൈവേഷ്ടം പ്രായോഗികമാക്കാനുള്ള ശ്രമം.

**നവീകരണത്തിനുള്ള അവസരം**

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയ്ക്ക് മുഴുവനും, സമർപ്പിത ജീവിതക്കാർക്ക് പ്രത്യേകമായും പരിശുദ്ധാത്മാവിന്റെ വലിയൊരു നിശ്വസനമായിരുന്നു. സമർപ്പിതർ കഴിഞ്ഞ 50 വർഷം തങ്ങളുടെ ജീവിതനവീകരണത്തിന്റെ ഫലപ്രദമായ ഒരു യാത്രയാണ് നടത്തിയതെന്നതിൽ സംശയമില്ല. കർത്താവിനോടും സഭയോടും തങ്ങളുടെ സമർപ്പിതസമൂഹത്തിന്റെ സിദ്ധിയോടും ഇന്നത്തെ ജനങ്ങളോടും സമൂഹത്തോടുമുള്ള വിശ്വസ്തതയും പ്രതിജ്ഞാബദ്ധതയും നവീകരിക്കാനാണ് കൗൺസിൽ സമർപ്പിതരോട് ആവശ്യപ്പെട്ടത്. അത് നിരന്തരം തുടരേണ്ട ഒരു പ്രക്രിയയാണ്. ലോകത്തെയും സഭയെയും ബാധിക്കുന്ന സംഘർഷങ്ങളും പ്രശ്നങ്ങളും സമർപ്പിതജീവിതത്തെയും ബാധിക്കുമെന്നത് തീർച്ച. സമർപ്പിതജീവിതത്തിന്റെ കരിസ്മാറ്റിക് മാനം മറന്ന് സ്ഥാപനവത്കരണത്തിനും കാര്യക്ഷമതയ്ക്കും പ്രൊഫഷണലിസത്തിനും അടിമപ്പെടാനുള്ള പ്രലോഭനം ശക്തമാകുന്നതുതന്നെ

ഉദാഹരണം. ഇവ ദൗത്യനിർവഹണത്തിനുള്ള ഉപാധികൾ മാത്രമേ ആകാവൂ എന്ന കാര്യം മറക്കരുത്. സ്വന്തം ശക്തിയോ കഴിവോ കൊണ്ടല്ല, മറിച്ച്, കർത്താവിലുള്ള വിശ്വാസാശ്രയം കൊണ്ട് എല്ലാം നവീകരിക്കാൻ കഴിയുമെന്ന വലിയ പ്രതീക്ഷ ഉണ്ടാകണം. ഫ്രാൻസീസ് പാപ്പാ പറയുന്നതുപോലെ ആർക്കും കവർന്നെടുക്കാൻ കഴിയാത്ത പ്രതീക്ഷ (സുവിശേഷസന്തോഷം, 86) യുടെ പ്രതീകമായി സമർപ്പിതർ മാറണം.

ദൈവഹിതം മിക്കപ്പോഴും ലോകത്തിന്റെ ചൈതന്യവുമായി വൈരുദ്ധ്യത്തിലായിരിക്കും. അസാമാന്യമായ ധീരതയും സത്യസന്ധതയും ഉണ്ടെങ്കിലേ ലോകചൈതന്യത്തിനെതിരെ നില്ക്കാൻ സാധിക്കൂ. ഇന്ന് സമർപ്പിതർ പ്രത്യേകം ഓർക്കേണ്ട ഒരു കാര്യമാണിത്. ദൈവത്തെയും അവിടത്തെ വചനത്തെയും കേന്ദ്രസ്ഥാനത്തു നിറുത്തി, സമൂഹത്തിൽ രൂപംകൊള്ളുന്ന പ്രവണതകളെ വിമർശനാത്മകമായി വിലയിരുത്തുകയും മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യാൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. അതു ക്ലേശകരമായ വഴിയാണ് (മത്താ 7:3-14). സ്വന്തം ജീവിതം തന്നെ മാതൃകയാകണം. സുഖാസക്തിയും അത്യാഗ്രഹവും അമിതസ്വാതന്ത്ര്യവും വർദ്ധമാനമാകുന്ന ഈ കാലഘട്ടത്തിൽ സന്ന്യസ്തജീവിതം നേരിടുന്ന വലിയൊരു വെല്ലുവിളിയാണിതെന്ന് മറക്കരുത്. ഫ്രാൻസീസ് മാർപാപ്പാ കൂടെക്കൂടെ ചോദിക്കുന്നതുപോലെ, ലോകത്തിന്റെ എല്ലാ നേട്ടങ്ങളും സൗകര്യങ്ങളും ആഡംബരങ്ങളും സമർപ്പിതജീവിതത്തിന് ആവശ്യമാണോ എന്ന് ചിന്തിക്കണം.

ക്രിസ്തുവിനോടുള്ള വലിയ സ്നേഹവും യഥാർത്ഥ സൗഹൃദവും ആഴമാർന്ന സംസർഗവും വളർത്തിക്കൊണ്ട് വലിയ പ്രത്യാശ ഇന്ന് ലോകത്തിൽ ഉദ്ദീപിപ്പിക്കാനാണ് സമർപ്പിതർ ശ്രദ്ധിക്കേണ്ടത്. അതു തന്നെയാണല്ലോ സമർപ്പിതജീവിതത്തിന്റെ കാതൽ. സുവിശേഷോപദേശങ്ങൾ ഗൗരവപൂർവം സ്വീകരിച്ചുകൊണ്ട് സമർപ്പിതർ ദരിദ്രനും നിർമ്മലനും അനുസരണയുള്ളവനുമായ ക്രിസ്തുവിനെ കൂടുതൽ അടുത്ത് അനുകരിക്കുമ്പോൾ അതു സംഭവിക്കും. ആത്മപരിത്യാഗം, ഹൃദയാനുതാപം, ആന്തരികസമാധാനമന്വേഷിക്കൽ, ദിവ്യകാരുണ്യ കേന്ദ്രീകൃതജീവിതം, നിരന്തരമായ പ്രാർത്ഥന, ദൈവവചന ധ്യാനം, ഉപവാസം, ജാഗരണം, നിശബ്ദത, പെസഹാപരമായ സന്തോഷം എന്നിവ ജീവിതശൈലിയാക്കിയാൽ ഇന്നത്തെ ലോകത്തിന് സമർപ്പിതർ വെളിച്ചം പകരും.

**കുടുംബ നവീകരണത്തിനായി പ്രവർത്തിക്കണം**

സഭ ഇക്കാലഘട്ടിൽ പ്രത്യേകവിധമായി കുടുംബത്തെക്കുറിച്ച് ചിന്തിക്കുന്നു. കുടുംബങ്ങൾ അനേകം വെല്ലുവിളികൾ നേരിടുന്ന ഇന്ന് കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ജീവിക്കാൻ കുടുംബങ്ങളെ സഹായിക്കാൻ സമർപ്പിതർ മുന്നോട്ടുവരണം. ശിഥിലമാകുന്ന കുടുംബ ബന്ധങ്ങൾ, വിവാഹത്തകർച്ച, മിശ്രവിവാഹങ്ങൾ, ജനനനിരക്ക് കുറയൽ, മദ്യം-മയക്കുമരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെ സമർപ്പിതർ നിലകൊള്ളണം. കുടുംബം സ്നേഹിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയും ജീവന്റെ ശുശ്രൂഷാവേദിയും സമൂഹത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്ന അടിസ്ഥാനഘടകവും ഗാർഹികസഭയുമാക്കാനാണ് സമർപ്പിതർ പ്രതിജ്ഞാബദ്ധരാകേണ്ടത്. കുടുംബകേന്ദ്രീകൃത അജപാലനത്തിന് സമർപ്പിതർ ഊന്നൽ നല്കണമെന്നർത്ഥം. ഒരു ദൈവവിളി മറ്റൊരു ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാകുകയാണല്ലോ വേണ്ടത്. ഹോം മിഷൻ, ധ്യാനങ്ങൾ, കൗൺസലിങ് എന്നിവ രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റുമായി ബന്ധപ്പെട്ട്, രൂപതയിലെ പല കോൺഗ്രിഗേഷനുകൾ ഒന്നിച്ച് നടപ്പാക്കാൻ ശ്രമിക്കണം. ക്രിസ്തീയ കുടുംബങ്ങളിൽ വിശുദ്ധി നിറയാൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത രണ്ടു വിശുദ്ധരെ സമർപ്പിതവർഷത്തിന്റെ ആരംഭത്തിൽ കേരളസഭയ്ക്ക് ലഭിച്ചിരിക്കുന്നതുതന്നെ അതിന് സമർപ്പിതർക്ക് പ്രചോദനമാകുന്നു.

കുടുംബങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ട ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കട്ടെ. ദൈവത്തിന്റെ സ്നേഹം ലോകത്തിൽ വ്യാപിപ്പിക്കുന്നതിനും സുവിശേഷോപദേശങ്ങളുടെ വഴിയിൽ ആഴത്തിൽ സഞ്ചരിക്കുന്നതിനും കുട്ടികളിൽ ഒരാളെ കർത്താവിനു വിട്ടുകൊടുക്കാനുള്ള ഒരാഗ്രഹം മാതാപിതാക്കന്മാർ ഹൃദയത്തിൽ സൂക്ഷിക്കുകയും പ്രാർത്ഥിക്കുകയും വേണം. ദാമ്പത്യസ്നേഹത്തിന്റെ മറ്റൊരു ഫലവും ഇതിനെക്കാൾ സുന്ദരമല്ലെന്ന് ഓർക്കണം. മാതാപിതാക്കന്മാർ സുവിശേഷമൂല്യങ്ങൾ അനുസരിച്ച് ജീവിച്ചാലേ മക്കൾക്ക് വിളി തിരിച്ചറിയാനും സ്വീകരിക്കാനും നേരിടേണ്ട ത്യാഗങ്ങളുടെ ആവശ്യം മനസ്സിലാക്കാനും കഴിയൂ. എന്തെന്നാൽ, കുടുംബത്തിലാണ് സുവിശേഷമൂല്യങ്ങളുടെയും ദൈവത്തിനും സഹോദരങ്ങൾക്കും ആത്മദാനമാകുന്ന സ്നേഹത്തിന്റെയും ആദ്യാനുഭവം കുട്ടികൾക്ക് ഉണ്ടാകുന്നത്. അത്യുന്നതമായ ആധ്യാത്മിക യാഥാർത്ഥ്യങ്ങൾക്കനുസൃതമായി ജീവിക്കുന്നതിന് മക്കൾ സജ്ജീകൃതരാകണം (cf. സമർപ്പിതജീവിതം, 107).

**ഉപസംഹാരം**

സമർപ്പിതരുടെ ഈ വർഷം സമർപ്പിതജീവിതം കൂടുതൽ അഗാധമായി മനസ്സിലാക്കാൻ ഇടയാകട്ടെ. സഭയിലെ വിവിധ സിദ്ധികളും ജീവിതാവസ്ഥകളും ക്രിസ്തുവിന്റെ ശരീരത്തെ പടുത്തുയർത്താനും സഭയ്ക്ക് ലോകത്തിലുള്ള ദൗത്യം നിർവഹിക്കാനുമായി പരിശുദ്ധാത്മാവ് നല്കുന്ന ദാനമാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കാനും ഇടയാകട്ടെ. സമർപ്പിതരായ സ്ത്രീപുരുഷന്മാർ സഭയോടും അവളുടെ പ്രബോധനാധികാരത്തോടും ഉള്ള സമ്പൂർണഐക്യത്തിൽ നമ്മുടെ കാലഘട്ടത്തിലെ പുതിയ വെല്ലുവിളികളെ ആധ്യാത്മികവും അപ്പസ്തോലികവുമായ രീതിയിൽ നേരിടാൻ തയ്യാറാകട്ടെ.

സമർപ്പിതവർഷം ഏറ്റവും വലിയ സമർപ്പിതയായ പരിശുദ്ധ കന്യകമറിയത്തെ അനുകരിച്ചുകൊണ്ട് ആചരിക്കാനും ആധ്യാത്മികവും അപ്പസ്തോലികവുമായ നവീകരണം സമർപ്പിതസമൂഹങ്ങൾക്ക് ഉണ്ടാകാനും ഇടയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

---

**NB:- ഈ സർക്കുലർ നവംബർ 23 ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

• • • •

## സമർപ്പിതരുടെ വർഷത്തിൽ പ്രായോഗികമായി ചെയ്യാവുന്ന കാര്യങ്ങൾ

1. സമർപ്പിതവർഷത്തിന്റെ കെ.സി.ബി.സി. തലത്തിലുള്ള ഉദ്ഘാടനം 2014 ഡിസംബർ 9-നാണ്. അഭിവന്ദ്യപിതാക്കന്മാരും കെ.സി.സി. അംഗങ്ങളും കെ.സി.എം.എസ്.-സി.ആർ.ഐ. ഭാരവാഹികളും കെ. സി.എം.എസ്. മേജർ സുപ്പീരിയേഴ്സും പങ്കെടുക്കും.

2. ഇതിനുശേഷം ഇടവകയിലും രൂപതയിലും ഓരോ ദിവസം ഉദ്ഘാടനം നടത്തുന്നത് അഭികാമ്യമാണ്. വിശുദ്ധ കുർബാന, പൊതുസമ്മേളനം എന്നിവ ഉചിതമാണ്.
3. സമർപ്പിതർക്കുവേണ്ടി ഈ വർഷം വിശുദ്ധ ബലിയിലെയും യാമപ്രാർത്ഥനകളിലെയും വിശ്വാസികളുടെ പ്രാർത്ഥനയിൽ കൂട്ടിച്ചേർക്കാൻ ഒരു പ്രാർത്ഥന പൊതുവായി തയ്യാറാക്കി നല്കുന്നു.
4. കുടുംബങ്ങളിൽ സമർപ്പിതർക്കുവേണ്ടി കുടുംബപ്രാർത്ഥനയോടുകൂടി പ്രാർത്ഥിക്കണം. അതിനുള്ള പ്രാർത്ഥന ഇതോടൊപ്പം അയയ്ക്കുന്നു.
5. ഇടവകയിൽ സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് ഒരു ദിവസം മാറ്റിവയ്ക്കുന്നത് നല്ലതാണ്. സമർപ്പിതരും, അല്മായരും, വൈദികരും ഒന്നിച്ച്, ദിവ്യബലി, യാമപ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന, ജപമാല. വിജിൽ... എന്നിവ നടത്താവുന്നതാണ്.
6. സമർപ്പിതദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ഈ വർഷം പ്രത്യേകം ശ്രദ്ധിക്കണം. അതിന് ചെയ്യാവുന്ന കാര്യങ്ങൾ.

a) പ്രത്യേകം പ്രാർത്ഥിക്കുക.
b) യുവതീയുവാക്കൾക്കും കൗമാരക്കാർക്കും സന്ന്യാസജീവിതത്തെക്കുറിച്ചും വിവിധ സന്ന്യാസസമൂഹങ്ങളെക്കുറിച്ചും പഠനശിബിരങ്ങളും ക്ലാസ്സുകളും സംഘടിപ്പിക്കുക.
c) ഇടവക - ഫൊറോന തലങ്ങളിൽ സമർപ്പിതദൈവവിളി സ്വീകരിച്ചിട്ടുള്ളവരെയും ഇടവകയിൽ പ്രവർത്തിക്കുന്ന സമർപ്പിതരെയും ഒന്നിച്ചുകൂട്ടി അനുമോദിക്കുക, അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരമൊരുക്കുക.
d) യുവതീയുവാക്കൾ സന്ന്യസ്തഭവനങ്ങൾ സന്ദർശിക്കാനും ജീവിതക്രമങ്ങൾ കണ്ടു മനസ്സിലാക്കാനും പ്രാർത്ഥിക്കാനും അവസരമൊരുക്കുക.

7. സമർപ്പിതരെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ പഠനവിഷയമാക്കുക. അവയെക്കുറിച്ച് പഠനശിബിരങ്ങളും ഉപന്യാസമത്സരങ്ങളും സംഘടിപ്പിക്കാവുന്നതാണ്. ഉദാ. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ: തിരുസ്സഭ, സന്ന്യസ്തജീവിതനവീകരണം. വിശുദ്ധ ജോൺപോൾ രണ്ടാമൻ: സമർപ്പിതജീവിതം, അധികാരവും ശുശ്രൂഷയും.
8. ഇടവക പ്രവർത്തനത്തിൽ സമർപ്പിതരെ സജീവമായി ഉൾപ്പെടുത്തുക. പ്രവർത്തനങ്ങൾ നിർദ്ദേശിച്ചു കൊടുക്കുക.
9. സമർപ്പിതർ, പ്രത്യേകിച്ച് സിസ്റ്റേഴ്സ് കുടുംബനവീകരണം ലക്ഷ്യം

വച്ച് പ്രവർത്തിക്കുക. കൗൺസലിങ്ങ്, ഹോം മിഷൻ, ധ്യാനങ്ങൾ എന്നിവ നടത്തുക.

10. ജോലിക്കായി വടക്കേഇന്ത്യയിൽനിന്ന് കേരളത്തിലേക്ക് വന്നിട്ടുള്ള വർക്ക് അജപാലനവും സുവിശേഷവും നീതിനിഷ്ഠമായ വേതനവും ജീവിതസൗകര്യങ്ങളും ഉറപ്പാക്കാൻ സമർപ്പിതർ പ്രവർത്തിക്കുക.

**റോമിൽ നടക്കുന്ന പരിപാടികൾ**

- 2014 നവംബർ 29: ജാഗരണപ്രാർത്ഥന: മാർപാപ്പാ നേതൃത്വം നല്കുന്നു.
- 2014 നവംബർ 30: സമർപ്പിതരുടെ വർഷം ഉത്ഘാടനം: ഫ്രാൻസീസ് മാർപാപ്പാ.
- 2015 ജനുവരി 22–24: വിവിധ ക്രൈസ്തവസമൂഹങ്ങളിൽപ്പെട്ട സമർപ്പിതരുടെ സംഗമം.
- 2015 ഏപ്രിൽ രണ്ടാമത്തെ ആഴ്ച: സന്ന്യാസപരിശീലനത്തെക്കുറിച്ച് കോൺഫ്രൻസ്.
- 2015 സെപ്തംബർ 23–26: സമർപ്പിതജീവിതത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കളുടെ സംഗമം.
- 2015 ഡിസംബർ 18–21: മൊണാസ്റ്റിക് ഓർഡറുകളിലും സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും പെട്ടവർക്ക് പ്രത്യേകം പ്രത്യേകം സെമിനാറുകൾ.
- 2016 ജനുവരി 28–ഫെബ്രുവരി 01: സമർപ്പിതജീവിതത്തെക്കുറിച്ച് ദൈവശാസ്ത്ര സെമിനാർ.
- 2016 ഫെബ്രുവരി 02: സമർപ്പിതരുടെ ദിനം: സമർപ്പിതരുടെ വർഷ സമാപനം.

**കെ.സി.എം.എസ്. സന്ന്യസ്തർക്കുവേണ്ടി പ്രത്യേകം കർമ്മപരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.**

1. സമർപ്പിതർ സഭയിൽ എന്ന വിഷയത്തെക്കുറിച്ച് സിംമ്പോസിയം.
2. കേരളസഭയും സമർപ്പിതരും എന്ന വിഷയത്തെക്കുറിച്ച് ഒരു പഠന ഗ്രന്ഥം തയ്യാറാക്കൽ.
3. കേരളത്തിലെ സെമിനാരികളിൽ സമർപ്പിതജീവിതത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കൽ.
4. സഭാതലത്തിലും രൂപതാതലത്തിലും യുവസമർപ്പിതരുടെ സംഗമം. യുവജനസംഘടനകളുടെ പ്രതിനിധികളും പങ്കെടുക്കും.
5. ആനുകാലിക സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ സമർപ്പിത ജീവിതത്തിൽ വരുത്തിയിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി കോൺഗ്രിഗേഷന്റെ ചൈതന്യവും സിദ്ധിയും നവീകരിക്കും.

# GEORGE CARDINAL ALENCHERRY

***Major Archishop of the Syro-Malabar Church***

Prot. No. 2015/2014 3 November 2014

Dear Archbishops and Bishops,

The XXII (2014) Session 1 decided to include the commemoration of St. Joseph in the invariable part of the *Onitha d'Raze* with prior approval of the Apostolic See. The Apostolic See has given
the recognition for this decision as follows:

By a letter of 26 February 2014 (Prot. No.383/2014), Your Beatitude sought the *recognitio* of the Holy See for the introduction of a commemoration of St. Joseph, Spouse of the Holy Mother of God, into the pre-anafora (invariable part of the *Onitha d'Razey* of the Taksa of the Qurbana of Mar Addai and Mari. This proposal corresponds to the deeply rooted devotion to the Guardian of Our Lord that is already found among the Syro-Malabar faithful. After due consideration, this Dicastery has no objection to the request, which seems particularly timely in our day as evidenced by a similar step recently taken in the Latin Church.

The Commission for Liturgy has given the formulation of the prayer including the name of St. Joseph as follows:

When recited : **പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമാതാവായ കന്യകാമറിയത്തിന്റെയും നീതിമാനായ മാർ യൗസേപ്പിന്റെയും സ്മരണ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.**

When sung : **താതനുമതുപോലാത്മജനും**
**ദിവ്യറൂഹായ്ക്കും സ്തുതിയെന്നും.**
**ദൈവാംബികയേയും**
**മാർ യൗസേപ്പിനെയും**
**സാദരമോർത്തീടാം**
**പാവനമീ ബലയിൽ**

Therefore, I hereby communicate to you that this change of prayer in the invariable part of the Onitha d'Raze of the Holy Qurbana will come into use from the First Sunday of the Mangalavarthakalam of 2014 onwards.

+ G Alencherry

**George Cardinal Alencherry -** Major Archbishop of the Syro-Malabar Church

# രൂപതാകച്ചേരി വാർത്തകൾ

## പൗരോഹിത്യം സ്വീകരിക്കുന്നവർ

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ ഡീക്കൻ മത്തായി (ഷിജോ) വേനക്കുഴിയിൽ, തൃശൂർ മേരി മാതാ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ ഡീക്കൻ ജോസഫ് (അനീഷ്) ആലുങ്കൽ, ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ ഡീക്കൻ ജോസഫ് (സിജോ) ഇളംകുന്നപ്പുഴ, ഡീക്കൻ ആന്റണി (സിബി) മാടപ്പള്ളിക്കുന്നേൽ, കോട്ടയം വടവാതൂർ സെമിനാരിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ഡീക്കൻ വർഗീസ് (നോബിൾ) പാറയ്ക്കൽ, ഡീക്കൻ അബ്രാഹം (ഷിന്റോ) പുലിക്കുഴിയിൽ, റോമിലെ മാത്തർഎക്ക്ളേസിയാ സെമിനാരിയിൽ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ഡീക്കൻ അനൂപ് (കുര്യാക്കോസ്) കാളിയാനിയിൽ എന്നിവർ ഡിസംബർ - ജനുവരി മാസങ്ങളിൽ തിരുപ്പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്നു. അവർക്ക് അനുമോദനങ്ങളും ആശംസകളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു. നമുക്ക് അവർക്ക് വേണ്ടി പ്രാർത്ഥിക്കാം.

**തിരുപട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും സമയവും താഴെ ചേർക്കുന്നു.**

2014 ഡിസം. 27 ഡീക്കൻ മത്തായി (ഷിജോ) വേനക്കുഴിയിൽ, പന്തിപൊയിൽ, രാവിലെ 9.30.

2014 ഡിസം. 29 ഡീക്കൻ ജോസഫ് (സിജോ) ഇളംകുന്നപ്പുഴ, ചുള്ളിയോട്, രാവിലെ 9.30.

2014 ഡിസം. 30 ഡീക്കൻ ജോസഫ് (അനീഷ്) ആലുങ്കൽ, മൺവയൽ രാവിലെ 9.30.

2014 ഡിസം. 30 ഡീക്കൻ ആന്റണി (സിബി) മാടപ്പള്ളിക്കുന്നേൽ, മച്ചിക്കൊല്ലി., ഉച്ചകഴിഞ്ഞ് 2.30.

2014 ഡിസം. 31 ഡീക്കൻ കുര്യാക്കോസ് (അനൂപ്) കാളിയാനിയിൽ, കൊട്ടിയൂർ, രാവിലെ 9.30.

2015 ജനു. 01 ഡീക്കൻ വർഗീസ് (നോബിൾ) പാറയ്ക്കൽ, കബനിഗിരി, രാവിലെ 9.30.

2015 ജനു. 03 ഡീക്കൻ അബ്രാഹം (ഷിന്റോ) പുലിക്കുഴിയിൽ, ചുങ്കക്കുന്ന്, രാവിലെ 9.30.

**അഭിനന്ദനങ്ങൾ**

മാനന്തവാടി രൂപതാ മിഷൻലീഗ് 2014 നവംബർ 8 ന് ഇടുക്കിയിൽ വച്ചു നടന്ന സംസ്ഥാന കലോത്സവത്തിൽ തുടർച്ചയായി 10-ാം തവണയും ചാമ്പ്യൻഷിപ്പ് നേടി. ഈ വിജയങ്ങളുടെ പിന്നിൽ പ്രവർത്തിച്ച മിഷൻലീഗ് രൂപതാ ഡയറക്ടർ ബഹു. ഫാ. സോണി വടയാപറമ്പിൽ, രൂപതാ, മേഖലാ, ശാഖാ ഭാരവാഹികൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, മിഷൻലീഗ് അംഗങ്ങൾ ഏവർക്കും രൂപത മുഴുവന്റെയും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**കൂരിയ അവധി**

ഡിസംബർ 23 മുതൽ ജനുവരി 3 വരെ രൂപതാ കച്ചേരിക്കും രൂപതാ ഓഫീസിനും അവധിയായിരിക്കും.

**വിവാഹ ഒരുക്ക കോഴ്സ്**

നോർത്തേൻ ആന്റ് സതേൺ അറേബ്യയിലെ അപ്പസ്തോലിക് വികാരിമാർ നടത്തുന്നതോ അംഗീകരിച്ചിരിക്കുന്നതോ ആയ വിവാഹ ഒരുക്ക കോഴ്സുകൾ സീറോമലബാർ സഭയിലും അംഗീകരിക്കണമെന്ന് 2013 ഓഗസ്റ്റിൽ നടന്ന മെത്രാൻമാരുടെ സിനഡിൽ തീരുമാനിച്ചിരുന്നു. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

## Appointment:

| | | |
|---|---|---|
| Rev . Fr. Sunil Vattukunnel | : | Diocesan Promoter of Deepika (w.e.f. 20th November 2014) |
| Rev. Fr. Joshy Manjakunnel | : | Associate Vicar, Thrikkaipetta (w.e.f. 30th November 2014) |

## New Address

Rev. Fr. Joseph Thayil Mathew

The Presbytery, Holy Trinity Roman Catholic Church,
41 Brook Green, W6 7BL,
Greater London, England, United Kingdom
Phone : 020 7603 3832 (o) ; Mob : 0044 7450971874 / 0044 7448794191
E-mail : josthayil@gmail.com, josephmathewsthayil@yahoo.com

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## Common Programmes in the year 2015

| Date | Programme | Venue |
|---|---|---|
| January 22 Thursday | New Priests' Reception | Bishop's House |
| February 2 Monday (Evening) 5 Thursday (Noon) | Young Priests Seminar | Pastoral Centre |
| February 8 Sunday | Appointment of New Priests | Bishop's House |
| February 14 Saturday | Pastoral Council | Pastoral Centre |
| February 18 Wednesday | Joint Meeting of Consultors and Finance Council | Bishop's House |
| February 28 Saturday | Meeting of the Office Bearers of Associations | Pastoral Centre |
| March 5 Thursday | Priests' Conference | Pastoral Centre |
| March 14 Saturday | Gathering of Religious | Pastoral Centre |
| March 30 Monday | Minor Orders of Major Seminarians | Minor Seminary |
| April 06 Monday | Death Anniversary of Bishop Emmanuel Pothanamuzhy | Cathedral |
| April 13 Mon -16 Thur | Major Seminarians' Gathering | Minor Seminary |
| May 02 Saturday | Diocesan Day Celebrations | Pastoral Centre |
| May 11 Monday | Minor Seminary Interview | Minor Seminary |
| May 12 Tuesday | Vestition of Major Seminarians | Minor Seminary |
| May 17Sunday | Transfer of Priests | |
| May 20 Wednesday | Meeting of Deacons & Parents | Bishop's House |
| June 10 Wednesday | Presbyteral Council | Bishop's House |
| July 16 Thursday | Meeting of Forane Vicars | Bishop's House |
| August 8 Saturday | Pastoral Council | Pastoral Centre |
| August 10 Monday | WSSS General Body | WSSS |
| August 12 Wednesday | Priests' Conference | Pastoral Centre |
| September 13 Sunday to 18 Friday | Priests' Retreat -First Batch | Pastoral Centre |
| September 20 Sunday to 25 Friday | Priests' Retreat -Second Batch | Pastoral Centre |
| November 1 Sunday | Benefactors' Day | Minor Seminary |
| November 24 Tuesday | Home Day | Minor Seminary |
| November 26 Thursday | Jubilee of Priests | Bishop's House |
| November 27-28 Fri - Sat | Eparchial Assembly | Pastoral Centre |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ബന്ധപ്പെട്ടവർ ദയവായി ഈ തീയതികൾ കുറിച്ചുവയ്ക്കുകയും പരിപാടികളിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അംഗങ്ങൾ എല്ലാവർക്കും സംബന്ധിക്കുവാനായി അന്നേ ദിവസങ്ങളിൽ സംഘടനകൾ പരിപാടികൾ സംഘടിപ്പിക്കാതിരിക്കുന്നത് ഉചിതമായിരിക്കും. അവിചാരിതമായ കാരണങ്ങളാൽ ഏതെങ്കിലും പ്രോഗ്രാമിൽ മാറ്റം വന്നാൽ രൂപതാ ബുള്ളറ്റിനിലൂടെയോ കത്ത് മുഖേനയോ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No.16276/2014***

## മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം തൃക്കൈപ്പറ്റയിൽ സെന്റ് ജോൺ പോൾ II ഇടവക സ്ഥാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി

മാനന്തവാടി രൂപതയിലെ തൃക്കൈപ്പറ്റ പ്രദേശത്ത് താമസിക്കുന്ന സീറോ മലബാർ വിശ്വാസികൾ ഏകദേശം എട്ട് കിലോമീറ്റർ ദൂരത്തുള്ള തെനേരി, വാഴവറ്റ, നെടുമ്പാല, എടപ്പെട്ടി എന്നീ ഇടവകകളുടെ പരിധി യിലായി ചിതറിക്കിടക്കുന്നു. ആയതിനാൽ ഈ പ്രദേശത്തുള്ള വിശ്വാസി സമൂഹത്തിന്റെ ആത്മീയ കാര്യങ്ങൾക്കായി പലപ്പോഴും ലത്തീൻ, മലങ്കര പള്ളികളെയാണ് ആശ്രയിച്ചുകൊണ്ടിരുന്നത്. ആയതിനാൽ ഈ പ്രദേശത്തുള്ള സീറോ മലബാർ വിശ്വാസികൾക്കായി ഒരു ഇടവക സ്ഥാപിക്കണമെന്ന് ഈ പ്രദേശത്ത് നിവസിക്കുന്ന വിശ്വാസികളുടെ ഏറെക്കാലമായുള്ള ആഗ്രഹമായിരുന്നു. കഴിഞ്ഞ പത്ത് വർഷത്തിനി ടയിൽ പല പ്രാവശ്യം ഈ ആവശ്യം ഉന്നയിക്കപ്പെട്ടിരുന്നു. സാഹ ചര്യങ്ങൾ അനുകൂലമല്ലാതിരുന്നതിനാൽ ഈ ആഗ്രഹം സഫലമാക്കാൻ സാധിച്ചിരുന്നില്ല. തൃക്കൈപ്പറ്റയിൽ ഒരു ഇടവക സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏറ്റവും ഒടുവിലായി 2014 ജൂൺ 26 ന് ഒരു പറ്റം വിശ്വാസികൾ നേരിൽ കണ്ട് എന്നെ അറിയിക്കുകയും തെനേരി ഇടവ കയിൽപ്പെട്ട 34 കുടുംബനാഥന്മാർ ഒപ്പിട്ട അപേക്ഷ എനിക്ക് നൽകു കയും ചെയ്തു. തുടർന്ന് രൂപതാകച്ചേരിയിലും 2014 ജൂലൈ മാസം 17 ന് രൂപതാ ആലോചനാസമിതിയിലും ഫിനാൻസ് കൗൺസിലിലും ഈ വിഷയം ചർച്ച ചെയ്യുകയും തെനേരി, വാഴവറ്റ, നെടുമ്പാല, എടപ്പെട്ടി എന്നീ ഇടവകകളിലെയും കൽപ്പറ്റ ഫൊറോന പള്ളിയിലെയും ബഹു. വികാരി അച്ചന്മാരുമായും ആലോചിക്കുകയും ഇടവക സ്ഥാപിക്കുന്ന

തിന് അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തു. വിവിധ സ്ഥലങ്ങൾ കണ്ടെത്തിയതിൽ നിന്നും, രൂപതാ ആലോചനാസമിതിയും ഫിനാൻസ് കൗൺസിലും ചേർന്ന് നിയോഗിച്ച സമിതി നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ തൃക്കൈപ്പറ്റയിൽ നെല്ലിമാളം പ്രദേശത്ത് ഒരു സ്ഥലം വാങ്ങുവാൻ തീരുമാനിക്കുകയും ചെയ്തു.

ഇക്കാര്യം അറിയിച്ചുകൊണ്ടും പുതിയ ഇടവകയിൽ ചേരാൻ താല്പര്യമുള്ളവരുടെ പേരുകൾ ക്ഷണിച്ചുകൊണ്ടും തെനേരി, വാഴവറ്റ, നെടുമ്പാല, എടപ്പെട്ടി എന്നീ ഇടവകകളിലേയ്ക്ക് ഞാൻ കത്തുകൾ അയച്ചിരുന്നു. കാരണം ഈ ഇടവകകളുടെ അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവരാണ് പുതിയ ഇടവകയിൽ വരേണ്ടിയിരുന്നത്. അക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കുകയും പൊതുയോഗത്തിൽ ചർച്ച ചെയ്ത് താല്പര്യമുള്ളവരുടെ പേരുകൾ രൂപതാകേന്ദ്രത്തിൽ നൽകുകയും ചെയ്തു. തെനേരി ഇടവകയിൽ നിന്ന് 25 ഉം വാഴവറ്റ ഇടവകയിൽ നിന്ന് 30 ഉം എടപ്പെട്ടി ഇടവകയിൽ നിന്ന് 1 ഉം നെടുമ്പാല ഇടവകയിൽ നിന്ന് 33 ഉം കുടുംബങ്ങളാണ് ഇങ്ങനെ പുതിയ ഇടവകയിൽ ചേരാൻ ഇതുവരെ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. അതനുസരിച്ച് തെനേരി ഇടവകയുടെ മാണ്ടാട്ട്-തൃക്കൈപ്പറ്റ പ്രദേശത്തുള്ള ഫ്രാൻസീസ് അസ്സീസി വാർഡ്, നെടുമ്പാല ഇടവകയുടെ ഉപ്പുപാറ-മുക്കംകുന്ന് വാർഡുകൾ, വാഴവറ്റ ഇടവകയുടെ നെല്ലിമാളം പ്രദേശത്തുള്ള 12 A, 12 B വാർഡുകൾ എന്നിവയാണ് പുതിയ ഇടവകയിൽ ഉൾപ്പെടുത്തിയ സ്ഥലങ്ങൾ.

ഇപ്രകാരം ഒരു ഇടവക സ്ഥാപനത്തിന് ആവശ്യമായ നയ്യാമിക കാര്യങ്ങൾ പൂർത്തീകരിച്ചിരിക്കുന്നതിനാലും ഈ ഇടവകയുടെ അതിർത്തിയിൽ വരുന്ന ദൈവജനത്തിന്റെ താല്പര്യം പരിഗണിച്ചും 2014 ആഗസ്റ്റ് 13 ന് ചേർന്ന വൈദിക സെനറ്റിന്റെ അഭിപ്രായവും സമ്മതവും പരിഗണിച്ചും രൂപതാ മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാരം ഉപയോഗിച്ചും 2014 ആഗസ്റ്റ് 15 മുതൽ തൃക്കൈപ്പറ്റയിൽ ഒരു ഇടവക സ്ഥാപിക്കുന്നു. സെന്റ് ജോൺ പോൾ II ചർച്ച്, തൃക്കൈപ്പറ്റ എന്നതായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം. ഈ രൂപതയിൽ ഉള്ള മറ്റ് ഇടവകകൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നുമുതൽ പ്രസ്തുത ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

താഴെ പറയുന്ന അതിർത്തിക്കുള്ളിൽ ഇപ്പോൾ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന 89 കുടുംബങ്ങളും ഇനി ഭാവിയിൽ ഈ അതിർത്തിയിൽ താമസക്കാരായി വരുന്ന സീറോ മലബാർ സഭാംഗങ്ങളും ഇനി

മുതൽ മേൽ ഇടവകയുടെ അംഗങ്ങളായിരിക്കും. ഈ പ്രദേശത്ത് താമസിക്കുന്നവരും പുതിയ ഇടവകയിൽ പേര് രജിസ്റ്റർ ചെയ്യാത്തവരുമായ സീറോമലബാർ സഭാംഗങ്ങൾ അവരവർ ഇപ്പോൾ ആയിരിക്കുന്ന ഇടവകകളിൽ അംഗങ്ങളായി തുടരുന്നതാണ്. എന്നാൽ ടി കുടുംബങ്ങൾക്ക് താല്പര്യമെന്ന് തോന്നുന്ന പക്ഷം പിന്നീട് പുതിയ ഇടവകയിൽ അംഗങ്ങൾ ആകാവുന്നതാണ്.

**അതിർത്തികൾ**

കിഴക്ക്: കുഴിവയൽ തോട്, ചേപ്പോട്ട് തോട്, തൂമുള്ളി തോട്

തെക്ക്: ചൂരക്കുനിവയൽ തോട്, കുണ്ടുവയൽ തോട്, ടീ എസ്റ്റേറ്റ്, കല്ലുമല റോഡ്

വടക്ക്: ചാച്ചുമ്മ തോട്, മാണ്ടാട് – മുട്ടിൽ റോഡ്, കുഞ്ഞുണ്ണിപ്പടി –മുട്ടിൽ മല റോഡ്

പടിഞ്ഞാറ്: മണിക്കുന്നുമല–ഫോറസ്റ്റ്, വേങ്ങചോല – ഫോറസ്റ്റ്

പുതിയ ഇടവകയിൽ സിമിത്തേരി ഇല്ലാത്തതിനാൽ അതാത് ഇടവകകളിൽനിന്ന് പുതിയ ഇടവകയിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്ന വാർഡുകളിൽ ഇപ്പോൾ താമസക്കാരായിട്ടുള്ളവരും പുതിയതായി ആ വാർഡുകളിൽ താമസക്കാരായി എത്തുന്നവരുമായ എല്ലാവരുടെയും മൃതസംസ്കാരം പുതിയ ഇടവകയിൽ സിമിത്തേരി ഉണ്ടാകുന്നതുവരെ ആ വാർഡുകൾ ഏതൊരു ഇടവകയുടെ ഭാഗമായിരുന്നോ ആ ഇടവകയിൽതന്നെ നടത്താൻ അനുവദിക്കുന്നു.


തൃക്കൈപറ്റ സെന്റ് ജോൺ പോൾ II ഇടവകയുടെ പ്രഥമ വികാരിയായി ബഹു. ജോസഫ് മുതിരക്കാലായിൽ അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെ തന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ഒരു ഇടവകയിലെ വിശ്വാസികളുടെ വിശ്വാസപരമായ വളർച്ചയ്ക്കും അജപാലനപരമായ പ്രവർത്തനങ്ങൾക്കും ആവശ്യമായ പാരീഷ് കൗൺസിൽ പോലുള്ള സമിതികളും കുട്ടികളുടെ വിശ്വാസ പരിശീലനത്തിന് ആവശ്യമായ കാര്യങ്ങളും ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളും കാലക്രമേണ ആരംഭിക്കേണ്ടതാണ്.

പുതിയ ഇടവകയുടെ സ്ഥാപനത്തിനായി യത്നിച്ചിട്ടുള്ള എല്ലാവരേയും, പ്രത്യേകിച്ച് തെനേരി, വാഴവറ്റ, നെടുമ്പാല, എടപ്പെട്ടി എന്നീ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും ഇടവകാംഗങ്ങ


ളെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. തെനേരി ഇടവകയുടെ അധീനതയിൽ ഉണ്ടായിരുന്ന കെ.കെ.ജംഗ്ഷൻ ഭാഗത്തെ ഒന്നേമുക്കാൽ സെന്റ് സ്ഥലം തൃക്കൈപ്പറ്റ ഇടവകയ്ക്ക് വിട്ടുനൽകിയ തെനേരി ഇടവകയെ പ്രത്യേകം അഭിനന്ദിക്കുന്നു.


പുതിയ ഇടവകയ്ക്കായി അര ഏക്കർ സ്ഥലം സംഭാവനയായും രണ്ട് ഏക്കർ സ്ഥലം വിലയ്ക്കും നൽകിയ ശ്രീമതി ഷേർളി നെടുമ്പാറയെയും കുടുംബത്തെയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. അവർക്ക് ധാരാളം ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. പുതിയ ഇടവകയുടെ ബഹു. വികാരിയച്ചനെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ വി.ജോൺ പോൾ രണ്ടാമൻ വഴി ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്നും 2014 ഓഗസ്റ്റ് മാസം 15–ന് നൽകപ്പെട്ടത്.




**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ



# ലഹരിവിമുക്ത വർഷാചരണം
## 2014-2015

### ലഹരി രഹിത ക്രിസ്തുമസ്

ലഹരി വിമുക്ത വർഷാചരണത്തിൽ സമ്പൂർണ്ണ ലഹരി വിമുക്ത ക്രിസ്തുമസ് ആഘോഷങ്ങൾ നമ്മുടെ ലക്ഷ്യമാക്കാം. ഡിസംബർ ഒന്ന് മുതൽ 25 നോമ്പ്കാലം ലഹരിവിമുക്ത കുടുംബങ്ങൾക്കായി തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. സന്തോഷവും സമാധാനവും നിറഞ്ഞ ഒരു ക്രിസ്തുമസ് ആഘോഷങ്ങൾക്കായി ഒരുങ്ങാം. ബഹു. വികാരിയച്ചന്മാരും ഇടവക ലഹരിവിമുക്ത വർഷാചരണ കമ്മറ്റിയും ഏറെ ഉണർവ്വോടെ നേതൃത്വം നൽകുമല്ലോ.

### ക്രിസ്തുമസ് കാർഡുകൾ

ലഹരിവിമുക്തവർഷാചരണത്തിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും എത്തിക്കുന്നതിനായി ക്രിസ്തുമസ് കാർഡുകൾ തയ്യാറാക്കി നവംബർ 29 ന് മുമ്പായി ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. എല്ലാ ഇടവകകളും നവംബർ 29 ന് ക്രിസ്തുമസ് കാർഡുകൾ ഫൊറോന കേന്ദ്രത്തിൽ നിന്ന് ശേഖരിച്ച് എല്ലാ ഭവനങ്ങളിലും എത്തിക്കാൻ ശ്രദ്ധിക്കണേ. അഭിവന്ദ്യ പിതാവിന്റെ സന്ദേശം വീടുകളിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം.

### കോർ കമ്മറ്റി യോഗം

ലഹരിവിമുക്ത വർഷാചരണ കോർകമ്മറ്റി യോഗം 9-11-2014 ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു.

### തീരുമാനങ്ങൾ

1. ഡിസംബർ 7 ന് ഞായർ 2 മണിക്ക് രൂപതാ എക്സിക്യൂട്ടീവ് യോഗം ചേരുക.
2. ഡിസംബർ 13 ന് ശനി രാവിലെ 10 മുതൽ 1 pm വരെ രൂപതാ സെൻട്രൽ കമ്മറ്റി യോഗം ചേരുക.
3. അഭിവന്ദ്യ പിതാവിന്റെ സന്ദേശം ഉൾക്കൊള്ളുന്ന ക്രിസ്തുമസ് കാർഡ് എല്ലാ ഭവനങ്ങളിലും എത്തിക്കുക.

4. ലഹരി വിമുക്ത വർഷാചരണത്തിന്റെ സമാപനം 2015 ഫെബ്രുവരി 27 ന് നടത്തുക.
5. എ. എ. ഗ്രൂപ്പ് അംഗങ്ങളുടെ രൂപതാ കൂട്ടായ്മ സംഘടിപ്പിക്കുക.

**മികച്ച ഫൊറോന, ഇടവക തെരഞ്ഞെടുപ്പ്**

രൂപതാ കേന്ദ്രത്തിലേക്ക് നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലഹരിവിമുക്ത വർഷാചരണത്തിന്റെ മികച്ച ഫൊറോന, മികച്ച ഇടവകകൾ എന്നിവ തെരഞ്ഞെടുക്കുന്നതാണ്.

**ഫൊറോന വാർത്തകൾ - കല്ലോടി**

ലഹരി വിമുക്ത വർഷാചരണത്തിന്റെ ഭാഗമായി ഇടവക വാർഡ് പ്രതിനിധികളെയും ഭാരവാഹികളെയും ഉൾപ്പെടുത്തി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അർദ്ധദിന കൺവെൻഷൻ നടത്തി. ബഹു. സണ്ണി മഠത്തിലച്ചൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ബഹു. അബ്ദുൾ റഹീം മുസ്ലിയാർ ലഹരിവിമുക്ത പ്രവർത്തനങ്ങളിൽ സാമൂദായിക മതസംഘടനകളുടെ പങ്ക് എന്ന വിഷയത്തിൽ ക്ലാസ്സ് എടുത്തു. തുടർന്ന് രണ്ടാം ഘട്ട പ്രവർത്തന രൂപരേഖ തയ്യാറാക്കി. ഫൊറോന ഭാരവാഹികളായ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ജെയിംസ് പുതുശ്ശേരി, ജോയി പരിയാരത്ത്, സി. മേഴ്സി എഫ്. സി. സി., അബ്രാഹം പുത്തനങ്ങാടി എന്നിവർ നേതൃത്വം നൽകി.

3-10-2014 ന് മേഖലസമിതി യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ഞങ്ങളുടെ കുടുംബം ലഹരിവിമുക്ത കുടുംബം എന്ന സ്റ്റിക്കർ നിർമ്മിക്കുക, മേഖലാ റാലിയും പൊതുസമ്മേളനവും നടത്തുക, പ്രാദേശിക ജാഗ്രതാ സമിതികൾ രൂപീകരിക്കുക തുടങ്ങിയ തീരുമാനങ്ങൾ കൈക്കൊണ്ടു.

**ഇടവക പ്രവർത്തനങ്ങൾ - ചുള്ളിയാന**

ഒക്ടോബർ മാസം ആദ്യവെള്ളി ഉപവാസ ജാഗരണ പ്രാർത്ഥനാ ദിനമായി ആചരിച്ചു. 10 ദിവസ ജപമാല ലഹരിവിമുക്ത നിയോഗാർത്ഥം നടത്തി. മേഖലാ കൺവെൻഷനിൽ 15 പേർ പങ്കെടുത്തു. മുഖ്യമന്ത്രി, എക്സൈസ് മന്ത്രി, പട്ടികജാതി ക്ഷേമ മന്ത്രി എന്നിവർക്ക് നിവേദനം സമർപ്പിച്ചു. ഇടവകയിൽ വിവിധ മതസ്ഥരെ ഉൾപ്പെടുത്തി ജാഗ്രതാ സമിതി രൂപീകരിച്ചു.

**കല്ലോടി**

കുട്ടികൾ വചനസന്ദേശം നൽകുന്നു. ലഹരികിസ്സ് പുസ്തകം വീടുകളിൽ വിതരണം ചെയ്തു. ലഹരിവിരുദ്ധ റാലി നടത്തി. ഫ്ളക്സ് ബോർഡ് സ്ഥാപിച്ചു.

**വഞ്ഞോട്**

സർവ്വേ, സൺഡെ സ്കൂൾ വിദ്യാർത്ഥികൾക്ക് ബൈബിൾ ക്വിസ്, തെരുവ് നടാകം എന്നിവ നടത്തുവാൻ തീരുമാനിച്ചു.

**പനവല്ലി**

വിമുക്തി എന്ന പേരിൽ കൈയ്യെഴുത്ത് മാസിക പുറത്തിറക്കി. കെസിവൈഎം നേതൃത്വത്തിൽ മദ്യവിരുദ്ധ സെമിനാർ നടത്തി. മദ്യ വിപത്ത് ചിത്രീകരിക്കുന്ന ബാനർ പ്രദർശിപ്പിച്ചു. കുട്ടികളുടെയും മുതിർന്നവരുടെയും സ്കിറ്റ് അവതരിപ്പിച്ചു. പ്രത്യേക നിയോഗാർത്ഥം കൊന്തനമസ്കാരം നടത്തി.

**നെടുമ്പാല**

ഇടവകസർവ്വേ നടത്തി. പ്രത്യേക പ്രാർത്ഥന, വാർഡുപ്രാർത്ഥന യോടനുബന്ധിച്ച് സി. ഡി. പ്രദർശനം, എല്ലാ ഞായറാഴ്ചയും കുട്ടി കൾ ലഹരിവിരുദ്ധ പ്രസംഗം നടത്തുന്നു. വെള്ളിയാഴ്ച ആരാധനക ളിൽ പ്രത്യേക പ്രാർത്ഥന എന്നിവ നടത്തുന്നു. ഒരു വ്യക്തിയെ ചികി ത്സയ്ക്കയച്ചു.

**യവനാർകുളം**

ലഹരിവിരുദ്ധസന്ദേശം എല്ലാ ഞായറാഴ്ചയും ഓരോ കുട്ടിവീതം ഓരോ മാസവും ഓരോ വിഷയത്തെ (മയക്കുമരുന്നുകൾ, സിഗരറ്റ്, ബീഡി, മദ്യം etc.) അടിസ്ഥാനപ്പെടുത്തി സന്ദേശങ്ങൾ നൽകുന്നു. ഇടവകാതിർത്തിയിലുള്ള 3 കവലകളിൽ ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന സ്കിറ്റ്, ഷോർട്ട്ഫിലിം, പ്രസംഗം തുടങ്ങിയവയിലൂടെ കാഹളപ്രോഗ്രാം നടത്തി. ലഹരിവിരുദ്ധ സന്ദേശം നൽകുന്ന കൊളാഷ് പ്രദർശിപ്പിച്ചു.

## KCBC മദ്യവിരുദ്ധ സമിതി സംസ്ഥാനസമ്മേളനം

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന സമ്മേളനം 2014 ഡിസം ബർ 5-ന് വെള്ളിയാഴ്ച കോട്ടയം മാമ്മൻമാപ്പിള ഓഡിറ്റോറിയത്തിൽ നടത്തും. പ്രതിനിധിസമ്മേളനം, പൊതുസമ്മേളനം എന്നിവയുണ്ടായി രിക്കും. അഭിവന്ദ്യപിതാക്കന്മാർ, സാമൂഹിക സാംസ്കാരിക നേതാക്ക ന്മാർ പങ്കെടുക്കും.

## സെമിനാർ മേപ്പാടി GHSS

കുട്ടികൾക്കായി അർദ്ധദിന സെമിനാർ നടത്തി. ഇരുന്നൂറോളം കുട്ടികൾ പങ്കെടുത്തു. ഹെഡ്മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

## പൊതുജന സായാഹ്ന ബോധവത്ക്കരണ പരിപാടി

കെസിബിസി മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതാ സമിതിയുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി വൈകുന്നേരം 6 മുതൽ 8 വരെ സായാഹ്ന ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുന്നു. ചെറിയ ടൗണുകൾ, കവലകൾ എന്നിവിടങ്ങളിൽ, വീഡിയോ പ്രദർശനം, സ്ലൈഡ്പ്രദർശനം എന്നിവയിലൂടെയാണ് പരിപാടി നടത്തുന്നത്. താൽപ്പര്യമുള്ള ഇടവകകൾ രൂപതാ ഡയറക്ടറുമായി ബന്ധപ്പെടുക.

## ലഘുലേഖ വിതരണം

ഇടവകകളുടെ ആവശ്യപ്രകാരം കുടുംബങ്ങളിൽ വിതരണം ചെയ്യാനുള്ള ലഘുലേഖകൾ ഓഫീസിൽ തയ്യാറായിട്ടുണ്ട്.

## രൂപതാ ഡയറക്ടറുടെ ഇടവക സന്ദർശനം

| | | |
|---|---|---|
| നവംബർ 2 ഞായർ | – | വാഴവറ്റ |
| നവംബർ 9 ഞായർ | – | നെടുംമ്പാല |
| നവംബർ 16 ഞായർ | – | കൊളവയൽ |
| നവംബർ 23 ഞായർ | – | മൂലങ്കാവ് |
| നവംബർ 30 ഞായർ | – | കുറുമ്പാലക്കോട്ട |

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ സെക്രട്ടറി, ലഹരിവിമുക്തവർഷം

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് 2014 സമ്മാന വിതരണം**

2014 ലോഗോസ് പരീക്ഷയിൽ രൂപതാ തലത്തിൽ 1, 2, 3 സ്ഥാനങ്ങൾ നേടിയ എല്ലാ വിഭാഗങ്ങൾക്കുമുള്ള സമ്മാന വിതരണം 2014 ഡിസംബർ മാസം 20-ന് 11 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ. സമ്മാനാർഹരായവർ അന്നേ ദിവസം ദ്വാരകയിൽ എത്തേണ്ടതാണ്.

**ബൈബിൾ ക്ലാസ്**

അടുത്ത മാസങ്ങളിലെ ബൈബിൾ ക്ലാസ്സിന്റെ തീയതികൾ ചുവടെ ചേർക്കുന്നു. ബഹു. വൈദികർ തീയതികൾ ഡയറിയിൽ കുറിച്ചിടാൻ മറക്കരുതെ.

| | | | |
|---|---|---|---|
| 2014 | December | - | 2 |
| 2015 | January | - | 15 |
| 2015 | February | - | 19 |
| 2015 | March | - | 10 |
| 2015 | April | - | 7 |
| 2015 | May | - | 14 |

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

## വൈദികരുടെ മാസധ്യാനം

**കല്ലോടി ഫൊറോന**

കല്ലോടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ഒക്ടോബർ 7-ാം തീയതി മക്കിയാട് സെന്റ് ജൂഡ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതാ വൈദികരും സന്യാസവൈദികരുമായി ഇരുപത്തിയൊന്ന് പേർ സംബന്ധിച്ചു. മക്കിയാട് മലയിൽ കുടിൽകെട്ടി തപസ് ധ്യാനം നടത്തുന്ന ഫാ. ബിനോയ് CssR ധ്യാനചിന്തകൾക്കും ആരാധനയ്ക്കും നേതൃത്വം നൽകി. വേദപാഠം +2 വിദ്യാർത്ഥികളുടെ സംഗമം ഡിസംബർ 13 ന് നടത്താൻ തീരുമാനിച്ചു. യുവജനങ്ങളുടെ നിസ്സഹകരണം മൂലം കെ.സി.വൈ.എം. ന്റെ കലാമത്സരങ്ങൾ 3 വർഷത്തിൽ ഒരിക്കൽ നടത്തിയാൽ മതിയെന്ന് കെ.സി.വൈ.എം. ന്റെ രൂപതാ നേതൃത്വത്തോട് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു. മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 18-ാം തീയതി ശനിയാഴ്ച ജപമാലറാലി പുതിയിടംകുന്ന് പള്ളിയിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു.

നവംബർ മാസത്തെ മാസധ്യാനം നിരവിൽപുഴ ഏലിയാസ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. മക്കിയാട് ധ്യാനകേന്ദ്രത്തിലെ ബഹു. പിയോ അച്ചൻ ധ്യാനചിന്തകൾക്കും ആരാധനയ്ക്കും നേതൃത്വം നൽകി. CCF ന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന 'അഭിരുചി 2014' എന്ന ടാലന്റ് ടെസ്റ്റിൽ ഇടവകയിൽ നിന്നും കുട്ടികളെ പങ്കെടുപ്പിക്കണമെന്ന് ഓർമ്മിപ്പിച്ചു. അടുത്തമാസധ്യാനം മംഗലശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വെച്ച് ഡിസംബർ 9-ന് നടത്താൻ തീരുമാനിച്ചു.

**ഫാ. ഷിജു ഐക്കരക്കാനായിൽ**
(സെക്രട്ടറി)

## മതബോധനരംഗം

### ക്രിസ്തുമസ് ആശംസകൾ

സ്വർഗ്ഗം അസൂയപ്പെട്ട നിമിഷമായിരുന്നത്. ഇന്നലെവരെ തന്റെ സ്വന്തമായിരുന്നവൻ ഇന്ന് ഭൂമിയുടെ മടിത്തട്ടിൽ പുൽക്കൂടിന്റെ തണലിൽ വൈക്കോലിന്റെ ചൂടും പറ്റി ശാന്തനായി ഉറങ്ങുന്നു.

തന്നിലേയ്ക്ക് സദാ മനുഷ്യനെ ആകർഷിക്കുന്ന ദൈവത്തെ അന്വേഷിച്ചിറങ്ങുന്നവർക്ക് അവൻ സ്വയം വെളിപ്പെടുത്തുന്നു. ഒരു നക്ഷത്രത്തിന്റെ ഉറപ്പിൽ ദൈവത്തെ കാണുവാൻ മോഹിച്ചിറങ്ങി തിരിച്ചവരാണ് പൗരസ്ത്യജ്ഞാനികൾ. എന്നിട്ടവർ ഒരു കുടിലിൽ അവിടുത്തെ കണ്ടെത്തുകയും ആരാധിക്കുകയും ചെയ്യുന്നു. ദൈവത്തെ അന്വേഷിക്കുന്നവർക്ക്, ഈ ദൈവാന്വേഷണത്തിൽ സഹായകമാകുന്ന വിശ്വാസ പരിശീലകർക്ക്, എല്ലാവർക്കും ഈശോയുടെ പിറവിത്തിരുനാളിന്റെ മംഗളങ്ങൾ.

### അർദ്ധവാർഷിക പരീക്ഷ

ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷ ഡിസംബർ 28-ാം തീയതിയാണ്. പരീക്ഷാഫലം വിശകലനം ചെയ്ത് ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനങ്ങളും നൽകുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. പരീക്ഷ ആരംഭിക്കേണ്ട സമയം 11.30 ആണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. I-X ക്ലാസ്സുകൾക്ക് 2 മണിക്കൂറും XI-XII ക്ലാസ്സുകൾക്ക് യൂണിവേഴ്സിറ്റി നിർദ്ദേശപ്രകാരം 3 മണിക്കൂറും ആയിരിക്കും പരീക്ഷാ സമയം.

### ചോദ്യപേപ്പർ

ഡിസംബർ 26 ന് രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 വരെ രൂപതാ മതബോധന ഓഫീസിൽ നിന്നും മാനന്തവാടി സെന്റ് ജോസഫ്സ് ബുക്ക് സ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

### DCC ക്ലാസ്സ്

മണിമൂളി-ഗൂഡല്ലൂർ റീജിയണിൽ നിന്നും DCC യ്ക്ക് രജിസ്റ്റർ

ചെയ്ത കുട്ടികളുടെ ഒന്നാം സെമസ്റ്റർ ക്ലാസ്സ് ഡിസംബർ 29-ാം തീയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. സമയം 10.00 am മുതൽ 4.00 pm വരെ.

**HDC കോൺടാക്ട് ക്ലാസ്സ്**

HDC രണ്ടാം വർഷക്കാരുടെ ക്ലാസ്സ് (പ്രോജക്ട് - സംശയനിവാരണം) ഡിസംബർ 6-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

HDC ഒന്നാം വർഷക്കാരുടെ രണ്ടാമത്തെ കോൺടാക്റ്റ് ക്ലാസ്സ് ഡിസംബർ 6 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**+2 സംഗമം**

+2 വിദ്യാർത്ഥികളുടെ സംഗമം നവംബർ 2 ന് മുള്ളൻകൊല്ലി മേഖലയിലും നവംബർ 9 ന് പയ്യമ്പള്ളി മേഖലയിലും നവംബർ 16 ന് മാനന്തവാടി മേഖലയിലും നവംബർ 23 ന് ബത്തേരി മേഖലയിലും നവംബർ 30 ന് നടവയൽ മേഖലയിലും നടത്തപ്പെട്ടു. പങ്കെടുത്ത കുട്ടികൾക്ക് അഭിനന്ദനങ്ങൾ. മേഖലയിൽ എല്ലാം ഭംഗിയായി ക്രമീകരിച്ച മേഖലാ ഡയറക്ടർമാരായ ബഹു. അബ്രാഹം നാടുകുന്നേൽ അച്ചനും ബഹു. ഷാജി മൂത്തേടത്ത് അച്ചനും ബഹു. ചാക്കോ മേപ്പുറത്ത് അച്ചനും ബഹു. ബാബു മൂത്തേടത്ത് അച്ചനും ബഹു. ശാന്തിദാസ് അച്ചനും മേഖലാ സെക്രട്ടറിമാർക്കും അദ്ധ്യാപകർക്കും നന്ദി. ഡിസംബർ 7 ന് തരിയോട് മേഖലയുടെയും ഡിസംബർ 13 ന് കല്ലോടി മേഖലയുടെയും ഡിസംബർ 21 ന് ഗൂഡല്ലൂർ റീജിയണിന്റെയും സംഗമങ്ങൾ നടക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ +2 സംഗമത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത കുട്ടികളുണ്ടെങ്കിൽ ഡിസംബർ 13 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്ന കല്ലോടി മേഖലയുടെ +2 സംഗമത്തിൽ പങ്കെടുക്കണം. ഇതിൽ പങ്കെടുക്കാത്തവർക്ക് യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ അർഹത ഉണ്ടായിരിക്കുകയില്ല.

**ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം**

ജനുവരി 10 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ബഹു. വികാരിയച്ചന്മാരുടെയും പ്രധാനാധ്യാപകരുടെയും സംയുക്ത സമ്മേളനം നടത്തപ്പെടുന്നതാണ്. പ്രധാനാധ്യാപകർ നിർബന്ധമായും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. പ്രധാനാധ്യാപകർ അന്നേദിവസം വരുമ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യപേപ്പറിന്റെ ഈ വർഷത്തെ വില കൊണ്ടുവരണം.

ഡിപ്ലോമ (X), സ്കോളർഷിപ്പ് (IV, VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് ഓഫീസിൽ ഏൽപ്പിക്കണം. HCC ഹാൾടിക്കറ്റ് കൈപ്പറ്റുകയും ചെയ്യണം.

**HCC (XI, XII) പരീക്ഷ**

HCC വാർഷിക പരീക്ഷ ഫെബ്രുവരി 8 നാണ്. പരീക്ഷയിൽ പങ്കെടുക്കുവാൻ കുറഞ്ഞത് 80% ഹാജർ കുട്ടികൾക്ക് ഉണ്ടായിരിക്കണം. +2 സംഗമത്തിൽ പങ്കെടുത്തിട്ടുണ്ടാവുകയും വേണം. പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിരിക്കുന്ന കുട്ടികളിൽ രൂപതയിൽ നിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി കോഴ്സിൽ പങ്കെടുത്തവർക്ക് പരീക്ഷ എഴുതാവുന്നതാണ്.

**ഫൊറോന വാർത്തകൾ - നടവയൽ ഫൊറോന**

നടവയൽ ഫൊറോനയിലെ മതാധ്യാപകരുടെ സംഗമം വാളവയൽ ശാന്തിധാരയിൽ 16-11-2014 ഞായറാഴ്ച രാവിലെ 9.00 ന് വി. കുർബാനയോടുകൂടി ആരംഭിച്ചു. റവ. ഫാ. ജോസ് കുളിരാനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം റവ. ഫാ. ശാന്തിദാസ് മുതുകാട്ടിൽ ഉദ്ഘാടനം ചെയ്തു. വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങൾ റവ. ഫാ. ഷാജി മുളകുടിയാങ്കൽ വിതരണം ചെയ്തു. 20 വർഷത്തിനുമേൽ സേവനം ചെയ്തുകൊണ്ടിരിക്കുന്ന 15 മതാധ്യാപകരെ യോഗത്തിൽ ആദരിച്ചു. യോഗത്തിൽ ഫൊറോന സെക്രട്ടറി ശ്രീ. ജോസ് താഴത്തേൽ, സി. ഗ്രേയ്സ് മരിയ സി.എം.സി., ജെയ്സൺ വാഴപ്പിള്ളി, ഫ്രാൻസീസ് കുഴിക്കാട്ടിൽ, റവ. ഫാ. ജോസഫ് പരുവുമ്മേൽ, റവ. ഫാ. ജോയി പുല്ലൻകുന്നേൽ, റവ. ഫാ. ജോസ് പൂവ്വത്തിങ്കൽ എന്നിവർ ആശംസാ സന്ദേശം നൽകി. റവ. ഫാ. ജോബി കാരക്കാട്ട് (നിർമ്മലഗിരി കോളേജ് തലശ്ശേരി) ന്റെ ക്ലാസ്സും തുടർന്ന് കുടുംബത്തിൽ വിശ്വാസപരിശീലനം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ പൊതുചർച്ചയും നടന്നു. ചർച്ചകൾക്ക് ശ്രീ. മാത്യു ഐക്കരമറ്റം നേതൃത്വം നൽകി. ശ്രീ. സേവ്യർ പെരാമംഗലം സ്വാഗതവും ശ്രീ. മനോജ് നെല്ലിയാനി നന്ദിയും പറഞ്ഞു. 196 മതാധ്യാപകർ പങ്കെടുത്തു. 4 മണിക്ക് സംഗമം അവസാനിച്ചു. സംഗമത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വികാരി അച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും പ്രത്യേകം നന്ദി പറയുന്നു.

**നിറക്കൂട്ട് 2014 വിജയികൾ**

**I**

1) ആൻമരിയ ചാത്തംകണ്ടത്തിൽ - കല്ലുവയൽ, 2) അൽഫോൻസ തട്ടത്തുപറമ്പിൽ - കണിയാമ്പറ്റ, 3) അഭിന വാഴപ്പള്ളിൽ - കണിയാമ്പറ്റ

**II**

1) ആൻസില തൈപറമ്പിൽ - കല്ലുവയൽ, 2) അലൈന ഇരട്ടമുണ്ടയ്ക്കൽ - നടവയൽ, 3) ബിബിയ തുമ്പിയാംകുഴി - പറളിക്കുന്ന്

**III**

1) തേജസ് പൂവാറ്റിൻചിറയിൽ - നടവയൽ, 2) മിഷേൽ തീയാട്ടുപറമ്പിൽ - അരിഞ്ചേർമല, 3) സായൂജ് അരിംമ്പുള്ളിൽ - ചുണ്ടക്കര

**IV**

1) ലിയ പാലക്കലോടി - അരിഞ്ചേർമല, 2) അലൻ ഇരട്ടമുണ്ടക്കൽ-നടവയൽ 3) ലിനോ നെല്ലിയാനിയിൽ-പറളിക്കുന്ന്

**V**

1) അനൈന മുത്തോക്കാട്ട് - പനമരം, 2) അമൽ വാത്താച്ചിറ - നടവയൽ, 3) അതുൽ വരത്തനാൽ - നടവയൽ

**VI**

1) മരിയ കിഴക്കേതുണ്ടത്തിൽ - നടവയൽ, 2) ജീവ പുത്തൻപുരയിൽ - നടവയൽ, 3) ആവ്യ മൂലാശ്ശേരിൽ - വിളമ്പുകണ്ടം

**VII**

1) ടോമിൻ പുത്തൻപുരയിൽ - നടവയൽ, 2) ദിൽന പ്ലാശനാൽ - ചുണ്ടക്കര, 3) അഖില തൈപറമ്പിൽ - വിളമ്പുകണ്ടം

**VIII**

1) അൻസ് കളർതൊട്ടിയിൽ - നടവയൽ, 2) ജിഷ മൈലപറമ്പിൽ - നടവയൽ, 3) ആർദ്ര പാലംപറമ്പിൽ - പറളിക്കുന്ന്

**IX**

1) അജിൽ പയ്യനാട്ട് - കുറുമ്പാലക്കോട്ട, 2) ഷാലറ്റ് പുളിയോരത്ത് - ചുണ്ടക്കര, 3) നമിത മാലാന - പറളിക്കുന്ന്

**X**

1) ഡോൺ വെണ്ണയപ്പള്ളിൽ - നടവയൽ, 2) മെറിൻ ഇരട്ടമുണ്ടക്കൽ - നടവയൽ, 3) ഡോനിജ ഇടയകൊണ്ടാട്ട് - നടവയൽ

**XI**

1) അലൻ വാഴയിൽ - അരിഞ്ചേർമല, 2) പ്രിൻസ് വാഴയിൽ - അരിഞ്ചേർമല, 3) അജീഷ് പാറപ്പുറത്ത് - കുറുമ്പാലക്കോട്ട

**XII**

1) അക്ഷയ് കദളിക്കാട്ടിൽ - വിളമ്പുകണ്ടം, 2) സനിഗ കൂനംമാക്കിൽ - കണിയാമ്പറ്റ

**നേഴ്സറി**

1) ജിനോ നെല്ലിയാനിയിൽ - പറളിക്കുന്ന്, 2) ആഷ്ലി മരിയ കദളിക്കാട്ടിൽ - വിളമ്പുകണ്ടം, 3) ഡിയ ഇട്ടംപറമ്പിൽ - പറളിക്കുന്ന്

**അദ്ധ്യാപകർ**

1) സി. റെജീന സി.എം.സി - നടവയൽ, 2) സി. എൽസിലറ്റ് എഫ്. സി. സി. - പറളിക്കുന്ന്, 3) സി. ഷീനപോൾ എസ്. കെ. ഡി. - വിളമ്പുകണ്ടം

**സാഹിത്യമത്സരം (അദ്ധ്യാപകർ) - ഉപന്യാസം**
1) സി. അഞ്ജലി സി. എം. സി. - കേണിച്ചിറ, 2) ജോസ് മഠത്തിൽ - കേണിച്ചിറ, 3) നീതു ചാക്കോ പുന്നമറ്റത്തിൽ - പറളിക്കുന്ന്
**കവിത**
1) വത്സ കാരത്തറ - പനമരം, 2) വത്സ വരിക്കാനായിൽ - വിളമ്പുകണ്ടം, 3) ഷൈനി പുതുശ്ശേരിയിൽ - കുറുമ്പാലക്കോട്ട
**ചെറുകഥ**
1) സി. അഞ്ജലി സി. എം. സി - കേണിച്ചിറ, 2) ലില്ലി കുറുമ്പാലക്കാട്ട് - ചെറുകാട്ടൂർ, 3) ആൻസി ഓലിക്കൽ - ചെറുകാട്ടൂർ
**തിരക്കഥ**
1) ഹണി പെരികിലംതറപ്പേൽ - പറളിക്കുന്ന്, 2) അലക്സ് മുരിങ്ങമറ്റം - പനമരം, 3) സി. എൽസിലിറ്റ് എഫ്. സി. സി. - പറളിക്കുന്ന്
**ഉപന്യാസം (കുട്ടികൾ)**
1) ലിനു കരിക്കേടത്ത് - നടവയൽ, 2) അഞ്ചു പുല്ലന്താനിക്കൽ - കുറുമ്പാലക്കോട്ട, 3) ജിതിൽ മാത്യു - നടവയൽ
**കവിത**
1) ഇന്ദു മല്ലപ്പള്ളിൽ - പറളിക്കുന്ന്, 2) അനില ആലഞ്ചേരിക്കാലായിൽ - വാളവയൽ, 3) അശ്വിൻ പുളിയോരത്ത് - ചുണ്ടക്കര
**തിരക്കഥ**
1) അനന്ദിത പനമട - ചെറുകാട്ടൂർ, 2) അബിന കുഴിയാനിമറ്റത്തിൽ - ചെറുകാട്ടൂർ, 3) അലീന പിണ്ടിക്കാനായിൽ - ചെറുകാട്ടൂർ
**ചെറുകഥ**
1) അഞ്ചു - അരിഞ്ചേർമല, 2) സോജിൻ കുന്നുംപുറത്ത് - അരിഞ്ചേർമല, 3) പ്രിൻസി ജോസഫ് - നടവയൽ
**കയ്യെഴുത്തുമാസിക**
1) ദെരോർ - നടവയൽ, 2) റാഫ - കുറുമ്പാലക്കോട്ട, 3) പിഷോൺ - പനമരം
**സാഹിത്യമത്സരം**
1) ചെറുകാട്ടൂർ - 188, 2) പറളിക്കുന്ന് - 163, 3) പനമരം - 161
**പ്രതിഭ 2014**
10-ാം ക്ലാസ്സ് - അലൻ പുല്ലന്താനി - കുറുമ്പാലക്കോട്ട, അബിൻ മേട്ടയിൽ - ചുണ്ടക്കര, ഡോണ പനാനിക്കൽ - കുറുമ്പാലക്കോട്ട, മരിയ മാട്ടേലാനിക്കൽ - ചുണ്ടക്കര.
7-ാം ക്ലാസ്സ് - അജൽ കൊടകപ്പിള്ളി - നടവയൽ, ജോബിൻ കല്ലറക്കൽ - ചെറുകാട്ടൂർ, നിഖിത കദളിക്കാട്ടിൽ - വിളമ്പുകണ്ടം, ലിയ കന്നുതൊട്ടിയിൽ ചെറുകാട്ടൂർ.
**ബെസ്റ്റ് പെർഫോമൻസ് 2013**
1) നടവയൽ, 2) പറളിക്കുന്ന്

**ഫാ. റോയി വട്ടക്കാട്ട്**
രൂപതാ മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ജാതിമത വ്യത്യാസമില്ലാതെ ലോകജനതമുഴുവനും ശാന്തിയുടെയും സമാധാനത്തിന്റെയും സമ്മാനവുമായി ക്രിസ്തു ജന്മമെടുക്കുന്ന പുണ്യദിനം ക്രിസ്തുമസ്. ആഗതമാകുന്ന ക്രിസ്തുമസിന്റെ മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു. ക്രിസ്തുനാഥനെപ്പോലെ നമ്മുടെ സാന്നിധ്യവും നാം ജീവിക്കുന്ന ഇടങ്ങളിൽ സ്നേഹവും ശാന്തിയും സമാധാനവും സമ്മാനിക്കുന്നതാവണം. അതിന് ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ ജന്മമെടുക്കട്ടെ.

തുടർച്ചയായ പത്താംവർഷം മാനന്തവാടിരൂപത സംസ്ഥാന തലത്തിൽ മികച്ചരൂപതയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. വലിയ കൂട്ടായ്മയുടെ വിജയമാണിത്. കഴിഞ്ഞവർഷങ്ങളിൽ രൂപതയെ നയിച്ച രൂപതാ ഡയറക്ടർ അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും, അല്മായ സഹോദരങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മേഖലാ, ശാഖാ തലങ്ങളിൽ മിഷൻലീഗിനെ വളർത്തിയ പ്രിയ അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും, ഭാരവാഹികളെയും സ്നേഹത്തോടെ സ്മരിക്കുകയും തുടർന്നും സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

മാനന്തവാടി രൂപതയ്ക്ക് അഭിമാനമായി ബത്തേരി മേഖല സംസ്ഥാനത്തെ ഏറ്റവും മികച്ച മേഖലയായും, തെനേരി മികച്ച നാലാമത്തെ ശാഖയായും തിരഞ്ഞെടുക്കപ്പെട്ടു. പ്രിയ ബിജു തുരുത്തേൽ അച്ചനെയും, സജി കോട്ടായിൽ അച്ചനെയും അവരോടൊത്ത് ഒത്തിരി അധ്വാനിച്ച പ്രിയ സിസ്റ്റേഴ്സിനെയും, ഭാരവാഹികളായ സഹോദരങ്ങളെയും സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ, **ഫാ. സോണി വടയാപറമ്പിൽ**
രൂപതാ ഡയറക്ടർ

**സംസ്ഥാന ബൈബിൾ കലോത്സവം മാനന്തവാടി രൂപത ഒന്നാം സ്ഥാനത്ത്**

നവംബർ 8-ാം തീയതി ഇടുക്കി രൂപതയിൽ വെച്ച് നടന്ന ബൈബിൾ കലോത്സവത്തിൽ 436 പോയിന്റോടുകൂടി മാനന്തവാടി

രൂപത ഒന്നാമത്. തുടർച്ചയായി 10-ാം തവണയാണ് മാനന്തവാടി രൂപത കലാസാഹിത്യ മത്സരത്തിൽ ഒന്നാമത് എത്തുന്നത്. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും നേതൃത്വം കൊടുത്ത ശാഖാ മേഖലാ രൂപതാ നേതൃത്വത്തിനും രൂപതാ എക്സിക്യൂട്ടീവിന്റെ നന്ദി അറിയിക്കുന്നു.

**തെനേരിശാഖ സംസ്ഥാനതലത്തിൽ 4-ാമത്**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനതലത്തിൽ - പ്രവർത്തനങ്ങളിൽ തെനേരി ശാഖ നാലാമത്. ഈ വർഷം 1260 ശാഖകളെ പ്രവർത്തനങ്ങളിൽ പിൻതള്ളിയാണ് തെനേരി ശാഖ നാലാമത് എത്തിയത്. തെനേരി ശാഖയുടെ മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ബഹു. സജി കോട്ടായിൽ അച്ചനും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾക്കും തെനേരി ശാഖയിലെ എല്ലാ മിഷൻലീഗ് അംഗങ്ങൾക്കും മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**ബത്തേരി മേഖല സംസ്ഥാനതലത്ത് ഒന്നാമത്**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങളിൽ ഒന്നാം സ്ഥാനത്ത് ബത്തേരി മേഖല. വ്യത്യസ്തമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകികൊണ്ട് മേഖലയെ നയിച്ച മേഖലാ ഡയറക്ടർ ബഹു. ബിജു തുരുത്തേലച്ചനും പ്രസിഡന്റ് ടോം പൂവകുന്നേലിനും മറ്റ് മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും മേഖലയിലെ എല്ലാ മിഷൻലീഗ് അംഗങ്ങൾക്കും മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**സംസ്ഥാനതലത്ത് മികച്ച പ്രവർത്തനങ്ങളിൽ മാനന്തവാടി രൂപത വീണ്ടും ഒന്നാമത്**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനതലത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ട് 10-ാം വർഷവും മാനന്തവാടി രൂപത ഒന്നാം സ്ഥാനത്ത്. വ്യത്യസ്ത പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് മാനന്തവാടി രൂപതയ്ക്ക് നേതൃത്വം നൽകിയ രൂപതാ ഡയറക്ടർ ബഹു. സോണിയച്ചൻ, പ്രസിഡണ്ട് ജോയി മേപ്പാടം, മറ്റ് എക്സിക്യൂട്ടീവ്, ടീം അംഗങ്ങൾ, ശാഖാ മേഖലാ നേതൃത്വങ്ങൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**രൂപത അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

സി.എം.എൽ. മാനന്തവാടി രൂപത അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി ഡിസംബർ 13 ശനിയാഴ്ച രാവിലെ 11 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുന്നതാണ്. എല്ലാ മേഖലാ ഭാരവാഹികളും മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കേണ്ടതാണ്.

**ലഹരിക്കെതിരെ ബോധവത്ക്കരണ പദയാത്ര**

ലഹരിക്കെതിരെ ബോധവൽക്കരണ പദയാത്ര പനമരത്ത് നിന്ന് മാനന്തവാടിയിലേയ്ക്ക് സി.എം.എൽ. മാനന്തവാടി രൂപതയുടെ നേതൃ

ത്വത്തിൽ ഡിസംബർ 20-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് ആരംഭിച്ച് 5 മണിക്ക് മാനന്തവാടിയിൽ സമാപിക്കുന്നതാണ്. സമാപന സമ്മേളനത്തിൽ മതമേലദ്ധ്യക്ഷൻമാരും രാഷ്ട്രീയ സാമൂഹിക നേതാക്കന്മാരും പങ്കെടുക്കുന്നു. എല്ലാവരും പദയാത്രയിൽ പങ്കെടുക്കുമല്ലോ.

**മേഖലാ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി**

മേഖലാ അർദ്ധവാർഷിക മാനേജിംഗ് കമ്മറ്റി ഡിസംബർ 15-ന് മുമ്പായി നടക്കുന്നതിനുള്ള ക്രമീകരണങ്ങൾ മേഖലാ നേതൃത്വം ചെയ്യുമല്ലോ.

**ശാഖാ ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

രൂപതയിൽ എത്തിക്കാനുള്ള കലണ്ടറിന്റെയും നക്ഷത്രത്തിന്റെയും തുക ഡിസംബർ 10-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**വചനതാരം**

വചനതാര മത്സരത്തിൽ പങ്കെടുക്കുവാനുള്ള മത്സരാർത്ഥികളുടെ പേര് വിവരങ്ങൾ ഡിസംബർ 30-ന് മുമ്പായി എത്തിക്കുവാൻ ശാഖാ സെക്രട്ടറി/ജോ.ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

**ദർശനം Vocation Program ജനുവരി 3 ശനിയാഴ്ച**

ദൈവവിളി ചിന്തകളുമായി ഒരു സ്നേഹസംഗമം, ജീവിതത്തെക്കുറിച്ച് പുതുദർശനങ്ങളേകുന്ന കൂട്ടായ്മ, ദൈവവിളി ആഭിമുഖ്യമുള്ള X, XI, XII, Degree വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ ചെയ്യേണ്ട അവസാനതീയതി ഡിസംബർ 10.

## സംസ്ഥാന സാഹിത്യമത്സര വിജയികൾ

**ജൂണിയർ വിഭാഗം - ഉപന്യാസം - ആൺ**

IA ആകാശ് പ്ലാക്കൽ - കൽപ്പറ്റ

**ഉപന്യാസം - പെൺ**

A മെറിൻ പള്ളത്ത് - ബെക്കി

A ആൻ സെബാസ്റ്റ്യൻ വാരിക്കാട്ട് - മീനങ്ങാടി

**കഥ - ആൺ**

A അതുൽ കൊല്ലമ്പറമ്പിൽ - യവനാർകുളം

A കുര്യാക്കോസ് തെക്കേപ്പറമ്പിൽ - ഇടിവണ്ണ

**കവിത - ആൺ**

IA റ്റിറ്റോ തോമസ് ചെറിയതറപ്പേൽ - പുൽപ്പള്ളി

**സീനിയർ വിഭാഗം - ഉപന്യാസം - ആൺ**

IIA അമൽ ഏറത്ത് - വാഴവറ്റ

**ഉപന്യാസം - പെൺ**

A ക്രിസ്റ്റീന ആഞ്ചേരിയിൽ - അമ്പായത്തോട്

A അലീന പുതിയകുന്നേൽ - തലഞ്ഞി

**ചെറുകഥ - പെൺ**

IIIA ഡെലോണി ചൂനാട്ട് - കബനിഗിരി

A നമിത കപ്യാരുമലയിൽ - തലഞ്ഞി

**കവിത - ആൺ**

IIIA ക്രിസ്റ്റി പഴമ്പള്ളി - മീനങ്ങാടി

**കവിത - പെൺ**

IIIA അഞ്ചുമരിയ മാർട്ടിൻ - ആടിക്കൊല്ലി

A ക്രിസ്റ്റി വടക്കേക്കര - ഒറ്റപ്ലാവ്

**സൂപ്പർ സീനിയർ വിഭാഗം - ഉപന്യാസം - ആൺ**

A നിഖിൽ ചൂടിയാങ്കൽ - പറളിക്കുന്ന്

A ആൽബിൻ കറുത്തേടത്ത് - ചൂരൽമല

**ഉപന്യാസം - പെൺ**

A ജെസി വടക്കുംപാടം - മച്ചിക്കൊല്ലി

**ചെറുകഥ - ആൺ**

IIA മെജോഷ് പുന്നക്കാട്ടിൽ - പഴൂർ

A ജിജിൽ കിഴക്കരക്കാട്ട് - കുഞ്ഞോം

**ചെറുകഥ - പെൺ**

IA നിവിത തെക്കേകൂറ്റ് - നെടുമ്പാല

IIIA റിയ ജോൺസൺ മാതോങ്കൽ

**കവിത - ആൺ**

IIA ജിജിൽ കിഴക്കരക്കാട്ട് - കുഞ്ഞോം

**കവിത - പെൺ**

IIA ലിറ്റി വെണ്ടർമ്യാലിൽ - പുതിയിടംകുന്ന്

A അനില നെല്ലൂർ - ചുങ്കക്കുന്ന്

## സംസ്ഥാന ബൈബിൾ കലോത്സവ വിജയികൾ

**സബ്ജൂണിയർ വിഭാഗം - ബൈബിൾവായന - ആൺ**

IIA ജോബിൻ കല്ലറയ്ക്കൽ - ചെറുകാട്ടൂർ

C അജു കൊല്ലറാത്ത് - പാടിച്ചിറ

**ബൈബിൾവായന - പെൺ**

IA സാന്ദ്ര പുത്തൻപുരയ്ക്കൽ - പയ്യമ്പള്ളി

A സിന്ധു കടപ്ലാക്കൽ - പാടിച്ചിറ

**പ്രസംഗം - ആൺ**

IA അജു കൊല്ലറാത്ത് - പാടിച്ചിറ

IIA ജോയേൽ പീക്കുന്നേൽ - പ്രശാന്തഗിരി

**പ്രസംഗം - പെൺ**

A ഐറിൻ വാതക്കോടത്ത് - നടവയൽ

A അലീന മുക്കത്ത് - തോണിച്ചാൽ

**സംഗീതം – ആൺ**

IIIA അലൻ എത്തക്കാട്ട് – മണിമൂളി

A അജിൻ വയലിൽ – കേണിച്ചിറ

**സംഗീതം – പെൺ**

IIA ക്രിസ്റ്റീന വടക്കേക്കര – ഒറ്റപ്ലാവ്

A ലെന തൂമ്പുങ്കൽ – ചുണ്ടക്കര

**ജൂണിയർ വിഭാഗം – പ്രസംഗം – ആൺ**

IIA എമിൽ കിഴക്കേക്കര – തലഞ്ഞി

A ക്രിസ്റ്റിൻ മുണ്ടുപറമ്പിൽ – മംഗളം

**പ്രസംഗം – പെൺ**

A അല പള്ളത്ത് – കല്ലോടി

A മെർലിൻ തുമ്പക്കാനായിൽ – പയ്യമ്പള്ളി

**സംഗീതം – ആൺ**

IA ഗോഡ്‌വിൻ മറ്റത്തിലാനിക്കൽ – യവനാർകുളം

A അശ്വിൻ വല്ലത്ത് – മരക്കടവ്

**സംഗീതം – പെൺ**

IA ആഷ്‌ലി നമ്പ്യാപറമ്പിൽ – ശിശുമല

IIIA ജെമി കൂമാക്കിൽ – കല്ലോടി

**മിഷൻ ക്വിസ് – ആൺ**

IA ഡോൺ ഞൊണ്ടൻമാക്കൽ – കബനിഗിരി

IIA ജോൺ ചിറാടിയിൽ – പാലാങ്കര

**മിഷൻ ക്വിസ് – പെൺ**

IIA അൽഫോൻസ കുന്നേൽ – ധർമ്മഗിരി

A ആൽഫി കല്ലുവേലിൽ – ചെറുകാട്ടൂർ

**സീനിയർ വിഭാഗം – പ്രസംഗം – ആൺ**

A അമൽ വടക്കേൽ – കല്ലോടി

A അജയ് കൈതാരം – കത്തീഡ്രൽ

**പ്രസംഗം – പെൺ**

IIIA റിയ ഐക്കരക്കാട്ട് – ബത്തേരി

A ഡെലോണി ചൂനാട്ട് – കബനിഗിരി

**സംഗീതം – ആൺ**

B നിഖിൽ മാളിയേക്കൽ – കല്ലോടി

B അനിൽ ആലഞ്ചേരി – നടവയൽ

**സംഗീതം – പെൺ**

IIA മരിയ കണിയാംകുന്നേൽ – പാലാങ്കര

IIIA ധനുമരിയ തേക്കുംകാട്ടിൽ – ആടിക്കൊല്ലി

**മിഷൻക്വിസ് – ആൺ**

IIA ബെഞ്ചമിൻ അനുഗ്രഹ് – ചുങ്കക്കുന്ന്

A ജോയേൽ അരുമായിൽ – ചോക്കാട്

**മിഷൻക്വിസ് – പെൺ**

B നീതു കുന്നേൽ – ധർമ്മഗിരി

B ആശ ചങ്ങനാംതുണ്ടത്തിൽ – കുറുമണി

**സൂപ്പർസീനിയർ വിഭാഗം - പ്രസംഗം - ആൺ**

A ബിജോയ് കേളങ്ങാട്ടിൽ - ആലാറ്റിൽ

A സിനീഷ് ആപ്പുഴയിൽ - ചെറുകാട്ടൂർ

**പ്രസംഗം - പെൺ**

IA ലിറ്റി വെണ്ടർമ്യാലിൽ - പുതിയിടംകുന്ന്

A ഷീന മുണ്ടാടൻ - തവിഞ്ഞാൽ

**സംഗീതം - ആൺ**

IIIA ഷിനു മഠത്താശ്ശേരി - പ്രശാന്തിഗിരി

A രാജേഷ് പനച്ചിക്കൽ - കൊട്ടിയൂർ

**സംഗീതം - പെൺ**

A ആതിര നമ്പുടാകം - ചുങ്കക്കുന്ന്

A സ്റ്റെഫി മേപ്പാടത്ത് - പുതുശ്ശേരിക്കടവ്

**മിഷൻക്വിസ് - ആൺ**

IA പയസ് അരുമായിൽ - ചോക്കാട്

IIIA ജോഷി താണോലിൽ - ധർമ്മഗിരി

**മിഷൻക്വിസ് -പെൺ**

IIA ജോസിയ പിണങ്ങാട്ടുപറമ്പിൽ - മരക്കടവ്

A സാലി മന്ദംക്കോലിൽ - ഇടിവണ്ണ

**ശാഖാവാർത്തകൾ**

*കുറുമ്പാലക്കോട്ട:-* ചികിത്സാസഹായമായി 2000 രൂപ നൽകി.

*ചാരിറ്റി:-* ദൈവവിളി സെമിനാർ നടത്തി

*ബെക്കി:-* ക്രിസ്റ്റീൻ ധ്യാനം നടത്തി.

*അമരക്കുനി:-* ദേവാലയ നിർമ്മാണത്തിനുവേണ്ടി ജാഗരണ പ്രാർത്ഥന നടത്തി.

*പുൽപ്പള്ളി:-* കൽപ്പറ്റ സ്നേഹസദൻ അഗതിമന്ദിരം സന്ദർശിച്ചു. തിരുഹൃദയ ഭവനം നിർമ്മിക്കുന്നതിനായ് കുട്ടികൾ 1750 രൂപ സ്വരൂപിച്ചു നൽകി.

*ഇടിവണ്ണ:-* ദിവ്യകാരുണ്യ ആരാധന നടത്തി.

*കേളകം:-* രോഗീസന്ദർശനം നടത്തി. പ്രേഷിതറാലി നടത്തി.

*പ്രശാന്തഗിരി:-* 5 പേർക്കായി 1000 രൂപ വീതം വിദ്യാഭ്യാസ സഹായം നൽകി.

*എടയൂർകുന്ന്:-* 1 മുതൽ 21 വരെ വാർഡുതലത്തിലും ഗ്രൂപ്പ്തലത്തിലും ജപമാല പ്രയാണം നടത്തി.

*കുറുമ്പാല:-* മിഷനറിമാർക്ക് വേണ്ടി ആരാധന നടത്തി.

*യവനാർകുളം:-* ശാന്തിനിലയം ഓർഫനേജ് സന്ദർശിച്ച് സഹായം നൽകി. 'കാഹള' പ്രോഗ്രാം നടത്തി.

*ഒലിവുമല:-* ജയിൽ സന്ദർശനം, വാർഡുകളിൽ ലഹരിവിരുദ്ധ പ്രസംഗം എന്നിവ നടത്തി.

*പടമല:-* ഗവ.ആശുപത്രി സന്ദർശിച്ച് ഭക്ഷണം വിതരണം ചെയ്തു.

*നടവയൽ:-* വയോജനദിനം ആചരിച്ചു. പനമരം ഓൾഡ്ഏയ്ജ്ഹോം സന്ദർശനം നടത്തി. അഞ്ചിൽ അധികം കുഞ്ഞുങ്ങൾ ഉള്ള കുടുംബത്തെ ആദരിച്ചു.

*പനമരം:–* ഇടവകതിരുനാൾ ആഘോഷിച്ചു. അംഗങ്ങൾ വാർഷികധ്യാന ത്തിൽ പങ്കെടുത്തു. ഭവനസന്ദർശനം നടത്തി.

*പനവല്ലി:–* കൈയ്യെഴുത്തു മാസിക 'കാഥോസ്' പുറത്തിറക്കി. ദിവ്യകാരുണ്യ ആരാധന നടത്തി.

*മുള്ളൻകൊല്ലി:–* കുട്ടികൾക്ക് ധ്യാനം നടത്തി. റവ.ഫാ. ലാൽ പൈനുങ്കൽ നേതൃത്വം നൽകി.

*കല്ലോടി:–* ഏയ്ഞ്ചൽമീറ്റ് നടത്തി.

*യവനാർകുളം:–* ലഹരി വസ്തുക്കളുടെ ഉപയോഗം നിമിത്തം തകരുന്ന കുടുംബങ്ങൾക്കുവേണ്ടി ജപമാല സൈന്യം ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

*വലിയകൊല്ലി:–* ലഹരിവിരുദ്ധ ഫ്ളക്സ് ബോർഡ് സ്ഥാപിച്ചു.

*എടയൂർകുന്ന്:–* മാതാവിന്റെ ജനനത്തിരുനാളും അമ്മമാരെ ആദരിക്കലും ഓണാഘോഷവും വളരെ ഭംഗിയായി നടത്തി.

*കാട്ടിക്കുളം:–* ലഹരിവിരുദ്ധ ആരാധന നടത്തി.

*പുഴമുടി:–* ഏകദിന ധ്യാനം നടത്തി.

*പഴൂർ:–* 80 വയസിന് മുകളിൽ പ്രായമായ 7 അമ്മമാരെ പൊന്നാട അണി യിച്ച് ആദരിച്ചു.

*ബെക്കി:–* സി.എം.എൽ. അംഗങ്ങൾ വചനവൃക്ഷം നിർമ്മിച്ചു.

*ഒറ്റപ്ലാവ്:–* മാഗസിൻ നിർമ്മിച്ചു.

*കേളകം:–* ഓണമത്സരം നടത്തി. രോഗീസന്ദർശനം നടത്തി.

*വിമലഗിരി:–* ക്യാൻസർ രോഗിയായ അമ്മച്ചിയെ സന്ദർശിച്ച് 500 രൂപ നൽകി.

*പനവല്ലി:–* സിമിത്തേരി സന്ദർശനം നടത്തി.

*കേണിച്ചിറ:–* ജപമാല സൈന്യമീറ്റിംഗ് നടത്തി. കലാമത്സരം നടത്തി.

*അമ്പായത്തോട്:–* സമ്പൂർണ്ണ മദ്യനിരോധനം ആവശ്യപ്പെട്ടുകൊണ്ട് മുഖ്യ മന്ത്രിക്ക് മുഴുവൻ അംഗങ്ങളും കത്തയച്ചു.

*വാഴവറ്റ:–* കലാശില്പശാല നടത്തി.

*വെള്ളൂന്നി:–* ക്രിസ്റ്റീൻ ധ്യാനം നടത്തി.

*തോമാട്ടുചാൽ:–* സീനിയേഴ്സ് സംഗമം നടത്തി.

*ദ്വാരക:–* ലോഗോസ് ക്വിസ് മത്സരം നടത്തി.

*വാളാട്:–* പള്ളിപൊതുപ്പണിയിൽ മിഷൻലീഗ് അംഗങ്ങളും പങ്കെടുത്തു.

*കുറ്റിമൂല:–* ലഹരിവിരുദ്ധ കൊളാഷ് നിർമ്മിച്ചു.

*പന്തിപ്പൊയിൽ:–* രോഗീസന്ദർശനം നടത്തി. മേഖലാ കലോത്സവത്തിൽ പങ്കെടുത്തു.

*കടൽമാട്:–* അഖണ്ഡജപമാല നടത്തി.

*കോട്ടത്തറ:–* ലഹരിബോധവൽക്കരണത്തിന്റെ ഭാഗമായി സൈക്കിൾ റാലി നടത്തി.

*ആറാട്ടുതറ:–* അർദ്ധദിന സെമിനാർ നടത്തി.

*വള്ളിക്കെട്ട്:–* ഒരു മണിക്കൂർ സേവന മണിക്കൂറായി ആചരിച്ചു.

*ചാരിറ്റി:–* ചെയിൻ റോസറി നടത്തി.

*ഒലിവുമല:–* ലഹരിവിരുദ്ധ കൈയ്യെഴുത്തുമാസിക തയ്യാറാക്കി.
*മംഗളം:–* ഭവനസന്ദർശനം നടത്തി.
*പുതിയിടംകുന്ന്:–* വി. വിൻസെന്റ് ഡി പോളിന്റെ ജീവചരിത്രം വായിച്ച് വിശുദ്ധനെ അനുസ്മരിച്ചു.
*അരുൾനിലയം:–* വൈദികരെ ആദരിച്ചു.
*കമ്മന:–* മുക്തി സന്ദർശിച്ചു. മിഷൻമാസ ഒരുക്കമായി ചെറുപുഷ്പ പ്രയാൺ നടത്തി. 'ഓായിഹോസ്' പ്രകാശനം ചെയ്തു.
*പട്ടാണികൂപ്പ്:–* ആഗസ്റ്റ് 15–ന് ആരാധന നടത്തി.
*മുട്ടിയേൽ:–* അമ്മമാർക്കും കുട്ടികൾക്കുമായി ലഹരിവിരുദ്ധ ബോധവൽക്കരണം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.
*വാകേരി:–* രോഗീസഹായമായി 2000 രൂപ നൽകി.
*കാവുംമന്ദം:–* കുട്ടികൾക്കായി ബൈബിൾക്വിസ് മത്സരം നടത്തി.
*പാലേമാട്:–* അൽഫോൻസ ക്വിസ് നടത്തി.
*ജൂഡ്സ്മൗണ്ട്:–* സി.എം.എൽ. അംഗങ്ങൾ ഓണാഘോഷ മത്സരത്തിൽ പങ്കെടുത്തു.
*വടക്കനാട്:–* സി.എം.എൽ. ന്റെ നേതൃത്വത്തിൽ ഓണാഘോഷപരിപാടി നടത്തി.
*പടമല:–* ഒരു മദ്യപാനിയെ ധ്യാനത്തിന് വിടുവാൻ 500 രൂപ നൽകി സഹായിച്ചു.
*പോരൂർ:–* മദ്യപാനികൾക്കായി ആരാധന നടത്തി.
*വൈത്തിരി:–* മതാധ്യാപകരെ ആദരിച്ചു.
*കൊളവയൽ:–* ഇടവകധ്യാനത്തിൽ പങ്കെടുത്തു.
*കൊട്ടിയൂർ:–* ശാഖാപ്രവർത്തനം തുടങ്ങി. മാർഗ്ഗരേഖ പ്രകാശനം ചെയ്തു.
*മച്ചിക്കൊല്ലി:–* കലാമത്സരത്തിന് ഒരുക്കമായി പരിശീലനം നടത്തി.
*റൂബിനഗർ:–* മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു.
*തലപ്പുഴ:–* അൾത്താരബാലന്മാർക്ക് അർദ്ധദിന സെമിനാർ നടത്തി.
*ഏലപ്പീടിക:–* സി.എം.എൽ. ന്റെ നേതൃത്വത്തിൽ ഓണാഘോഷപരിപാടി നടത്തി.
*ഇടിവണ്ണ:–* ലഹരിക്ക് അടിപ്പെട്ടവർക്ക് ദിവ്യകാരുണ്യ ആരാധന നടത്തി പ്രാർത്ഥിച്ചു.
*പാലാങ്കര:–* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*പനംചിറ:–* ഇടവകയിൽ 25, 50 ഉം ജൂബിലി ആഘോഷിക്കുന്ന 3 ദമ്പതികളെ സെപ്റ്റംബർ 8–ന് ആദരിച്ചു.
*പനമരം:–* കൈയ്യെഴുത്തുമാസിക പുറത്തിറക്കി.
*ഭൂദാനം:–* കലാമത്സരത്തിൽ പങ്കെടുത്തു.
*മാർട്ടിൻനഗർ:–* അൾത്താരബാലന്മാർക്ക് പരിശീലനം നൽകി.
*പാറത്തോട്ടം:–* അരമണിക്കൂർ ആരാധന നടത്തി.
*പൂക്കോട്ടുംപാടം:–* ലഹരിവിരുദ്ധ സന്ദേശം നൽകി.

*ചെറുകാട്ടൂർ:-* മിഷൻമാസത്തിന് തുടക്കം കുറിച്ച് രൂപതാ മതബോധന ഡയറക്ടർ റവ.ഫാ. റോയി വട്ടക്കാട്ട് വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
*കരിമ്പിൽ:-* മാതാവിന്റെ ആൽബം പ്രകാശനം ചെയ്ത് അമ്മമാരെ ആദരിച്ചു.
*പ്രശാന്തഗിരി:-* ചികിത്സാ സഹായമായി 1000 രൂപ നൽകി.

## മിഷൻഞായർ വിഹിതം തന്നവർ

ഭൂദാനം-200, പഴൂർ-300, കമ്മന-500, ചുങ്കക്കുന്ന്-10,000, പുതിയിടം-600, കാട്ടിക്കുളം-200, മുട്ടിയേൽ-150, പുൽപ്പള്ളി-1500, കേണിച്ചിറ -500, പൂളപ്പാടം-1250, വൈത്തിരി-1500, വലിയകൊല്ലി-200, ബത്തേരി -1500, കടൽമാട്-300, വാഴവറ്റ-200, പേരിയ-750, അമ്പായത്തോട്-2000, കുന്നൂർ-500, ചെന്നലോട്-1500, തലപ്പുഴ-500, വാളവയൽ-500

## പലതുള്ളി തന്ന ശാഖകൾ

യവനാർകുളം-250, ജൂഡ്സ്മൗണ്ട്-100, കുറ്റിമൂല-170, കരിമ്പിൽ -200, പാറത്തോട്ടം-180, കമ്മന-400, നെല്ലിയോടി-200, മക്കിയാട്-200, തോണിച്ചാൽ-400, ചുങ്കക്കുന്ന്-1000, പുതിയിടംകുന്ന്-200, ബത്തേരി -1000, കടൽമാട്-200, തോമാട്ടുചാൽ-250.

## സ്നേഹപൂർവ്വം

ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ സി.എം.എൽ. മാനന്തവാടി രൂപതാകുടുംബം നേരുന്നു. ഉണ്ണീശോയെ കാത്തിരിക്കുന്ന ഈ നോമ്പുകാലത്തിൽ ദൈവകൃപയാൽ സന്തോഷിക്കുവാൻ ഒരവസരം കൂടി ഒരുക്കിതന്ന കൊച്ചുത്രേസ്യ പുണ്യവതിയ്ക്കു മുമ്പിൽ പ്രാർത്ഥിച്ചുകൊണ്ട്....

സംസ്ഥാന തലത്തിൽ കലാസാഹിത്യ മത്സരത്തിലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ട് മാനന്തവാടി രൂപത വീണ്ടും ഒന്നാമത്. മത്സരങ്ങൾക്ക് അംഗങ്ങളെ പറഞ്ഞുവിട്ട മാതാപിതാക്കൾക്കും ശാഖാ മേഖലാ നേതൃത്വങ്ങൾക്കും മികച്ച പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് സി.എം.എൽ. മാനന്തവാടി രൂപതയ്ക്കൊപ്പം നിന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും, എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും പ്രത്യേകിച്ച് രൂപതാ എക്സിക്യൂട്ടീവിനെയും ടീം അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഇതുവരെ സി.എം.എൽ. മാനന്തവാടി രൂപതയ്ക്ക് ചെയ്തുതന്ന എല്ലാ പ്രവർത്തനങ്ങൾക്കും സഹകരണത്തിനും നന്ദിയും തുടർന്ന് സഹായങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ഏറ്റവും വിനീതനായി

നിങ്ങളുടെ സ്വന്തം,

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# Department of Youth Ministry

## KVPY Training Programme

കേന്ദ്ര വൈജ്ഞാനിക് പ്രോത്സാഹൻ യോജന (KVPY) ഫെലോഷിപ്പ് പരീക്ഷക്ക് രജിസ്റ്റർ ചെയ്ത കുട്ടികൾക്കായി ഒക്ടോ. 11, 12 തീയതികളിലായി പാസ്റ്ററൽ സെന്ററിൽ വച്ച് Training Programme നടത്തി.

## On going Retreat

ഒക്ടോബർ 22 ബുധനാഴ്ച മുതിരേരി ഇടവകയിലെ കുട്ടികൾക്കുവേണ്ടി On going Retreat നടത്തി. ബഹു. ജെയിംസ് മാങ്കോട്ടിലച്ചന് പ്രത്യേകം നന്ദി അറിയിക്കുന്നു.

### പെനുവേൽ

ഒക്ടോബർ 24, 25, 26 തീയതികളിൽ എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിൽ കല്ലോടി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കായി കല്ലോടി ഫൊറോന പള്ളിയിൽ വച്ച് ധ്യാനം നടത്തി. ധ്യാനത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുതന്ന ജോസ് കൊച്ചറയ്ക്കലച്ചനും കൊച്ചച്ചന്മാർക്കും പ്രത്യേകം നന്ദി പറയുന്നു.

### ഡിസംബർ മാസത്തിൽ യുവജനങ്ങൾക്കായി സായാഹ്നധ്യാനം

ഉണ്ണിമിശിഹായുടെ ജനനത്തിന് ആത്മീയമായി ഒരുങ്ങുന്നതിനായി യുവജനങ്ങൾക്കായി ഒരു സുവർണാവസരം. ക്ലാസ്സ്, കുമ്പസാരം, കൗൺസിലിംഗ്, ആരാധന. സമയം; 5 മുതൽ 10 വരെ. താൽപര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

### യുവജനസർവ്വേ

യുവജനസർവ്വേ ഫോം ലഭിക്കാത്ത ഇടവകകൾ ഓഫീസുമായി ബന്ധപ്പെട്ട് ഫോം സ്വന്തമാക്കി സർവേ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സർവ്വേ സംബന്ധിച്ച നിർദ്ദേശങ്ങൾ നവംബർ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. സർവ്വേ പൂർത്തിയാക്കിയ ഇടവകകൾ അക്കാര്യം ഓഫീസിൽ അറിയിക്കുമല്ലോ.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

**KCYM 20 –ാം വാർഷികം**

KCYM ന്റെ 20–ാം രൂപത വാർഷികം മാനന്തവാടി മേരിമാതാ കോളേജിൽ വച്ച് ഡിസംബർ 19,20 തീയതികളിൽ നടത്തപ്പെടുന്നു. 19–ാം തീയതി വൈകുന്നേരം 5 മണിക്ക് പ്രതിനിധി സമ്മേളനത്തോടുകൂടി വാർഷികാഘോഷപരിപാടി ആരംഭിക്കുന്നു. പ്രതിനിധി സമ്മേളനത്തിൽ 2014 വർഷത്തിലെയും 2015 വർഷത്തിലെയും മേഖല ഭാരവാഹികൾ (14 പേർ) പങ്കെടുക്കണം. പ്രതിനിധി സമ്മേളനം– രജി.ഫീസ് 100 രൂപ. 20–ാം തീയതിയിലെ യുവജനസമ്മേളനം രാവിലെ 9 മണിക്ക് ആരം ഭിക്കും. ഇടവകയിൽ നിന്നും കുറഞ്ഞത് 30 യുവജനങ്ങളെങ്കിലും ഇതിൽ പങ്കെടുക്കണം. രജി.ഫീസ് 30 രൂപ. യുവജനസമ്മേളനത്തിൽ വിവിധ പഠനക്ലാസ്സുകൾ, ചർച്ചകൾ, പൊതുസമ്മേളനം തുടങ്ങിയവ നടത്ത പ്പെടുന്നു. പൊതുസമ്മേളനത്തിൽ മാനന്തവാടി രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് യുവജനങ്ങളെ അഭി സംബോധന ചെയ്ത് സംസാരിക്കുന്നതാണ്.

**Short Film മത്സരം – ക്യാഷ് അവാർഡ് വിതരണം**

കെസിവൈഎം രൂപത നടത്തിയ Short Film മത്സരത്തിലെ സമ്മാ നാർഹമായിട്ടുള്ളവക്ക് രൂപത വാർഷികത്തിൽ വച്ച് ക്യാഷ് അവാർഡ് വിതരണം ചെയ്യുന്നതും ഇതിന്റെ പ്രദർശനം നടത്തുന്നതുമാണ്.

**അനുമോദനങ്ങൾ**

തുടർച്ചയായി പത്താം തവണയും മികച്ച രൂപതയായി തെരെ ഞ്ഞെടുക്കപ്പെടുകയും സംസ്ഥാനബൈബിൾ കലോത്സവത്തിൽ പതി നൊന്നാമതും ഓവറോൾ കിരീടം ചൂടുകയും ചെയ്ത മാനന്തവാടി രൂപത മിഷൻലീഗിന് കെസിവൈഎം രൂപത കുടുംബത്തിന്റെ ആശം സകൾ നേരുന്നു.

**Pearl 2014 മാനന്തവാടി രൂപത യുവജനോത്സവം**

കെസിവൈഎം മാനന്തവാടി രൂപതയുടെ യുവജനോത്സവമായ Pearl 2014 ന്യൂമാൻസ് കോളേജിൽ നടന്നു. രാവിലെ നടന്ന ഉദ്ഘാടന

സമ്മേളനത്തിൽ KCYM രൂപത പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര അദ്ധ്യക്ഷത വഹിച്ചു. ന്യൂമാൻസ് കോളേജ് പ്രിൻസിപ്പൽ റവ.ഫാ.ബിജു ഉറുമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. രൂപത ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. യോഗത്തിന് ജനറൽ സെക്രട്ടറി ശ്രീ.സിബിൻ പാലമൂട്ടിൽ സ്വാഗതം ആശംസിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ.സജിൻ ജോസ് ചാലിൽ, സി.ലിൻസ എഫ്.സി.സി തുടങ്ങിയവർ ആശംസകളർപ്പിച്ചു. തുടർന്ന് 6 സ്റ്റേജുകളിലായി നടന്ന കലാമത്സരങ്ങൾ യുവജനങ്ങളുടെ കലാമികവ് പ്രകടമാക്കുന്നതായിരുന്നു. 220 പോയിന്റുകൾ നേടി കൊട്ടിയൂർ മേഖല ഒന്നാം സ്ഥാനം കരസ്ഥമാക്കി. 157 പോയിന്റുകൾ നേടി നടവയൽ മേഖല രണ്ടും, 153 പോയിന്റുകൾ നേടി പയ്യംപള്ളി മേഖല മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. മറ്റു മേഖലകൾ നേടിയ പോയിന്റുകൾ മണിമൂളി –91, തരിയോട് –89, പുൽപ്പള്ളി –87, കല്ലോടി –74, കൽപ്പറ്റ –70, മാനന്തവാടി –49, ബത്തേരി – 64. 103 പോയിന്റ് നേടിയ വെള്ളമുണ്ട യൂണിറ്റ് ഒന്നാം സ്ഥാനത്തെത്തി. സമാപനസമ്മേളനത്തിൽ വച്ച് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾ രൂപത പ്രസിഡണ്ട് ശ്രീ.ബിബിൻ ചെമ്പക്കരയും മേഖലകൾക്കുള്ള ട്രോഫികൾ രൂപത ഡയറക്ടർ റവ.ഫാ.ലാൽ ജേക്കബ് പൈനുങ്കലും വിതരണം ചെയ്തു. സമ്മാനാർഹരെ അഭിനന്ദിക്കുന്നതോടൊപ്പം ഇതിലേക്ക് ഇവരെ ഒരുക്കി പറഞ്ഞയച്ച എല്ലാ മേഖല- യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവരെയും മത്സരങ്ങൾ നടത്തുന്നതിന് സഹായസഹകരണങ്ങൾ ചെയ്തുതന്ന ന്യൂമാൻസ് കോളേജ് അധികൃതർ, ജഡ്ജ്മെന്റിന് സഹായിച്ചവർ, മത്സരനടത്തിപ്പിന് നേതൃത്വം നൽകിയ രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കും പങ്കെടുത്ത എല്ലാ കെസിവൈഎം അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

**Pearl 2014 സാഹിത്യമത്സര വിജയികൾ**

**1. കഥാരചന**

| | | | |
|---|---|---|---|
| IA | മെജോഷ് പുക്കാട്ടിൽ | പഴൂർ | ബത്തേരി |
| IIA | അമിത മുരിങ്ങമറ്റം | പനമരം | നടവയൽ |
| IIIB | ടിന്റോ ചെരിയ തറപ്പേൽ | പുൽപ്പള്ളി | പുൽപ്പള്ളി |
| IIIB | അഖില മുളമറ്റം | പാതിരിപ്പാടം | മണിമൂളി |

**2. കവിതരചന**

| | | | |
|---|---|---|---|
| IA | മെറിൻ കാരക്കുന്നേൽ | പടമല | പയ്യംപള്ളി |
| IIB | സോണിയ സോജൻ | കൽപ്പറ്റ | കൽപ്പറ്റ |
| IIIB | ശരണ്യ ആലുംമൂട്ടിൽ | കൊമ്മയാട് | കല്ലോടി |

**3. ഉപന്യാസം**

| | | | |
|---|---|---|---|
| IA | അനില നല്ലൂർ | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIA | ജിനീഷ് നീലത്തുമുക്കിൽ | പാലേമാട് | മണിമൂളി |
| IIIB | ലിനു കരിക്കേടം | നടവയൽ | നടവയൽ |

**4. മുദ്രാവാക്യം**

| | | | |
|---|---|---|---|
| IA | ബ്രോണിയ ഉരുളേൽ | പഴൂർ | ബത്തേരി |
| IIB | അജിസ അമ്പലത്തിങ്കൽ | ചെലോട | തരിയോട് |
| IIIB | സന്തോഷ് ചെട്ടിശ്ശേരിയിൽ | പാതിരിപ്പാടം | മണിമൂളി |

**5. നോട്ടീസ്**

| | | | |
|---|---|---|---|
| IA | സജീഷ് കുഴികണ്ടത്തിൽ | തോമാട്ടുചാൽ | ബത്തേരി |
| IIB | ജിതിൻ ചാമക്കാലായിൽ | വെള്ളൂന്നി | കൊട്ടിയൂർ |
| IIIB | ആന്റണി മങ്കടപ്ര | മുള്ളൻകൊല്ലി | പുൽപ്പള്ളി |

**6. കൊളാഷ്**

| | | | |
|---|---|---|---|
| IA | സനീഷ് മറ്റത്തിൽ | തരിയോട് | തരിയോട് |
| IIB | അനീഷ് കുഴികണ്ടത്തിൽ | മൂലങ്കാവ് | ബത്തേരി |
| IIIB | അശ്വതി വട്ടക്കുടിയിൽ | ആറാട്ടുതറ | പയ്യമ്പള്ളി |

**7. കാർട്ടൂൺ**

| | | | |
|---|---|---|---|
| IB | ഡെനീഷ് ചെമ്പക്കാട്ട് | കാട്ടിക്കുളം | പയ്യമ്പള്ളി |
| IIC | ജോബിൻ മാങ്കൂട്ടത്തിൽ | നടവയൽ | നടവയൽ |
| IIIC | അമൽ പുഞ്ചായിക്കരോട്ട് | തൃശ്ശിലേരി | പയ്യമ്പള്ളി |

**8. പോസ്റ്റർ**

| | | | |
|---|---|---|---|
| IA | ഡെനീഷ് ചെമ്പക്കാട്ട് | കാട്ടിക്കുളം | പയ്യമ്പള്ളി |
| IIB | അമൽജിത്ത് കാഞ്ഞിരപ്പാറ | മുള്ളൻകൊല്ലി | പുൽപ്പള്ളി |
| IIIB | മനു ഓാലേടത്ത് | കമ്മന | പയ്യംപള്ളി |

**9. പത്രവാർത്ത**

| | | | |
|---|---|---|---|
| IB | സജീഷ് കുഴികണ്ടത്തിൽ | തോമാട്ടുചാൽ | ബത്തേരി |
| IIB | ലിന്റ തൊട്ടിയിൽ | വെള്ളൂന്നി | കൊട്ടിയൂർ |
| IIIB | നിജു കരോട്ടുകുന്നേൽ | പാതിരിപ്പാടം | മണിമൂളി |

**കലാമത്സരവിജയികൾ**

**1. സംഗീതം (F)**

| | | | |
|---|---|---|---|
| IA | ആതിര നമ്പുടാകം | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIA | അനുഗ്രഹ നമ്പുടാകം | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIIB | ക്രിസ്റ്റി ഏറത്ത് | കബനിഗിരി | പുൽപ്പള്ളി |

**സംഗീതം (M)**

| | | | |
|---|---|---|---|
| IA | സുമേഷ് വെട്ടിക്കാട്ടുകുഴി | അരിഞ്ചേർമല | നടവയൽ |
| IIA | ഷിനു മടത്താശ്ശേരി | പ്രശാന്തഗിരി | മാനന്തവാടി |
| IIIA | അനിൽ ആലഞ്ചേരി | നടവയൽ | നടവയൽ |

**2. നാടോടിനൃത്തം (F)**

| | | | |
|---|---|---|---|
| IA | സിനുമോൾ കൊല്ലിയിൽ | വെള്ളൂന്നി | കൊട്ടിയൂർ |
| IIA | സോന മേരി ഇല്ലത്ത് | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIIA | രേഷ്മ തരണിയിൽ | കല്ലോടി | കല്ലോടി |
| IIIA | സ്നേഹ പൂഴിപ്പുറത്ത് | പയ്യംപള്ളി | പയ്യംപള്ളി |

**നാടോടിനൃത്തം (M)**

| | | | |
|---|---|---|---|
| IC | ഫ്രാങ്ക്ളിൻ ചേരിയിൽ | വെള്ളൂന്നി | കൊട്ടിയൂർ |
| II | നോബിൾ | കൊട്ടിയൂർ | കൊട്ടിയൂർ |

**3. മോണോ ആക്ട്**

| | | | |
|---|---|---|---|
| IA | നീനു താണുവയലിൽ | പാൽച്ചുരം | കൊട്ടിയൂർ |
| IIA | മെർലിൻ അനു ജോർജ് | കൽപ്പറ്റ | കൽപ്പറ്റ |
| IIIA | ജൊഫീന റാത്തപ്പള്ളി | വെള്ളമുണ്ട | കല്ലോടി |

**4. മിമിക്രി**

| | | | |
|---|---|---|---|
| IA | നിഖിൽ മാളിയേക്കൽ | കല്ലോടി | കല്ലോടി |
| IIA | ഫ്രാങ്ക്ളിൻ ചേരിയിൽ | വെള്ളൂന്നി | കൊട്ടിയൂർ |
| IIIB | നോബിൾ താണുവേലിൽ | കൊട്ടിയൂർ | കൊട്ടിയൂർ |

**5. പ്രസംഗം**

| | | | |
|---|---|---|---|
| IA | നിജു കരോട്ടുകുന്നേൽ | പാതിരിപ്പാടം | മണിമൂളി |
| IIA | ജോബിഷ് കീരംപറമ്പിൽ | വിളമ്പുകണ്ടം | നടവയൽ |
| IIIB | ടീന വട്ടുക്കുളം | തരിയോട് | തരിയോട് |

**6. കഥാപ്രസംഗം**

| | | | |
|---|---|---|---|
| IA | ആഞ്ജലിൻ പുത്തൻപുര | പയ്യംപള്ളി | പയ്യംപള്ളി |
| IIA | ജൊഫീന റാത്തപ്പള്ളി | വെള്ളമുണ്ട | കല്ലോടി |
| IIIB | ത്രേസ്യാമ്മ പാട്ടത്തേക്കുഴി | കാവുമന്ദം | തരിയോട് |

**7. ഡിബേറ്റ്**

| | | | |
|---|---|---|---|
| IA | ആതിര കുന്നുമ്മേൽ & സിനീഷ് ആപ്പുഴയിൽ | ചെറുകാട്ടൂർ | നടവയൽ |
| IIB | ജോമോൻ മണപ്പാട്ട് & നിധിൻ തിട്ടമാക്കിൽ | പയ്യമ്പള്ളി | പയ്യമ്പള്ളി |
| IIIB | നിജു കരോട്ടുകുന്നേൽ & സിബിൻ വടക്കേക്കുന്നേൽ | പാതിരിപ്പാടം | മണിമൂളി |

**8. ക്വിസ്**

| | | | |
|---|---|---|---|
| IA | മേഘ വടക്കയിൽ & ടീം | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIB | സിജോ തൈപ്പറമ്പിൽ & ടീം | ചെറുകാട്ടൂർ | നടവയൽ |
| IIIB | ജിബിൻ കൈനിക്കൽ & ടീം | കാട്ടിക്കുളം | പയ്യമ്പള്ളി |

**9. KCYM ആന്തം**

| | | | |
|---|---|---|---|
| IA | ലിജോ വയലിൽ & ടീം | അരിഞ്ചേർമല | നടവയൽ |
| IIA | ക്രിസ്റ്റി ഏറത്ത് & ടീം | കബനിഗിരി | പുൽപള്ളി |
| IIIB | ജിനീഷ് കുക്കാട്ട് & ടീം | വെള്ളൂന്നി | കൊട്ടിയൂർ |

**10.സംഘഗാനം**

| | | | |
|---|---|---|---|
| IA | ആതിര ചേരിയിൽ & ടീം | വെള്ളൂന്നി | കൊട്ടിയൂർ |
| IIA | ടോണി വടയാപറമ്പിൽ & ടീം | തലഞ്ഞി | മണിമൂളി |
| IIIB | അയന വാഴപ്ലാംകുടിയിൽ & ടീം | കബനിഗിരി | പുൽപ്പള്ളി |

**11. പരിചമുട്ടുകളി**

| | | | |
|---|---|---|---|
| IA | ജിൻസ് കിഴക്കയിൽ & ടീം | വെള്ളൂന്നി | കൊട്ടിയൂർ |
| IIB | ആൽബിൻ വലിയപടിക്കൽ & ടീം | ചെറുകാട്ടൂർ | നടവയൽ |
| IIIA | അജിത്ത് കൊല്ലപ്പള്ളി & ടീം | പയ്യമ്പള്ളി | പയ്യമ്പള്ളി |

**12. മാർഗംകളി**

| | | | |
|---|---|---|---|
| IA | ജീന തൊട്ടിയിൽ & ടീം | കബനിഗിരി | പുൽപ്പള്ളി |
| IIA | നീതു കൈതയ്ക്കൽ & ടീം | തവിഞ്ഞാൽ | മാനന്തവാടി |
| IIA | അമയ അമ്പാട്ട് & ടീം | നടവയൽ | നടവയൽ |
| IIIB | ഡോണ പൂവൻ & ടീം | പയ്യമ്പള്ളി | പയ്യമ്പള്ളി |

**13. തെരുവുനാടകം**

| | | | |
|---|---|---|---|
| IA | അലീന കല്ലക്കുളം & ടീം | വെള്ളൂന്നി | കൊട്ടിയൂർ |
| IIB | അഖിൽ പുളിക്കത്തൊട്ടി & ടീം | അരിഞ്ചേർമല | നടവയൽ |
| IIIB | എമ്മാനുവേൽ തുണ്ടിൽ & ടീം | ഒലിവുമല | കൽപ്പറ്റ |

**14. മൈം**

| | | | |
|---|---|---|---|
| IA | അഭിജിത്ത് കാലാവയലിൽ & ടീം | പയ്യമ്പള്ളി | പയ്യമ്പള്ളി |
| IIA | ആകാശ് തെക്കേക്കുളം & ടീം | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| IIIB | അലൻ തൊട്ടിൽ & ടീം | ചെറുകാട്ടൂർ | നടവയൽ |

## യൂണിറ്റ് വാർത്തകൾ - കുറുമണി യൂണിറ്റ്

ലഹരിവിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി ലഹരിയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി പോസ്റ്ററുകൾ വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചു. യൂണിറ്റ് അംഗങ്ങൾ സി. മരിയയുടെ നേതൃത്വത്തിൽ കൽപ്പറ്റ വൃദ്ധസദനം സന്ദർശിച്ച് സോപ്പും 1150 രൂപയും നൽകി. അവർക്കായി കലാപരിപാടികൾ അവതരിപ്പിച്ചു. മിഠായിയും ലഡുവും വിതരണം ചെയ്തു. പത്തുദിവസത്തെ കൊന്തനമസ്കാരത്തിൽ കെസിവൈഎം അംഗങ്ങൾക്കായുള്ള ദിവസം മാതാവിന്റെ രൂപം അലങ്കരിക്കുകയും ജപമാലയ്ക്കും വി.കുർബാനയിലെ ശുശ്രൂഷകൾക്കും നേതൃത്വം നൽകുകയും ചെയ്തു. ചുഴലിക്കൊടുങ്കാറ്റ് മൂലം ദുരിതമനുഭവിക്കു ആസ്യായിലെ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ദുരിതബാധിതപ്രദേശങ്ങളിലേക്ക് സംഭാവന അയച്ചുകൊടുക്കുകയും ചെയ്തു. കെസിവൈഎം സിൻഡിക്കേറ്റ് അംഗം ഷൈനി മോളത്തിന്റെ വിവാഹത്തിൽ പങ്കെടുത്തു.

**പുൽപ്പള്ളി യൂണിറ്റ്**

പള്ളിമുറ്റത്തെ കാർപാർക്കിംഗ് സ്ഥലം കെസിവൈഎം ഭാരവാഹികൾ ചേർന്ന് വൃത്തിയാക്കി. കുരിശിന്റെ പുകഴ്ചയോടനുബന്ധിച്ചുള്ള നേർച്ചഭക്ഷണം വിതരണം ചെയ്യൽ, തുടർന്നുള്ള ക്ലീനിംഗ് ഇവ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. എല്ലാ കെസിവൈഎം അംഗങ്ങളും ലോഗോസ് പരീക്ഷ എഴുതി.

**ചുങ്കക്കുന്ന് യൂണിറ്റ്**

കെസിവൈഎം മേഖലകലോത്സവത്തിൽ ചുങ്കക്കുന്ന് യൂണിറ്റ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഈ മാസത്തിലെ യുവജനസംഗമം നടത്തി. മുന്നൂറോളം യുവജനങ്ങൾ പങ്കെടുക്കുകയും ബഹു.ഡീക്കൻ ജെയ്സ് കുളമ്പള്ളിൽ യുവജനങ്ങൾക്കായി ക്ലാസ്സെടുക്കുകയും ചെയ്തു. പത്തു ദിവസത്തെ ജപമാലയിലും വി.യൂദാശ്ലീഹായുടെ തിരുനാളാചരണത്തിലും യുവജനങ്ങൾ സജീവമായി പങ്കെടുത്തു. ചുങ്കക്കുന്നിൽ വച്ചു നടന്ന കെസിവൈഎം മേഖല Night Vigil ന് യൂണിറ്റിൽ നിന്നും 250 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**കല്ലോടി യൂണിറ്റ്**

കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ നടന്ന 'ലോഗോസ് പഠന ശിബിര'ത്തിൽ ജിസ്പോൾ തെക്കിനാലിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കെസിവൈഎം കല്ലോടി മേഖല കലാസാഹിത്യമത്സരത്തിൽ കല്ലോടി യൂണിറ്റ് തുടർച്ചയായി അഞ്ചാം തവണയും ഒന്നാം സ്ഥാനം നേടി. സകലമരിച്ചവരുടെയും തിരുനാളിനോടനുബന്ധിച്ച് സെമിത്തേരിയും പരിസരവും വൃത്തിയാക്കി അലങ്കരിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ നട്ടു. സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ശ്രീ.എൻ.വി.ജോർജ് സാറിനെ ആദരിച്ചു. ഫണ്ടുശേഖരണാർത്ഥം ഭവനങ്ങൾ തോറും കയറിയിറങ്ങി പത്രങ്ങൾ ശേഖരിച്ചു.

**പുതുശ്ശേരി യൂണിറ്റ്**

കല്ലോടി മേഖല KCYM കലാമത്സരത്തിൽ 123 പോയിന്റോടെ യൂണിറ്റ് രണ്ടാം സ്ഥാനം നേടി. പരി. മാതാവിന്റെയും യൂദാശ്ലീഹായുടെയും തിരുനാളിനോടനുബന്ധിച്ച് അൾത്താര അലങ്കരിക്കുകയും വി. കുർബാനയിലെ ശുശ്രൂഷകൾക്ക് KCYM അംഗങ്ങൾ നേതൃത്വം നൽകുകയും ചെയ്തു.

**പോരൂർ യൂണിറ്റ്**

വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ആഘോഷിച്ചു. മിഷൻലീഗുമായി സഹകരിച്ച് മിഷൻകൂടാരം നിർമ്മിച്ചു. ജപമാല മാസത്തോടനുബന്ധിച്ച് മാതാവിന് രൂപക്കൂട് പണിതു. ജപമാല അലങ്കരിച്ചു.

ജപമാലവാരത്തിൽ ഒരുദിവസത്തെ ജപമാലക്ക് യുവജനങ്ങൾ നേതൃത്വം നൽകി. തിരുവചനങ്ങൾ ഇടവകജനങ്ങളിലേക്കെത്തിക്കുന്ന തിന്റെ ഭാഗമായി വചനം എഴുതി ദേവാലയങ്കണത്തിലെ മരത്തിൽ തൂക്കിയിട്ടു. വി.യൂദാശ്ലീഹായുടെ തിരുനാളിനൊരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി. അലങ്കാരപ്പണികളിൽ സഹായിച്ചു. നേർച്ച ഭക്ഷണം തയ്യാറാക്കുന്നതിനും ക്രമീകരിക്കുന്നതിനുമെല്ലാം സഹകരിച്ചു.

**ഒലിവുമല യൂണിറ്റ്**

ഒക്ടോബർ 2 ന് തളിമല-ചുണ്ടേൽ റോഡ് വൃത്തിയാക്കി. പരിശുദ്ധ മാതാവിന്റെ ഗ്രോട്ടോയും പള്ളിയും പരിസരവും വൃത്തി യാക്കി. കലാമത്സരത്തിന് പരിശീലനം നൽകി. ഒരു വ്യക്തിയുടെ ഭവന നിർമാണത്തിന് സഹായിച്ചു. ജപമാല സമാപനദിനത്തിൽ കാഴ്ച സമർപ്പണം, വി.കുർബാനയിലെ ശുശ്രൂഷകൾ ഇവക്ക് കെസിവൈഎം അംഗങ്ങൾ നേതൃത്വം നൽകി. ജപമാലപ്രദക്ഷിണത്തിനൊരുക്കമായി മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചു.

**നെടുമ്പാല യൂണിറ്റ്**

പുതിയ ഇടവകയുടെ കപ്പേളനിർമ്മാണ പ്രവർത്തനങ്ങളിൽ സഹായിച്ചു. സേവനദിനാചരണത്തോടനുബന്ധിച്ച് ഇടവകദേവാലയവും പരിസരവും വൃത്തിയാക്കി. കൽപ്പറ്റ മേഖല കലാമത്സരത്തിൽ യൂണിറ്റ് തുടർച്ചയായി രണ്ടാം പ്രാവശ്യവും ഒന്നാം സ്ഥാനം നേടി.

**ഒണ്ടയങ്ങാടി യൂണിറ്റ്**

മേരിമാതാ കോളേജിൽ വച്ചു നടന്ന ജീസസ് യൂത്തിന്റെ ധ്യാന ത്തിൽ യൂണിറ്റിൽ നിന്നും 24 യുവജനങ്ങൾ പങ്കെടുത്തു. മേഖല സാഹിത്യമത്സരത്തിൽ യൂണിറ്റ് ഒന്നാം സ്ഥാനം നേടി. മേഖലാകലാ മത്സരത്തിൽ മികച്ച സർഗപ്രതിഭയായി ഒണ്ടയങ്ങാടി യൂണിറ്റിലെ ഷെറിൻ കോളറയെ തിരഞ്ഞെടുത്തു. വാഴക്കൃഷിയെ പ്രോത്സാഹിപ്പി ക്കാനും സ്വയംപര്യാപ്തമാകുവാനുമായി 'ഒരംഗത്തിന് ഒരു വാഴ' എന്ന പദ്ധതി പ്രകാരം വാഴ നടുന്നു. ഇതിന്റെ ഉദ്ഘാടനം മേഖല ആനിമേറ്റർ റവ.സി. എലിസബത്ത് SCV ഉദ്ഘാടനം ചെയ്തു. എല്ലാ മാസവും നട ത്താറുള്ളതു പോലെ ആദ്യത്തെ ഞായറാഴ്ച യൂണിറ്റ് കൂട്ടായ്മയും രണ്ടാമത്തെ ശനിയാഴ്ച പള്ളി വൃത്തിയാക്കലും മൂന്നാം ഞായറാഴ്ച ആരാധനയും നടത്തി.

**പയ്യംപള്ളി യൂണിറ്റ്**

ഇടവകാംഗങ്ങൾക്കുവേണ്ടി കെസിവൈഎം വേളാങ്കണ്ണി തീർത്ഥാടനം നടത്തി. റവ.ഫാ.സാന്റോ അമ്പലത്തറ ഇതിന് നേതൃത്വം

നൽകി. പയ്യംപള്ളി മേഖല കലാമത്സരത്തിൽ പയ്യംപള്ളി യൂണിറ്റ് ഒന്നാം സ്ഥാനം നേടി. എല്ലാ ഞായറാഴ്ചകളിലും വി.കുർബാനയിൽ ഗാനശുശ്രൂഷ, അൾത്താര ശുശ്രൂഷ, ബൈബിൾ വായനകൾ തുടങ്ങിയ കാര്യങ്ങൾ യുവജനങ്ങൾ ചെയ്തുവരുന്നു. എല്ലാ ആഴ്ചയിലും ഒരു ദിവസം ദേവാലയം വൃത്തിയാക്കുന്നതിന് യുവജനങ്ങൾ സഹായിച്ചു വരുന്നു.

**വെള്ളൂന്നി യൂണിറ്റ്**

ഒക്ടോ.2 ആത്മനവീകരണദിനമായി ഇടവകയിലെ യുവജന ങ്ങൾ ആചരിച്ചു. എല്ലാവരും കുമ്പസാരിച്ച് വി.കുർബാനയിൽ പങ്കു കൊണ്ടു. വെള്ളൂന്നിയിലെ പോസ്റ്റോഫീസ് കെട്ടിട നവീകരണത്തിൽ യുവജനങ്ങൾ സഹകരിച്ചു. വർദ്ധിച്ചുവരുന്ന വന്യമൃഗശല്യത്തിൽ നിന്നും സംരക്ഷണം ആവശ്യപ്പെട്ട് കൊട്ടിയൂർ റേഞ്ച് ഓഫീസിലേക്കു നടന്ന മാർച്ചിൽ പങ്കെടുത്തു. കെസിവൈഎം കൊട്ടിയൂർ മേഖല നടത്തിയ ജാഗരണ പ്രാർത്ഥനയിൽ യൂണിറ്റിൽ നിന്നും 70 ഓളം പേർ പങ്കെടുത്തു. വി. ചാവറയച്ചന്റെയും വി. എവുപ്രാസ്യാമ്മയുടെയും ഛായാചിത്രം വഹിച്ചുകൊണ്ട് പാൽച്ചുരം പള്ളിയിലേക്കു നടത്തിയ പ്രയാണത്തിൽ ധാരാളം യുവജനങ്ങൾ പങ്കെടുത്തു. ജപമാല മാസാ ചരണത്തിലും കുരിശുപള്ളിയിലെ തിരുനാളിനോടനുബന്ധിച്ചുള്ള ഗാന ശുശ്രൂഷയിലും മിഷൻ ഞായർ ആഘോഷങ്ങളിലും യുവജനങ്ങൾ സഹകരിച്ചു. മേഖലതലത്തിൽ നടന്ന കെസിവൈഎം കലാസാഹിത്യ മത്സരങ്ങളിൽ യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും യൂണി റ്റംഗം കുമാരി ലിന്റ തൊട്ടിയിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടുകയും ചെയ്തു. രൂപതകലോത്സവമായ 'പേൾ-2014' മത്സരത്തിൽ യൂണിറ്റ് 103 പോയിന്റ് നേടി.

**കരിമാനി യൂണിറ്റ്**

മേഖലസാഹിത്യമത്സരത്തിൽ 13 പേർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**മേഖലവാർത്തകൾ - കൊട്ടിയൂർ മേഖല**

ചുങ്കക്കുന്ന് ഫൊറോന ദേവാലയത്തിൽ വച്ച് കെസിവൈഎം മേഖല ജാഗരണപ്രാർത്ഥന നടത്തി. അഞ്ഞൂറിലധികം യുവതീയുവാ ക്കൾ പ്രാർത്ഥനയിൽ പങ്കെടുത്തു. കുമ്പസാരം കൗൺസിലിംഗ് എന്നി വക്ക് പ്രത്യേകം സൗകര്യമുണ്ടായിരുന്നു. റവ. ഫാ. ജെയ്സ് പൂതക്കുഴി, റവ. ഫാ. മാത്യു കറുത്തേടം എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ചുങ്കക്കുന്ന് ഫൊറോന വികാരി റവ. ഫാ. തോമസ് മണക്കു ന്നേൽ ജാഗരണപ്രാർത്ഥനക്കാവശ്യമായ എല്ലാ ഒരുക്കങ്ങളും

ചെയ്തുതന്നു. Pearl –2014 രൂപത കലാമത്സരങ്ങളിൽ 220 പോയിന്റു മായി കൊട്ടിയൂർ മേഖല ഒന്നാം സ്ഥാനം നേടി. മേഖലഡയറക്ടർ റവ.ഫാ.ജെയ്സ് പൂതക്കുഴിയുടെയും മേഖലഭാരവാഹികളുടെയും യൂണിറ്റുകളുടെയും കൂട്ടായ പരിശീലനവും പരിശ്രമവും ആണ് ഇതിനു പിന്നിൽ.

**പയ്യംപള്ളി മേഖല**

'എൽറോയ് –2014' ജീസസ് യൂത്തിന്റെ ധ്യാനത്തിൽ മേഖല യിൽ നിന്നും എഴുപതുപേർ പങ്കെടുത്തു. പയ്യമ്പള്ളി മേഖല കലാമ ത്സരങ്ങൾ പയ്യംപള്ളി യൂണിറ്റിൽ വച്ചു നടത്തപ്പെട്ടു. മിഷൻലീഗ് മേഖല ഡയറക്ടർ റവ.ഫാ.സാന്റോ അമ്പലത്തറ ഉദ്ഘാടനം ചെയ്തു. മത്സര ങ്ങളിൽ പയ്യമ്പള്ളി ഒന്നാം സ്ഥാനം കരസ്ഥമാക്കി., കാട്ടിക്കുളം, കമ്മന എന്നീ യൂണിറ്റുകൾ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. സാഹിത്യമത്സരങ്ങൾ ഒണ്ടയങ്ങാടി യൂണിറ്റിൽ വച്ചും കലാമത്സരങ്ങൾ പയ്യംപള്ളി യൂണിറ്റിൽ വച്ചും നടത്തപ്പെട്ടു. രൂപത സാഹിത്യമത്സര ത്തിൽ പയ്യംപള്ളി മേഖലക്കാണ് ഏറ്റവും കൂടുതൽ പോയിന്റ് ലഭി ച്ചത്.

**തരിയോട് മേഖല**

കെസിവൈഎം തരിയോട് മേഖലയുടെ ആഭിമുഖ്യത്തിൽ 'അരങ്ങ് 2014' കലാമത്സരം നടത്തി. തരിയോട് ഫൊറോന വികാരി റവ.ഫാ.ജോണി കുന്നത്ത് ഉദ്ഘാടനം നിർവഹിച്ചു. വാശിയേറിയ കലാ മത്സരങ്ങൾക്കൊടുവിൽ തരിയോട് യൂണിറ്റ് ഒന്നാം സ്ഥാനം നേടി. ചെന്നലോട്, കാവുമന്ദം യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**സിബിൻ പാലമൂട്ടിൽ**
രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ നവംബർ 9 മുതൽ 12 വരെ നടന്ന കോഴ്സിൽ 102 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഡിസംബർ 7-10 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ 12-15 | - | മണിമൂളി |
| ഡിസംബർ 28-31 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി 11-14 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജനുവരി 23-26 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഡിസംബർ 12 മുതൽ 15 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നും കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് 12-15 ന്റെ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണെ.

**കത്തോലിക്കാ മാതൃസംഘടന**

13-11-2014 -ന് സംയുക്ത എക്സിക്യൂട്ടീവ് ചേർന്നു. 2015 വർഷത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. 2015 വർഷം സമർപ്പിത വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ സമർപ്പിതരെയും അവരുടെ മാതാപിതാക്കളെയും ആദരിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും തീരുമാനിച്ചു.

**രൂപതാ വാർഷികവും ആനിമേറ്റർമാരുടെ സംഗമവും**

മാതൃസംഘടനയുടെ ഇടവക ആനിമേറ്റർമാരായി സേവനം ചെയ്യുന്ന എല്ലാ ബഹു. സിസ്റ്റേഴ്സിന്റെയും സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ 2014 ഡിസംബർ 19 -ന് വൈകിട്ട് 6 മണി മുതൽ. 20-ന് വാർഷിക ജനറൽ ബോഡിയും സാഹിത്യ മൽസര വിജയികൾക്കും ലോഗോസ് ബൈബിൾ വിജയികൾക്കും സമ്മാന വിതരണവും നടക്കും.

ലോഗോസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന കുടുംബത്തിനും മാതൃസംഘടനാംഗത്തിനും പ്രത്യേകം സമ്മാനമുണ്ട്. നവംബർ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

**കല്ലോടി മേഖല**

18-10-2014 -ന് കല്ലോടി മേഖലാ ജപമാല റാലി പുതിയിടംകുന്ന് ഇടവകയിൽ നടത്തി. മേഖലാ ഡയറക്ടർ റവ. ഫാ. ജോസ് കപ്യാരുമലയിൽ റാലി ഉദ്ഘാടനം ചെയ്തു. ബഹു. ഫാ. ജെയ്സൻ MCBS വി. കുർബ്ബാനയർപ്പിച്ച് വചന സന്ദേശം നടത്തി.

**പയ്യംപള്ളി മേഖല**

8-11-2014 -ന് മേഖലാ എക്സിക്യൂട്ടീവ് ചേർന്നു. മേഖലാ ടീമിന്റെ ശാഖാ സന്ദർശനം നടത്തി. ബെസ്റ്റ് ശാഖയായി ഒണ്ടയങ്ങാടി മാർട്ടിൻ നഗർ ശാഖയും പയ്യംപള്ളി 2-ഉം കമ്മന 3 -ഉം സ്ഥാനങ്ങളും അപ്പപ്പാറ പ്രോൽസാഹന സമ്മാനത്തിനും അർഹരായി. ഡിസംബർ 13 -ന് ഇടയൂർക്കുന്നിൽ വച്ച് മേഖലാ വാർഷികം നടത്തുവാൻ തീരുമാനിച്ചു.

**മണിമൂളി മേഖല**

27-9-2014 -ന് മണിമൂളി മേഖലയിൽ അമ്മമാർക്കായി കായിക മൽസരം സംഘടിപ്പിച്ചു. എല്ലാ ശാഖകളിൽ നിന്നുമായി 200-ലധികം അമ്മമാർ പങ്കെടുത്തു. മണിമൂളി ശാഖ 1-ഉം പാലേമാട് 2-ഉം പാലാങ്കര 3-ഉം സ്ഥാനം കരസ്ഥമാക്കി. 16-10-2014 -ന് മേഖലാ ഡയറക്ടർ ബഹു. സെബസ്റ്റ്യൻ കീഴേത്തച്ചന്റെ പൗരോഹിത്യ രജത ജൂബിലി മേഖലയിൽ ആഘോഷിച്ചു.

**നിലമ്പൂർ മേഖല**

22-10-2014 -ന് നിലമ്പൂർ ദേവാലയത്തിൽ വച്ച് ജനറൽ ബോഡിയോഗം ചേർന്നു. മികച്ച ശാഖകൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം പൂളപ്പാടം, പൂക്കോട്ടുംപാടം, തേൾപ്പാറ എന്നീ ശാഖകൾ കരസ്ഥമാക്കി. അന്നേദിവസം മേഖലാ സാഹിത്യമൽസര വിജയികൾക്ക് സമ്മാനവും നൽകി.

**കൽപ്പറ്റ മേഖല**

മേഖലാ ജനറൽബോഡിയും എക്സിക്യൂട്ടീവ് യോഗവും തെനേരി ശാഖയിൽ വച്ച് നടത്തി. തുടർന്ന് നടന്ന സഹന ജപമാലയിലും വി.കുർബ്ബാനയിലും മേഖലയിലെ എല്ലാ ഇടവകകളിൽ നിന്നും അംഗങ്ങൾ പങ്കുചേർന്നു. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

**പയ്യംപള്ളി ശാഖ**

8-11-2014 -ന് യോഗം ചേർന്നു. വിഷരഹിത പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിന് വേണ്ടി 5 തരം പച്ചക്കറിതൈകൾ വാങ്ങി എല്ലാ അമ്മമാർക്കും നൽകി. കയ്യെഴുത്ത് മാസിക നിർമ്മിക്കുവാനുള്ള ഒരു

ക്കങ്ങൾ തുടങ്ങി. വിശുദ്ധരുടെ ജീവചരിത്രങ്ങൾ വായിക്കുന്നതിനായി ഒരു ലൈബ്രറി തുടങ്ങി. വീടില്ലാതെ വിഷമിക്കുന്ന സംഘടനയിലെ തന്നെ ഒരമ്മയ്ക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകി.

**മാർട്ടിൻ നഗർ ശാഖ**

7-11-2014 -ന് ജനറൽ ബോഡി ചേർന്നു. പരേതരായ സംഘാംഗങ്ങളുടെ ഭവനം സന്ദർശിച്ചു പ്രാർത്ഥിക്കുവാനും 14 -ാം തീയ്യതി പരേതർക്ക് വേണ്ടി വി.ബലിയും ഒപ്പീസും ചൊല്ലിക്കുവാനും മരിച്ചവർക്കും വൃദ്ധമാതാപിതാക്കൾക്കും വേണ്ടി ആദ്യവെള്ളിയാഴ്ച്ച ഉപവാസവും ചെയിൻ റോസറിയും നടത്തുവാനും തീരുമാനിച്ചു. രൂപത ടീം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് അസോസിയേറ്റ് ഡയറക്ടർ ബഹു.ജോഷി മഞ്ഞക്കുന്നേലച്ചൻ വി.ബലിയർപ്പിച്ച് സന്ദേശം നൽകി. അമ്മമാരുടെ പ്രത്യേക പ്രവർത്തനങ്ങളായി ശാഖയ്ക്ക് ഫോൺ ഡിറക്ടറി ഉണ്ടാക്കുവാനും പ്ലസ് വൺ വിദ്യാർത്ഥിക്ക് പഠനസഹായം നൽകുവാനും പാലിയേറ്റീവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാനും തീരുമാനിച്ചു. ഏലതൈകൾ വിതരണം ചെയ്തു.

**പുതുശ്ശേരിക്കടവ്**

വി.എവുപ്രാസ്യാമ്മയേയും വി.ചാവറയച്ചനേയും ഇടവകയിലെ അമ്മമാർക്ക് പരിചയപ്പെടുത്തുന്നതിനായി ഒക്ടോബർ 24 -ാം തീയ്യതി ഇടവക ദേവാലയത്തിൽ വച്ച് സെമിനാർ നടത്തി. ഇടവക വികാരി ബഹു.ജോണി ഇലവുംകൽ അച്ചനും ആനിമേറ്റർ സി.ജാൻസി മരിയ CMC-യും സെമിനാറിന് നേതൃത്വം നൽകി.

**വെള്ളൂന്നി**

ആനിമേറ്ററും വാർഡ് ലീഡേഴ്സും ചേർന്ന് അരിയും പച്ചക്കറിയും സമാഹരിച്ച് ഇടവകയിലെ ഒരു നിർദ്ധന കുടുംബത്തിന് നൽകി. കാട്ടാനയുടെ ആക്രമണത്താൽ ആശുപത്രിയിൽ കഴിയുന്ന സംഘടനാംഗത്തിന്റെ ചികിൽസാഫണ്ടിലേക്ക് പണംകണ്ടെത്താനായി അമ്മമാർ ഭവനങ്ങൾ സന്ദർശിച്ച് 81000/- രൂപ ശേഖരിച്ച് ബഹു.വികാരിയച്ചനെ ഏൽപ്പിച്ചു. വാർഡുകളിൽ വച്ച് നടത്തപ്പെടുന്ന മാതൃസംഘടനയുടെ മീറ്റിംങ്ങ് മുടങ്ങാതെ നടത്താൻ തീരുമാനിച്ചു.

**വഞ്ഞോട്**

ബഹു.വികാരിയച്ചന്റെ നേതൃത്വത്തിൽ അമ്മമാർ നടവയൽ ഓസ്സാനാം ഭവൻ സന്ദർശിച്ചു. സമ്മാനങ്ങൾ വിതരണം ചെയ്തു.

**കൽപ്ര**

ലഹരി വിമുക്ത വർഷം പ്രമാണിച്ച് സിസ്റ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുന്നു. പ്രത്യേക ദിവസങ്ങളിൽ അമ്മമാരുടെ കാഴ്ച്ച സമർപ്പണതുക

സമാഹരിച്ച് അർഹരായവർക്ക് നല്കി വരുന്നു. പച്ചക്കറി കൃഷി പ്രോൽസാഹനവും സംഘടനയുടെ ഭാഗമായി നടത്തിവരുന്നു.

**വടക്കനാട്**

ലഹരി വിമുക്ത വർഷത്തോടനുബന്ധിച്ച് 'ലഹരിയുടെ ഉപയോഗം മൂലം തകരുന്ന കുടുംബങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ആനിമേറ്ററുടെ നേതൃത്തിൽ അമ്മമാർ കൊളാഷ് നിർമ്മിച്ചു. പഴൂർ വച്ച് നടന്ന ജപമാല റാലിയിലും ലോഗോസ് ക്വിസ് പരീക്ഷയിലും അമ്മമാർ പങ്കെടുത്തു. ലഹരി വിമുക്ത വർഷത്തിൽ എല്ലാ 3-ാം ശനിയാഴ്ച്ചകളിലും അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു.

**പുതിയിടംകുന്ന്**

തണൽവൃദ്ധസദനം സന്ദർശിച്ച് പച്ചക്കറികൾ, ഡ്രസ്സുകൾ എന്നിവ വീടുകളിൽ നിന്നും ശേഖരിച്ച് നൽകി. കല്ലോടി മേഖലാ ജപമാല റാലി പുതിയിടംകുന്ന് ഇടവകയിൽ മേഖലാ ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തി.

**തെനേരി**

*ലഹരി വിമുക്ത കുടുംബം അനുഗ്രഹീത സമൂഹം* എന്ന ആശയത്തിലൂന്നി ശാഖയിലെ 16 വാർഡുകളിലെയും അമ്മമാർ വാർഡുതലത്തിൽ എല്ലാ രണ്ടാം ഞായറാഴ്ച്ചകളിലും ഓരോ വീടുകളിൽ ഒരുമിച്ചുകൂടി ഒരു മണിക്കൂർ കുടുംബപ്രാർത്ഥനയും ജപമാലയും വചനവായനയും ലഹരി വിമുക്ത പ്രാർത്ഥനയും ചൊല്ലി ലഹരിക്ക് അടിമകളായവരെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. മാതൃദിനത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചൻ തെനേരി ശാഖ സമ്പൂർണ്ണ അമ്മമാസിക ഇടവകയായി പ്രഖ്യാപിച്ചു.

**പൂളപ്പാടം**

ഇടവകയിലും വിവിധ കപ്പേളകളിലും നടത്തിയ ജപമാലയിൽ അമ്മമാർ സംബന്ധിച്ചു. മിഷൻ റാലിയിൽ യൂണിഫോം ധരിച്ച് അമ്മമാർ പങ്കെടുത്തു. മേഖലയിലെ ഏറ്റവും മികച്ച ശാഖയായി തിരഞ്ഞെടുക്കപ്പെട്ടു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് അംഗങ്ങൾ കമില്ലസ് ഹോസ്പ്പിറ്റലിൽ രോഗികളെ സന്ദർശിച്ച് ചികിൽസാ സഹായം നൽകി. സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിന് ചായപ്പൊടി വിറ്റു.

**ഫാ. മാത്യു പെരിയപ്പുറം** - ഡയറക്ടർ
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

"ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ. 10/10)

നവംബർ ആദ്യശനിയുടെ തലേദിവസം സോണൽ മീറ്റിഗിനായി ശുശ്രൂഷകർ ഒരുമിച്ചുകൂടി. 10 മണിക്ക് കുരിശിന്റെ വഴി, ആരാധന എന്നിവയ്ക്കുശേഷം 12 മണിക്ക് ബഹു. സോണിവാഴകാട്ട് അച്ചൻ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ശുശ്രൂഷകരുടെ വിളിയെക്കുറിച്ച്, അതിന്റെ പൂർണ്ണതയെക്കുറിച്ച് അച്ചൻ സംസാരിച്ചു. ഉള്ളും ഉള്ളതും നൽകി മറിയത്തെപ്പോലെ അഗാധമായ സമർപ്പണമാണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്, ശുശ്രൂഷകർ ആനന്ദത്തിന്റെ ആത്മീയത നിറഞ്ഞവരായിരിക്കണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു. തുടർന്ന് 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ അധ്യക്ഷതയിൽ സോണൽ മീറ്റിംഗ് നടത്തി. ബാറൂക്ക് 1/11 "ഐഹികജീവിതം സ്വർഗ്ഗീയ ജീവിതം പോലെയാകുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുവിൻ" എന്ന വചനം ആസ്പദമാക്കി അച്ചൻ സംസാരിച്ചു. ഈ മാസത്തെമുഴുവൻ ശുശ്രൂഷകളെയും, ധ്യാനങ്ങളെയും അതിനുചെയ്യേണ്ട മദ്ധ്യസ്ഥ പ്രാർത്ഥനകളെയും കുറിച്ച് അച്ചൻ സംസാരിച്ചു. തുടർന്ന് എൽഡറിംഗിനായി ശുശ്രൂഷകർ പോയി

### ജാഗരണപ്രാർത്ഥന

"മാനവരാശിയുടെ ജീവശ്വാസവും സകല ജീവജാലങ്ങളുടെയും പ്രാണനും അവിടുത്തെ കരങ്ങളിലാണ്" (ജോബ് 12:10).

സീയോനിലെ ജാഗരണപ്രാർത്ഥന 6.30 ന് ജപമാലയോടുകൂടി ആരംഭിച്ചു. ബഹു. അഗസ്റ്റിനച്ചൻ വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഭക്ഷണശേഷം കുരിശിന്റെ വഴി, ആരാധന എന്നിവ ബഹു. അഗസ്റ്റിനച്ചന്റെ നേതൃത്വത്തിൽ സീയോൻ കോർഡിനേറ്റർ ശ്രീ. പൈലി

തുറപ്പാട്ട്, സി. ക്രിസ്റ്റി മരിയ SABS എന്നിവർ ചേർന്ന് നയിച്ചു. 12 മണിക്ക് വിശ്രമത്തിനായി പോയി.

**ആദ്യശനി – ഏകദിന കൺവെൻഷൻ**

"അവിടുന്ന് തന്നെയാണ് അവരെ രക്ഷിച്ചത്. തന്റെ കരുണയിലും സ്നേഹത്തിലും അവിടുന്ന് അവരെ വീണ്ടെടുത്തു. കഴിഞ്ഞകാലങ്ങളിൽ അവിടുന്ന് അവരെ കരങ്ങളിൽ വഹിച്ചു" (ഏശയ്യ 63:9).

പ്രഭാതത്തിൽ 6 മണിക്ക് ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവ നടത്തി. ഭക്ഷണശേഷം ശുശ്രൂഷകൾ ആരംഭിച്ചു. 9 മണിക്ക് സപ്ര, ജപമാല, സ്തുതി ആരാധന എന്നിവയ്ക്കുശേഷം സാക്ഷ്യശുശ്രൂഷ നടത്തി. 11 മണിക്ക് വചനപ്രഘോഷണം, വി. കുർബാന എന്നിവയ്ക്ക് ബഹു. ബാബു മൂത്തേടത്ത് അച്ചൻ നേതൃത്വം നൽകി. ദൈവമക്കൾക്ക് പ്രത്യാശ പകരുന്നതായിരുന്നു വചനശുശ്രൂഷ. തുടർന്ന് ബഹു. അഗസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ നടന്നു. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാം ശനി – ദമ്പതീകൂട്ടായ്മ**

"ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും" (ജോഷ്വ 24:15).

രണ്ടാംശനി ദമ്പതീകൂട്ടായ്മ 10 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. വചനപ്രഘോഷണം, വി. കുർബാന എന്നിവയ്ക്ക് ബഹു. ജോഷി മഞ്ഞക്കുന്നേൽ അച്ചൻ നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**യുവജനകൂട്ടായ്മ**

"നിങ്ങളുടെ കൈകൾ തളരാതിരിക്കട്ടെ. നിങ്ങളുടെ പ്രവർത്തികൾക്ക് പ്രതിഫലം ലഭിക്കും"(2 ദിന 15:17).

ജീസസ് യൂത്ത് ലീഡേഴ്സ് രണ്ടാംശനിയുടെ തലേദിവസം പ്രാർത്ഥിച്ച് ഒരുങ്ങി രണ്ടാംശനിയാഴ്ച ശുശ്രൂഷ ചെയ്തു. ബഹു. സോണി വാഴകാട്ട് അച്ചൻ വചനം പങ്കുവെച്ച്, വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ആരാധനയ്ക്കുശേഷം 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

**പൊതുകൗൺസിലിംഗ് ദിനം**

രണ്ടാംശനിയാഴ്ച കൗൺസിലിംഗിനായി കൗൺസിലേഴ്സ് തലേദിവസം പ്രാർത്ഥിച്ച് ഒരുങ്ങി. രണ്ടാംശനിയാഴ്ച നൂറിലധികം മക്കൾ കൗൺസിലിംഗിനായി കടന്നുവന്നു. സന്തോഷത്തോടെ തിരിച്ചുപോയി.

**ആന്തരികസൗഖ്യ ധ്യാനം**

"അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ. 119:5).

ആന്തരികസൗഖ്യ ധ്യാനത്തിൽ ധാരാളം ദൈവമക്കൾ പങ്കെടുത്തു. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ, ബഹു. സോണി വാഴകാട്ട് അച്ചൻ, ശ്രീ. ജോസഫ് വട്ടക്കുന്നേൽ എന്നിവർ ക്ലാസ്സ് നയിച്ചു.

**ജാഗരണ പ്രാർത്ഥന**

മൂന്നാംവെള്ളി ജാഗരണ പ്രാർത്ഥന വൈകുന്നേരം 7 മണി മുതൽ രാവിലെ 5 മണി വരെ ബഹു. അഗസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ സീയോൻ ടീം നടത്തി.

**സീയോൻ ഡിസംബർ മാസത്തിൽ**

| | | |
|---|---|---|
| ഡിസംബർ 5 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| ഡിസംബർ 6 ആദ്യശനി | - | ഏകദിനകൺവെൻഷൻ |
| ഡിസംബർ 13 രണ്ടാംശനി | - | ദമ്പതീകൂട്ടായ്മ |
| | - | യുവജനകൂട്ടായ്മ |
| | - | പൊതുകൗൺസിലിംഗ് ദിനം |
| ഡിസംബർ 19 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| ഡിസംബർ 27 നാലാംശനി | - | സൗഖ്യദിനം |
| ഡിസംബർ 14-18 | - | ആന്തരികസൗഖ്യ ധ്യാനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങളേ,

"യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും".

ഡിസംബർ മാസം പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ, നമ്മുടെ രക്ഷകനായ യേശുനാഥന്റെ പിറവിത്തിരുനാൾ, വർഷാവസാനം എന്നിങ്ങനെയുള്ള ആഘോഷങ്ങളുടെയും 25 നോമ്പിന്റെയും മാസമാണല്ലോ. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും സമാഗതമാകുന്ന ക്രിസ്തുമസ് മംഗളങ്ങൾ നേരുന്നതിനോടൊപ്പം പുതുവർഷ മംഗളങ്ങളും നേരുന്നു.

നോമ്പിന്റെയും, പരിത്യാഗത്തിന്റെയും, പ്രാർത്ഥനയുടെയും ദിനങ്ങളായ ഡിസംബർ മാസത്തിൽ പരസ്നേഹപ്രവർത്തനങ്ങളിലൂടെയും സ്നേഹാരൂപിയിൽ നിറഞ്ഞ ജീവിതസാക്ഷ്യത്തിലൂടെയും ലോകരക്ഷകനായ യേശുനാഥനെ നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാൻ നമുക്കൊരുങ്ങാം. ഡിസംബർ 8 പരി. അമ്മയുടെ അമലോത്ഭവ തിരുനാൾ ഇടവകകളിൽ സമുചിതമായി ആഘോഷിക്കുകയും അന്നേദിവസം എല്ലാ പ്രവർത്തകരും തിരുസഭയ്ക്കും, പരി. പിതാവിനും, സംഘടനയ്ക്കും മാതൃരാജ്യത്തിനും വേണ്ടി വിശുദ്ധ കുർബാനയിൽ പ്രത്യേകം നിയോഗം വെച്ച് പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുമസിനോടനുബന്ധിച്ച്ആത്മീയോപദേഷ്ടാവുമായി ആലോചിച്ച് ഓരോ കോൺഫറൻസും തങ്ങൾക്ക് സൗകര്യപ്രദമായ ഒരു ദിവസം ദത്തുകുടുംബങ്ങളെയും കൂട്ടി ക്രിസ്തുമസ് ആഘോഷം നടത്തണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ കോൺഫറൻസ് അംഗങ്ങൾ 'ക്രിസ്തുമസ് ഫ്രണ്ടിനെ' തിരഞ്ഞെടുക്കുകയും പരസ്പരം പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

**സിസി യോഗം**

2014 നവംബർ 15-ാം തീയതി സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷനായി, ആത്മീയോപദേഷ്ടാവ് റവ. ഫാ. വർഗ്ഗീസ്

മുളകുടിയാങ്കലിന്റെ സാന്നിധ്യത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് യോഗം ചേർന്നു. യോഗതീരുമാനങ്ങൾ.

1. ഓസ്സാനാംഭവനിൽ അവശരായവരേയും ആലംബഹീനരേയും മാത്രമേ സ്വീകരിക്കുകയുള്ളൂ.
2. ഏസി തലത്തിൽ വർഷത്തിൽ ഒരു ഏകദിന ധ്യാനവും വാർഷിക ധ്യാനവും നടത്തണം.
3. 2015 ൽ കോൺഫറൻസ് ഭാരവാഹികൾക്ക് ഏകദിന ശില്പശാല നടത്താൻ തീരുമാനിച്ചു.
4. നടപ്പുവർഷം കോൺഫറൻസുകൾ ഇല്ലാത്ത ഇടവകകളിൽ കോൺഫറൻസുകൾ രൂപീകരിക്കുവാനും എല്ലാ ഇടവകകളിലും ജൂനിയർ കോൺഫറൻസ് രൂപീകരിക്കാനും തീരുമാനിച്ചു.
5. ഏസി തലത്തിൽ രക്തം, അവയവം എന്നിവ ദാനം ചെയ്യാൻ താല്പര്യമുള്ളവരുടെ ലിസ്റ്റ് സ്വരൂപിക്കാൻ തീരുമാനിച്ചു.
6. ഇന്റേണൽ പ്രൊജക്ട് അതേപോലെ ട്വിന്നിംഗ് നടപ്പാക്കാൻ തീരുമാനിച്ചു.
7. കോൺഫറൻസ് തലത്തിൽ പ്രൊജക്ട് ഓഫീസർമാരെ നിയമിക്കാൻ തീരുമാനിച്ചു.
8. സമർപ്പിതവർഷാചരണത്തിന്റെ ഭാഗമമായി അതത് ഇടവകയിലെ സമർപ്പിതരെ ആദരിക്കണം.
9. ദൈവവിളി പ്രോത്സാഹിപ്പിക്കണം.

**ട്വിന്നിംഗ്**

ആസ്ട്രേലിയൻ ട്വിന്നിംഗ് സ്പെഷ്യൽ ഗ്രാന്റ്, സ്കോട്ട്ലാന്റ് ട്വിന്നിംഗ് എന്നിവ യോഗത്തിൽ വെച്ച് വിതരണം ചെയ്തു.

**നിയമനം**

ബ്രദർ തോമസ് തൈരംചേരിലിനെ, മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ ഇന്റേണൽ ട്വിന്നിംഗ് ഓഫീസർ ആയി നിയമിച്ചു. സിസി യോഗത്തിൽ സത്യപ്രതിജ്ഞ ചെയ്ത് ചാർജ്ജെടുത്തു.

Mob: 9446388547, Ph: 04936 223421

ബ്രദർ ജോർജ്ജ് ആക്കാന്തിരി ഓസ്സാനാംഭവൻ ഇൻചാർജ്ജ്

Mob: 9645430635

**പുതിയ കോൺഫറൻസ്**

**ഊട്ടി:** ലോകപ്രസിദ്ധ വിനോദസഞ്ചാര കേന്ദ്രമായ ഊട്ടിയിലെ സെന്റ് ജോസഫ് ഇടവകയിൽ പുതിയ കോൺഫറൻസ് രൂപീകരിച്ചു. സെന്റ് ജോസഫ് കോൺഫറൻസ് രൂപീകരണത്തിന് മുൻകൈ എടുത്ത് പ്രവർത്തിച്ച മാനന്തവാടി സിസി വൈസ് പ്രസിഡണ്ട് ബ്രദർ ജോസ്

വട്ടുകുളത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ അർഹിക്കുന്നു. കോൺഫറൻസ് രൂപീകരണത്തിന് സഹകരിച്ച് പ്രവർത്തിച്ച ഗൂഡല്ലൂർ ഏസി പ്രസിഡണ്ട് ബ്രദർ തങ്കച്ചനെയും മറ്റു ഭാരവാഹികളെയും അഭിനന്ദനം അറിയിക്കുന്നു.

എല്ലാറ്റിലും ഉപരിയായി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കോൺഫറൻസ് ഇടവകയിൽ ആരംഭിക്കാൻ താല്പര്യം പ്രകടിപ്പിച്ച് ഇടവകാംഗങ്ങൾക്ക് പ്രചോദനം നൽകി സഹകരിച്ച ഇടവക വികാരി ബഹു. മാത്യു മലയിൽ അച്ചനെ അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**ഭാരവാഹികൾ**

ബ്രദർ കെ.എം. അഗസ്റ്റിൻ – പ്രസിഡണ്ട് Mob: 09443144928
സി. മോളി സൈമൺ – വൈസ് പ്രസിഡണ്ട്
ബ്രദർ ജോസ് ടി ലൂയിസ് – സെക്രട്ടറി
സി. മിനി ജോസ് – ജോ. സെക്രട്ടറി
ബ്രദർ തോമസ് എം. സെബാസ്റ്റ്യൻ – ട്രഷറർ
റവ. ഫാ. മാത്യു മലയിൽ – ആത്മീയോപദേഷ്ടാവ്
Mob: 09486903887

**കല്ലുമുക്ക്:** ബത്തേരി ഏസിയിലെ കല്ലുമുക്ക് സെന്റ് ജോർജ്ജ് ഇടവകയിൽ പുതിയ കോൺഫറൻസ് രൂപീകരിച്ചു.

നിരന്തര വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ സമയത്തിന്റെയും സമ്പത്തിന്റെയും ഓഹരി വിനിയോഗിച്ച് അദ്ധ്വാനിക്കുന്ന സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ഏസി പ്രസിഡണ്ട് ഫ്രാൻസീസ് പുലിക്കോട്ടിൽ എന്നിവരെ പ്രത്യേകം അനുമോദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

**ഭാരവാഹികൾ**

**1. സെന്റ് ജോസഫ്, വടക്കനാട്**

ബ്രദർ സിബിൻ പാറത്തോട്ടത്തിൽ – പ്രസിഡണ്ട്
ബ്രദർ പൗലോസ് വട്ടുകുന്നേൽ – വൈസ് പ്രസിഡണ്ട്
ബ്രദർ മാനുവേൽ അരംപുളിക്കൽ – സെക്രട്ടറി
ബ്രദർ ബർദ്ദൻ മാങ്കുന്നേൽ – ട്രഷറർ
റവ. ഫാ. ജയ്സൺ കുഴികണ്ടത്തിൽ – ആത്മീയോപദേഷ്ടാവ്

**2. സെന്റ് ജോർജ്ജ് കോൺഫറൻസ് മൂലങ്കാവ്**

സി. ബീന കൊരണ്ടിയാർകുന്നേൽ – പ്രസിഡണ്ട്
സി. ചിന്നമ്മ റാത്തപ്പള്ളിൽ – വൈസ് പ്രസിഡണ്ട്

| | | |
|---|---|---|
| സി. ബിന്ദു അപ്പോഴിപറമ്പിൽ | - | സെക്രട്ടറി |
| സി. റീന കൊല്ലമ്മന | - | ട്രഷറർ |
| റവ. ഫാ. ഷാജു മുളവേലിക്കുന്നേൽ | - | ആത്മീയോപദേഷ്ടാവ് |

**3. സെന്റ് ജോർജ്ജ് കോൺഫറൻസ്, കല്ലുമുക്ക്**

| | | |
|---|---|---|
| ബ്രദർ ജോയി വെണ്ണമറ്റത്തിൽ | - | പ്രസിഡണ്ട് |
| ബ്രദർ ഷാജി മുതിരക്കാലായിൽ | - | വൈസ് പ്രസിഡണ്ട് |
| ബ്രദർ ഹെക്സൺ വട്ടുകുന്നേൽ | - | സെക്രട്ടറി |
| ബ്രദർ മാത്യു വട്ടുകുന്നേൽ | - | ട്രഷറർ |
| റവ. ഫാ. ജോണി കാഞ്ഞിരംപറമ്പിൽ | - | ആത്മീയോപദേഷ്ടാവ് |

**സെമിനാർ**

ബത്തേരി ഏസിയുടെ വാർഷിക സെമിനാർ 3-11-2014 ന് സിസി ആത്മീയോപദേഷ്ടാവ് റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കലിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയോടെ രാവിലെ 9.30 ന് ആരംഭിച്ചു. പരി. കുർബാനക്കുശേഷം നടന്ന ആമുഖ പൊതുയോഗത്തിൽ സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷത വഹിച്ചു. ബത്തേരി ഏസി ആത്മീയോപദേഷ്ടാവ് ബത്തേരി അസംപ്ഷൻ ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു.

സി. ലിസാമ്മ തട്ടാരടിയിൽ, പ്രസിഡണ്ട് - സെന്റ് അൽഫോൻസ കോൺഫറൻസ്, ബത്തേരി - പ്രാർത്ഥന ലീഡ് ചെയ്തു.

ബ്രദർ തോമസ് പട്ടമന, പ്രസിഡണ്ട് - സെന്റ് ജൂഡ് കോൺഫറൻസ്, മൂലങ്കാവ് - ജ്ഞാനവായന.

ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ, ബത്തേരി ഏസി പ്രസിഡണ്ട് - സ്വാഗതം.

ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സിസി ജനറൽ സെക്രട്ടറി - ആശംസകൾ

ബ്രദർ ജോസ് മെഴുകനാൽ, പ്രസിഡണ്ട് - സെന്റ് മേരീസ് കോൺഫറൻസ്, ബത്തേരി - നന്ദി.

ബ്രദർ ഡോ. പി. എം. മത്തായി, മാനന്തവാടി സിസി അഗ്രിഗേഷൻ & ഇൻസ്റ്റിറ്റ്യൂഷൻ ഓഫീസർ, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, സിസി ജനറൽ സെക്രട്ടറി - സെമിനാർ ക്ലാസ്സുകൾ വളരെ സരളവും വിശദവുമായി എടുത്തു.

ബ്രദർ തോമസ് മാങ്ങൻ, സിസി പ്രസിഡണ്ട്, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ ഡോ. പി. എം. മത്തായി - പൊതുചർച്ചകൾ നടത്തി യോഗം വിജയത്തിലെത്തിച്ചു.

ഉച്ചക്ക് 2.30 ന് പ്രാർത്ഥനയോടെ യോഗം സമാപിച്ചു. ഉച്ചഭക്ഷണത്തോടെ പിരിഞ്ഞ യോഗത്തിൽ നൂറിൽപരം അംഗങ്ങൾ പങ്കെടുത്തു.

**യുവജനമത്സരങ്ങൾ**

2014 സെപ്റ്റംബർ മാസത്തിൽ അറിയിച്ചിരുന്നതനുസരിച്ച് ഡിസംബർ 20-ാം തീയതി നടത്താനിരുന്ന യുവജനമത്സരങ്ങൾ ഡിസംബർ 22-ാം തീയതിയിലേക്ക് മാറ്റിയിരിക്കുന്നു.

**ക്രിസ്തുമസ് ആഘോഷം**

2014 വർഷത്തെ ക്രിസ്തുമസ് ഓസ്സാനാംഭവനിൽ വെച്ച് ഡിസംബർ 20-ാം തീയതി എല്ലാ ആത്മീയോപദേഷ്ടാക്കളുടെയും സാന്നിധ്യത്തിൽ ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**ഓസ്സാനാംഭവൻ സന്ദർശനം**

**പുൽപ്പള്ളി ഏസി**

| | | |
|---|---|---|
| 17-12-2014 | സെന്റ് മേരീസ് | മുള്ളൻകൊല്ലി |
| 19-12-2014 | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |
| 21-12-2014 | സെന്റ് ജൂഡ് | അമരക്കുനി |
| 23-12-2014 | സാന്തോം | മരകാവ് |

**തരിയോട് ഏസി**

| | | |
|---|---|---|
| 25-12-2014 | സെന്റ് ഫ്രാൻസീസ് അസ്സീസി | മഞ്ഞൂറ |
| 27-12-2014 | സെന്റ് തെരേസ | തരിയോട് |
| 29-12-2014 | സെന്റ് തോമസ് | തരിയോട് |
| 31-12-2014 | സെന്റ് തോമസ് | ചെന്നലോട് |
| 02-1-2015 | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 04-1-2015 | സെന്റ് ജോർജ്ജ് | കോട്ടത്തറ |
| 06-1-2015 | സെന്റ് മേരീസ് | ചെന്നലോട് |

**തോണിച്ചാൽ ഏസി**

| | | |
|---|---|---|
| 8-1-2015 | ലിറ്റിൽ ഫ്ളവർ | ചെറുകാട്ടൂർ |
| 10-1-2015 | സെന്റ് അൽഫോൻസ | ദ്വാരക |
| 12-1-2015 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 14-1-2015 | സെന്റ് മേരീസ് | തോണിച്ചാൽ |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ക്രിസ്തുമസ് ആശംസകളും പുതുവർഷപുലരിയുടെ മംഗളങ്ങളും നേർന്നുകൊണ്ട് പ്രാർത്ഥനയോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി**
**സെമിനാർ സംഘടിപ്പിച്ചു**

WSSS ന്റെ കീഴിൽ ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്കായി 25-10-14 ന് WSSS ന്റെ ഓഡിറ്റോറിയത്തിൽ വെച്ച് പച്ചക്കറികൃഷിയെക്കുറിച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചു. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ വയനാട് ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ശ്രീ. അലക്സ് മാത്യു സെമിനാർ ഉദ്ഘാടനം ചെയ്തു. WSSS ന്റെ ഡയറക്ടർ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. ജോ.ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, ശ്രീ. പി.എ. ജോസ് എന്നിവർ സംസാരിച്ചു. കുമാരി ശില്പ വിവിധതരം പച്ചക്കറി കൃഷിയെക്കുറിച്ചും അതിന്റെ പരിപാലനത്തെക്കുറിച്ചും നടീൽ വസ്തുക്കളെക്കുറിച്ചും ക്ലാസുകൾ എടുത്തു. എസ്.എച്ച്.എം. ന്റെ നേതൃത്വത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെകുറിച്ച് ശ്രീ. അലക്സ് മാത്യു വിശദീകരിച്ചു.

പുതിയതായി 419 കർഷകർ ജൈവകൃഷി പദ്ധതിയിൽ ഈ മാസം രജിസ്റ്റർ ചെയ്തു. WSSS ന്റെ നേതൃത്വത്തിൽ ജൈവകർഷകർക്കായി വിവിധ റീജിയണുകൾ കേന്ദ്രീകരിച്ച് സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു.

**വികാസ് പീഡിയ**

വികാസ്പീഡിയ പോർട്ടൽ മുഖ്യമായും "വികസനം സംഘടിത വിജ്ഞാന ശാക്തീകരണത്തിലൂടെ".... എന്ന മുദ്രാവാക്യത്തിൽ അധിഷ്ഠിതമാണ്. പുത്തൻ സമൂഹത്തെ വാർത്തെടുക്കുകയും അവർക്ക് വേണ്ട സേവനങ്ങളും മറ്റും നൽകുകയും ചെയ്യുക എന്നത് ഈ വിജ്ഞാന പോർട്ടലിന്റെ ഉത്തരവാദിത്വമാണ്. ഒരു ബഹുഭാഷ വിജ്ഞാന ശേഖരമായ വികാസ്പീഡിയ പോർട്ടൽ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനങ്ങൾക്ക് വിവരങ്ങൾ നൽകി സമഗ്രസാമൂഹിക

വികസനം നേടിയെടുക്കുവാനുള്ള ആവശ്യഘടകങ്ങളെയാണ് ലക്ഷ്യം വയ്ക്കുന്നത്.

**വികാസ് പീഡിയ ചർച്ചചെയ്യുന്ന വിഷയങ്ങൾ**

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഊർജ്ജം, ഇ–ഭരണം

**സമീപനം**

• അറിവ് ശേഖരിക്കുന്നതിനും പകർന്നു കൊടുക്കുവാനുമുള്ള വേദിയായി പ്രവർത്തിക്കുന്നു. • സേവനങ്ങൾക്കും ഉള്ളടക്കത്തിനും കഴിയുന്നത്ര പ്രാദേശികഭാഷ ഉപയോഗിക്കുന്നു. • വ്യത്യസ്ത അഭ്യുദയ കാംക്ഷികളുമായും മാധ്യമങ്ങളുമായുമുള്ള നല്ല ബന്ധം. • മറ്റ് പോർട്ടലുകളുമായും തത്തുല്യമായ മറ്റ് സംവിധാനങ്ങളുമായുള്ള ലിങ്ക്.

**പ്രധാന പ്രവർത്തനങ്ങൾ**

1. വിവിധ വിദ്യാഭ്യാസ–കോളേജ് – സ്കൂളുകളിൽ വികാസ് പീഡിയ പോർട്ടലിനെക്കുറിച്ച് ക്ലാസെടുത്തു.
2. കൂടുതൽ വോളണ്ടിയേഴ്സിനെയും ഉള്ളടക്ക ദാതാക്കളെയും ഉള്ളടക്കം / ലേഖനങ്ങൾ / വിശകലനം ചെയ്യുന്നവരെയും കണ്ടെത്തി.
3. സർക്കാർ ഓഫീസുകൾ / ഇൻഫർമേഷൻ വകുപ്പ് തുടങ്ങി ഓഫീസുകളുമായുള്ള കൃത്യമായ ബന്ധം.
4. സെന്റ് ജോസഫ്സ് കോളേജ് ഇരിഞ്ഞാലക്കുട MSW കുട്ടികൾക്ക് വികാസ് പീഡിയ പോർട്ടലിനെക്കുറിച്ച് ക്ലാസെടുത്തു.
5. ബാങ്കുകൾ WSSS മായി ബന്ധപ്പെട്ട സെമിനാറുകൾ, ക്ലാസുകൾ തുടങ്ങിയവയിൽ വികാസ്പീഡിയ പോർട്ടലിനെ പരിചയപ്പെടുത്തി.
6. സ്കൂൾ, കായിക, ശാസ്ത്ര മേളകളിൽ വികാസ് പീഡിയ പോർട്ടലിന്റെ ബ്രോഷർ നൽകി.
7. എല്ലാ വിഷയങ്ങളിലും പേജുകൾ Upload ചെയ്യുന്നു.

വികാസ്പീഡിയ വോളണ്ടിയറായി ഏവർക്കും രജിസ്റ്റർ ചെയ്ത് അംഗമാകാം. നിങ്ങളുടെ പഠനങ്ങൾ/ഗവേഷണങ്ങൾ/വിഷയപഠനം/ എന്നിവയ്ക്ക് വികാസ്പീഡിയ പോർട്ടലിൽ Upload ചെയ്ത് ചർച്ചകളിൽ പങ്കെടുക്കാം. നിങ്ങൾ ഒരു വിദ്യാസമ്പന്നൻ ആണോ? നിങ്ങളുടെ നല്ല അനുഭവങ്ങൾ/പഠനങ്ങൾ/പങ്കുവെയ്ക്കുന്നതിലൂടെയും അനേകം ആളുകളുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുവാനാകും. വികാസ് പീഡിയയുമായുള്ള വിവരങ്ങൾ vikaspediakerala@gmail.com ൽ മെയിൽ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് – റവ.ഫാ. ബിജോ കറുകപ്പള്ളി – 9447264935, അനൂപ് ഫിലിപ്പ് – 9400602380.

## സോഷ്യൽ വെൽഫെയർ സൊസൈറ്റി
## കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓഫീസേഴ്സ് മീറ്റിംഗ്

സോഷ്യൽ വെൽഫെയർ സൊസൈറ്റി തലത്തിൽ ചാലകശക്തിയായി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഓഫീസേഴ്സിന്റെ (CDO) മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് ഒക്ടോബർ 20-ാം തീയതി നടത്തി. WSSS ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി സമ്മേളനം ഉദ്ഘാടനം ചെയ്തു. കേന്ദ്രഗവൺമെന്റ് ന്യൂനപക്ഷ ശാക്തീകരണത്തിനായി അനുവദിച്ചിട്ടുള്ള "നയിറോഷനി" പ്രോഗ്രാമിനെക്കുറിച്ച് ചർച്ച ചെയ്യുകയും പദ്ധതി നടപ്പിലാക്കുന്നതിന് സോഷ്യൽ വെൽഫെയർ സൊസൈറ്റികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

## വോഫ

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ജൈവഫെയർട്രേഡ് കർഷക സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷന്റെ (വോഫ) വാർഷിക പൊതുയോഗ തീരുമാനപ്രകാരം സംഘടനയുടെ ബയലോ അമന്റ് ചെയ്യുകയും പുതിയ ഭരണസമിതി അധികാരമേൽക്കുകയും ചെയ്തു.

## റിപ്പോർട്ട്

ഫെയർട്രഡിലൂടെ സംഭരണവും വിപണനവും നടത്തിയ ഉൽപ്പന്നങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ഫ്ളോസേർട്ട് ജർമ്മനിയിലേക്ക് അയച്ചുകൊടുക്കുകയും ഒക്ടോബർ മാസത്തിൽ ജർമ്മനിയിൽ വെച്ചു നടന്ന 'COTECA' ട്രേഡ് ഫെയറിൽ പങ്കെടുത്തതിന്റെ റിപ്പോർട്ട് 'NAPP' ലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

## മാർക്കറ്റിങ് വിഭാഗം

ജൈവകൃഷി പ്രോത്സാഹനവും വിപണനത്തിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മാർക്കറ്റിംഗ് വിഭാഗത്തിന് ഒക്ടോബർ മാസത്തിൽ കാപ്പി, കുരുമുളക്, ഏലം, ഗ്രാമ്പു, മഞ്ഞൾ, ഇഞ്ചി തുടങ്ങിയ ജൈവ ഉൽപന്നങ്ങളുടെ വിപണനത്തിലൂടെ 2,30,42,784.75 രൂപയുടെ വിപണനം സാധ്യമാക്കുന്നതിന് സാധിച്ചു.

## ബയോ-ഗ്യാസ് വികസനപദ്ധതി

പഴൂർ, കാട്ടിമൂല, ചൂരൽമല തുടങ്ങിയ സ്ഥലങ്ങളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു നൽകുകയും ഒരെണ്ണം കമ്മീഷൻ ചെയ്യുകയും ചെയ്തു. 2014-15 വർഷം ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കു

ന്നവർക്ക് 9000/- രൂപാ സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. അപേക്ഷകർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം**

FCT - യുടെ കഴിഞ്ഞ മാസത്തെ പരിശീലനത്തിൽ 36 പേർ പങ്കെടുത്തു. നവംബർ മാസത്തെ പരിശീലനം 24 മുതൽ 29 വരെയും ഡിസംബർ മാസം 29 മുതൽ ജനുവരി 3 വരെയും നടക്കും. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ WSSS ഓഫീസുമായി ബന്ധപ്പെടുക. 04935-240314, 9656002212.

**സേവ് എ ഫാമിലി പ്രോഗ്രാം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി ഒക്ടോബർ മാസത്തിൽ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുവാൻ സാധിച്ചു. കുടുംബകൃഷി വർഷത്തിന്റെ ഭാഗമായി മാനന്തവാടി രൂപതയിലെ സേവ് എ ഫാമിലി പ്രോഗ്രാമിലൂടെ നടത്തുന്ന 'ജൈവപച്ചക്കറിത്തോട്ടം' മത്സരത്തിലേക്ക് രൂപതയിലെ 272 കുടുംബങ്ങളിലേക്കും വിത്തുകൾ നൽകി. നവംബർ മുതൽ ജനുവരി 15 വരെ നടത്തുന്ന മത്സരത്തിലേക്ക് ഓരോ കുടുംബത്തിനെയും സന്നദ്ധരാക്കി മത്സരത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. മുൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ച് സേവ് എ ഫാമിലി കുടുംബങ്ങൾക്ക് വരുമാനവർദ്ധക പരിപാടി തുടങ്ങുന്നതിനായി തുക വിതരണം ചെയ്തു. ആനിമേറ്റേഴ്സ് ഓരോ റീജിയണിലെയും കുടുംബങ്ങൾ സന്ദർശിക്കുകയും വരുമാനവർദ്ധക പരിപാടികൾ വിലയിരുത്തുകയും ചെയ്തു.

**ജൈവകൃഷി ലോക നേതാക്കന്മാരിൽ വയനാട്ടുകാരനും**

ലോകത്ത് ജൈവകൃഷി വ്യാപനത്തിന് നേതൃത്വം നൽകുന്നതിന് ഇന്റർ നാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രികൾച്ചർ മൂവ്മെന്റ് (IFOAM) ലോകനേതാക്കന്മാരെ വാർത്തെടുക്കുന്നതിന് നടത്തിയ ജൈവകൃഷി നേതൃത്വ പരിശീലനം വിജയകരമായി പൂർത്തിയാക്കി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജനറൽ കോ-ഓഡിനേറ്ററായ പി.എ. ജോസ് IFOAM ന്റെ അംബാസിഡറായി മാറി.

യൂറോപ്പ്, ലാറ്റിൻ അമേരിക്ക, സൗത്ത് ഏഷ്യ, ഈസ്റ്റ് ഏഷ്യ എന്നിങ്ങനെ നാല് ഭൂപ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് ഒരു വർഷത്തെ പരിശീലനം നടത്തിയത്. ജൈവകൃഷി എന്ത്, ഇന്നത്തെ അവസ്ഥ, ജൈവകൃഷി എന്തിന്, അടിസ്ഥാന തത്വങ്ങൾ, സംഘാടനം, ഉത്പ്പാദനം, വിവിധ സർട്ടിഫിക്കേഷനുകൾ, ജൈവമാനദണ്ഡങ്ങൾ, മൂല്യവർദ്ധനവ്, വിപണനം, ജൈവകൃഷി മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തി

ക്കുന്ന വിവിധ ഏജൻസികൾ തുടങ്ങി ജൈവകൃഷി മേഖലയുമായി ബന്ധപ്പെട്ട മുഴുവൻ വിഷയങ്ങളും ഉൾച്ചേർത്താണ് കോഴ്സ് നടത്തിയത്.

ഇന്ത്യ, ശ്രീലങ്ക, ടർക്കി എന്നീ രാജ്യങ്ങളിലായി മൂന്ന് ആഴ്ച നീണ്ടു നിന്ന അഭിമുഖ പഠനങ്ങളും മൂന്ന് മണിക്കൂർ വീതം നീണ്ടു നിൽക്കുന്ന 15 ഓൺലൈൻ പഠനവുമാണ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ടർക്കിയിൽ വച്ചു നടന്ന ലോക ജൈവകർഷക സംഘമത്തിൽ 'ജൈവകൃഷി സാധ്യതകൾ വെല്ലുവിളികൾ' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു.

ഇന്ത്യ, ശ്രീലങ്ക, ചൈന, തായ്‌വാൻ, സൗത്ത് ആഫ്രിക്ക, കെനിയ, തായ്‌ലാന്റ്, കൊറിയ എന്നീ 8 രാജ്യങ്ങളിൽ നിന്നായി 18 പേരാണ് ലീഡർഷിപ്പ് കോഴ്സിൽ ഉണ്ടായിരുന്നത്. ഇതിൽ 13 പേർ കോഴ്സ് പൂർത്തിയാക്കി IFOAM ന്റെ അംബാസിഡറായി മാറി. ഇന്ത്യയിൽ നിന്ന് 3 പേർ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഒരാൾ മാത്രമാണ് കേരളത്തിൽ നിന്നും ഉണ്ടായിരുന്നത്. കേരളത്തിൽ നിന്നും ആദ്യമായിട്ടാണ് ഒരാൾ ലീഡർഷിപ്പ് കോഴ്സ് പൂർത്തിയാക്കുന്നത്. കൊച്ചിയിൽ വെച്ച് നടന്ന ആഗോള കാർഷിക മേളയിൽവെച്ച് റിപ്പബ്ലിക്ക് ഓഫ് കൊറിയ മേയർ ശ്രീ. ലീം കാസൂൽ നിന്നും ശ്രീ. ജോസ് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

നിലവിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവകൃഷി വ്യാപന പ്രവർത്തനങ്ങൾക്ക് ജോസ് നേതൃത്വം നൽകുന്നു.

**ബയോവിൻ അഗ്രോ പ്രൊസസ്സിംഗ് സെന്റർ ഉദ്ഘാടനം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നൂതന സംരഭമായ ബയോവിൻ കാർഷികോത്പന്ന സംസ്കരണ കേന്ദ്രം മന്ത്രി പി.കെ. ജയലക്ഷ്മി ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപതാ ബിഷപ് മാർ ജോസ് പൊരുന്നേടം അധ്യക്ഷത വഹിച്ചു.

**വികാരി അച്ചന്മാരുടെ ശ്രദ്ധയ്ക്ക്**

അച്ചന്റെ ഇടവകയിൽ സ്ഥിരതാമസമുള്ളവരും ശാരീരിക വൈകല്യമുള്ളവരുമായ സ്ത്രീകളുടെയും കുട്ടികളുടെയും പേരുവിവരങ്ങൾ ഡിസംബർ 15-ന് മുമ്പ് WSSS ഓഫീസിൽ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹിക സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. കേരള ലേബർ മൂവ്മെന്റ് മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**സുരക്ഷ ക്ലിനിക്**

അസംഘടിത തൊഴിലാളികളുടെ സുരക്ഷയ്ക്കുവേണ്ടി സാധാരണ ജനങ്ങൾക്കു പെൻഷൻ നൽകുന്ന പദ്ധതിയായ സുരക്ഷ ക്ലിനിക് വിവിധ സ്ഥലങ്ങളിലായി നടത്തി. അതെ തുടർന്ന് പുതിയതായി 5 അംഗങ്ങളും കേരള ടൈലറിംഗ് വർക്കേഴ്സ് ഫെഡറേഷനിൽ 9 പേരും അംഗങ്ങളായി.

**പ്രാൻ കാർഡ് വിതരണം**

സുരക്ഷയിൽ അംഗങ്ങളായിട്ടുള്ളവർക്ക് വേണ്ടിയുള്ള പ്രാൻ കാർഡിന്റെ വിതരണം നടത്തി. പനമരം, ബത്തേരി, വടുവൻചാൽ, ദ്വാരക, പുൽപ്പള്ളി എന്നീ സ്ഥലങ്ങളിലായി 45 കാർഡുകൾ വിതരണം ചെയ്തു.

**ബോധവത്ക്കരണം**

KLM സംഘടനയെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും 17-10-14 നു കമ്മനയിലും 26-10-14 ന് കുറ്റിമൂലയിലും കോ-ഓർഡിനേറ്റർ റ്റോബി സെബാസ്റ്റ്യൻ ക്ലാസുകൾ നടത്തി. തുടർന്ന് കൂടുതൽ ആളുകൾ ഇതിലേക്ക് കടന്നുവരാൻ സന്നദ്ധരായിട്ടുണ്ട്.

**പ്രത്യേക അറിയിപ്പ്**

സുരക്ഷ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ അവരുടെ അംഗത്വം പുതുക്കേണ്ട സമയം ആയിട്ടുണ്ട്. ഡിസംബർ മാസം തന്നെ ഏവരും അവരുടെ അംഗത്വം പുതുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുമല്ലോ.

04935-240314, 9447264935, 9562766224

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, KLM

**'ജനവാണി'ക്ക് ജനശ്രദ്ധയേറുന്നു**

ജനകീയ പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിലെത്തിക്കുന്ന റേഡിയോ മാറ്റൊലിയുടെ ജനവാണി എന്ന പരിപാടിയിലേക്ക് കല്ലോടി വികസന സമിതി സെക്രട്ടറി ശ്രീ. ഷിബു ജസ്റ്റിൻ അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ എടവക പഞ്ചായത്തിലെ പ്രധാന ജനവാസ കേന്ദ്രമായ കല്ലോടിയിൽ പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഒരു ബസ് കാത്തിരിപ്പുകേന്ദ്രവും ടോയ്‌ലറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിന് 11 ലക്ഷം (പതിനൊന്ന് ലക്ഷം) രൂപ വകയിരുത്തിയതായി എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്. ബി. പ്രദീപ് മാസ്റ്റർ രേഖാമൂലം റേഡിയോ മാറ്റൊലിയെ അറിയിച്ചു. റേഡിയോ മാറ്റൊലിയിൽ നിന്നും പ്രസിഡന്റിന് അയച്ച കത്തിന്മേലാണ് നടപടിയുണ്ടായത്.

നമ്മുടെ പ്രദേശത്തെയോ സമൂഹത്തെയോ ബാധിക്കുന്ന പൊതുപ്രശ്നങ്ങൾ 'ജനവാണി' പ്രോഗ്രാമിലേക്ക് എഴുതി അറിയിക്കാം. അത് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നതുമാണ്. പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ, നന്മയെ പ്രോത്സാഹിപ്പിക്കാൻ നമുക്ക് കൈ കോർക്കാം.

**പാനൽ ചർച്ചകൾ**

**'മദ്യം കുടുംബത്തിന്റെ ശാപം'** എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗം ശ്രീമതി മേഴ്സി ആര്യപ്പിള്ളി മോഡറേറ്ററായിരുന്നു. സംസ്ഥാന വനിതാ കമ്മീഷൻ ചെയർപേഴ്സൺ ശ്രീമതി കെ. സി. റോസക്കുട്ടി ടീച്ചർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ടി. ഉഷാകുമാരി, ആദിവാസി ഫോറം സംസ്ഥാന സെക്രട്ടറി സബിത, വനിതാ മാറ്റൊലി പ്രോഗ്രാം കോർഡിനേറ്റർ സി. പെറ്റി തെരേസ് എന്നിവർ പങ്കെടുത്തു.

**'നീര നൽകും സമ്പൽ സമൃദ്ധി'** എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാനൽ ചർച്ച നടത്തി. റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗം ശ്രീ. ജോസ് സെബാസ്റ്റ്യൻ മോഡറേറ്ററായിരുന്നു. മാനന്തവാടി കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ സെക്രട്ടറി ശ്രീ. ജോസ് ഇലഞ്ഞിമറ്റം, തെങ്ങ് കർഷകൻ ശ്രീ. പി. വി. ആന്റണി, റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ ശ്രീ. രാജിത്ത് വെള്ളമുണ്ട എന്നിവർ പങ്കെടുത്തു.

**ഫാ. ജോസ് കാവുങ്കൽ**

അസി. ഡയറക്ടർ

**മീഡിയാ വർക്ക് ഷോപ്പ് ഓൺ വെർച്വൽ മീഡിയാസ്**

മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ വൈദികർക്കും സന്യസ്തർക്കുമായി വാട്ട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ടിറ്റർ, ഇന്റെർനെറ്റ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പ്രായോഗികവും ആശയപരവുമായ പരിശീലനം നൽകുന്ന ഒരു മാധ്യമ ശില്പശാല 2014 ഡിസംബർ 4 വ്യാഴാഴ്ച വൈകുന്നേരം 4 മണി മുതൽ 10 മണി വരെ ദ്വാരക പാസ്റ്റൽ സെൻന്ററിൽ വെച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് Rs.200/.

**'ഗ്ലോറിയ 2014'**

മാനന്തവാടി രൂപത മീഡിയാ കമ്മീഷൻ വിവിധ ഇടവകകളുടെ സഹകരണത്തോടെ നിർമ്മിക്കുന്ന ക്രിസ്മസ് പ്രോഗ്രാം 'ഗ്ലോറിയ 2014' ഡിസംബർ 1 മുതൽ 25 വരെ ദിവസങ്ങളിൽ മലനാട്, വയനാട് വിഷൻ, എസിവി ചാനലുകളിൽ വൈകുന്നേരം 6 ന് പ്രക്ഷേപണം ചെയ്യുന്നതാണ്.

**മീഡിയാ സൺഡേ കളക്ഷൻ, ചരിത്രം.**

ഇടവകളുടെ ചരിത്രവും, ഈ വർഷത്തെ മാധ്യമ പിരിവും എത്രയും വേഗം തന്ന് ബഹു. വികാരിയച്ചൻമാർ സഹകരിക്കുമല്ലോ?

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയാ കമ്മീഷൻ
Mediacom.mndy@gmail.com

**Tidings since 25 October 2014**

Class wise Parent- Teacher meetings were organized in the last week of October. The semester-wise performance of the students were evaluated and communicated to the parents by the class Mentors. The Principal urged the parents to monitor regularly the progress of their wards in curricular, co-curricular and extracurricular activities. Also, he requested them to have strict vigil with regard to the attempts of certain antisocial bodies, which try to drag the students towards irresponsible politics, resulting in campus violence and disorder. In each meeting he urged the students to refrain from the use of mobile phones on the campus. Parents were advised to have surveillance against the probable use of tobacco, alcohol and various drugs by their wards.

Ms. Nimidha James, II BA functional English student, came first in Paper Presentation in the Yuga Literary Fest Conducted by the St. Joseph's College, Devagiri, Calicut. She got a cash award of rupees five thousand and a citation. In an innovative venture, the College gave birth to a unit called TEAM EXCELLENCE, which comprises about twenty students from the second year undergraduate classes. The students were selected on the basis of their academic credentials and performance in a written test, group discussion and interview. The team will be given leadership training and it will be the event management unit of the College, in the current academic year.

Dr. Sudha Devi Arath Raghavan, Associate Professor of the College, has been selected to attend the II International Training Course on Frontiers in Animal Ecology and Conservation Biology organized by the International Society of Zoological Sciences, in Beijing from 22 November to 1 December, 2014.The NSS unit of the College offered its service at the house construction site at Eachome on 27 October 2014.

Dr. Byju P Babu, Lecturer in Political Science, and fifteen students from the Department of English actively participated in the Behind the Lines / Between the Lines International Film Festival organized by the U S consulate, in Thiruvananthapuram. In a letter of appreciation the Consulate remarked that the active participation of the group in the Festival was a testament to the College's teaching and to the students' passion for learning.

The third semester undergraduates and postgraduates are appearing for the university examination and the first semester students are getting ready for it.

**Dr. Saban Kurumthottam V**

Principal

# CEADOM വിദ്യാഭ്യാസ മേഖല

നമ്മുടെ കർത്താവിന്റെ ജനനത്തെ അനുസ്മരിച്ചുകൊണ്ട് ഒരിക്കൽ കൂടി ക്രിസ്തുമസ് കടന്നു വരികയാണല്ലോ, ദിവ്യരക്ഷകനെ എതിരേൽക്കാൻ നമ്മുടെ മനസ്സും ശരീരവും ആത്മാവും വിശുദ്ധീകരിക്കാനുള്ള നമ്മുടെ ശ്രമത്തിന്റെ ഭാഗമായുള്ള ഈ നോമ്പുകാലത്തിൽ ആത്മശരീര നൈർമല്യത്തോടെ നമുക്ക് ആയിരിക്കാം. നമ്മുടെ ഈ കൊച്ചു കേരളത്തിൽ ജനിച്ച് വളർന്ന് ഇന്ന് അൾത്താരയിലെ വണക്കത്തിന് യോഗ്യരെന്ന് പ്രഖ്യാപിക്കപ്പെട്ട രണ്ട് വിശുദ്ധാത്മാക്കളെ കൂടി നമുക്ക് ലഭിച്ചിരിക്കുകയാണല്ലൊ. വിദ്യാഭ്യാസത്തെ ദൈവീക ദാനമായി കാണുകയും സമൂഹത്തിന്റെ താഴെക്കിടയിലുള്ളവർക്കുകൂടി അതു ലഭ്യമാക്കുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്ത വലിയ വിശുദ്ധനാണ് ചാവറയച്ചൻ. തങ്ങളെ സമീപിച്ചവർക്ക് ശാന്തിയും സമാധാനവും പകർന്നേകിയും സഹജരെ അവരുടെ വേദനകളിൽ ആശ്വസിപ്പിച്ചും സഹജരുടെ ജീവിതത്തിൽ നന്മയും സ്നേഹവും പങ്കുവച്ചു നൽകിയും രണ്ടായിരം വർഷങ്ങൾക്കു മുമ്പുണ്ടായ അതേ സദ്വാർത്ത ഇന്നും തങ്ങളുടെ ജീവിതത്തിലൂടെ തുടരുന്ന വി. ചാവറയച്ചനെയും. വി. എവുപ്രാസിയാമ്മയെയും പോലെ നന്മയുടെ വക്താക്കളായി മാറുവാൻ നമുക്കും പരിശ്രമിക്കാം വിദ്യയുടെ ബാലപാഠങ്ങളോടൊപ്പം ഇത്തരം വിശുദ്ധ ജീവിതങ്ങളെകൂടി മാതൃകയാക്കികൊണ്ട് നമ്മുടെ വിദ്യാലയങ്ങൾ സ്നേഹസാഹോദര്യങ്ങളുടെയും നന്മയുടെയും വിളനിലങ്ങളാക്കി നമുക്ക് മാറ്റാം. അതിനായി നമുക്ക് ഒന്നുചേർന്ന് ഈ പുതുവർഷത്തിൽ യത്നിക്കാം. എല്ലാവർക്കും CEADOM Family യുടെ ക്രിസ്തുമസ് നവവത്സരാശംസകൾ.

**അഭിനന്ദനങ്ങൾ**

നാഷണൽ അവാർഡീ റ്റീച്ചേഴ്സ് അസോസിയേഷൻ നൽകുന്ന ഈ വർഷത്തെ ഗുരു ശ്രേഷ്ഠ പുരസ്ക്കാരം തരിയോട് സെന്റ് മേരീസ് യു.പി.സ്കൂൾ സംസ്കൃതം അധ്യാപകനായ ശ്രീ. പൃഥിരാജ് മൊടക്കല്ലൂരിന് ലഭിച്ചു. സാറിന്റെ ആത്മാർതമായ എല്ലാപ്രവർത്തനങ്ങൾക്കും, സേവനങ്ങൾക്കും നന്ദിയും CEADOM Family യുടെ പേരിൽ പ്രാർത്ഥനാശംസകളും അഭിനന്ദനങ്ങളും നേരുന്നു.

ജില്ലാതലത്തിൽ നടത്തിയ പ്രവർത്തിപരിചയമേളയിൽ ഓവ റോൾ ചാമ്പ്യൻഷിപ്പും, ഗണിത ശാസ്ത്രമേളയിലും, IT മേളയിലും, മൂന്നാം സ്ഥാനവും, ഫാ.ജി.കെ.എം.എച്ച്.എസ് കണിയാരത്തിന് ലഭിച്ചു. ഇതിനായി അദ്ധ്വാനിച്ച ഹെഡ്മിസ്ട്രസ് ശ്രീമതി. സെലിൻ ജോസ് ടീച്ച റിനെയും, ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകരെയും, അനദ്ധ്യാപ കരെയും, കുട്ടികളെയും മാതാപിതാക്കളെയും പ്രത്യേകം അഭിനന്ദി ക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

ഉപജില്ല സ്കൂൾ കായികമേള – യു.പി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് എ.യു.പി.സ്കൂൾ, ദ്വാരകയ്ക്ക് ലഭിച്ചു. ഇതിനായി അദ്ധ്വാ നിച്ച ഹെഡ്മാസ്റ്റർ ശ്രീ. ഷാജി വർഗീസ് സാറിനെയും, ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, കുട്ടികളെയും മാതാ പിതാക്കളെയും പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

ഉപജില്ലാ സ്കൂൾ കായികമേളയിലും, ഗണിതശാസ്ത്ര, സാമൂ ഹ്യശാസ്ത്രമേളയിലും തരിയോട് സെന്റ് മേരീസ് യു.പി സ്കൂളിലെ പ്രതിഭകൾ മികച്ച വിജയം നേടി. കായികമേളയിൽ കിഡീസ് ഗേൾസ് യു.പി വിഭാഗം ഓവറോൾ കരസ്ഥമാക്കുകയും, അനുമോൾ എന്ന വിദ്യാർത്ഥി ഈ വിഭാഗത്തിലെ വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടുകയും ചെയ്തു. ഇതിനായി അദ്ധ്വാനിച്ച ഹെഡ്മാസ്റ്റർ ശ്രീ. ബെന്നി ആന്റണി സാറിനെയും, ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകരെയും, അനദ്ധ്യാ പകരെയും, കുട്ടികളെയും മാതാപിതാക്കളെയും പ്രത്യേകം അഭിനന്ദി ക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**ഫാ.ജി.കെ.എം.എച്ച്.എസ് കണിയാരം:–** പോലീസ് ദർപ്പണ ദിനം: 21 /10/2014 മാനന്തവാടി പോലീസ് സ്റ്റേഷനിൽ എത്തിച്ചേർന്ന് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ബിജു സാറിനും, എസ്. ഐ ശ്രീ. പാപ്പച്ചൻ സാറിനും മറ്റ് പതിനഞ്ച് പോലീസുകാർക്കും ബൊക്കെയും മധുരപലഹാരങ്ങളും നൽകി ആദരിച്ചു.

**എ.യു.പി.സ്കൂൾ, ദ്വാരക:–** മാനന്തവാടി ഉപജില്ല സ്കൗട്ട് & ഗൈഡ് ദ്വിതീയ സോപാൻ ക്യാംപ് ദ്വാരക എ.യു.പി സ്കൂളിൽ വച്ച് നടത്തി. മൂന്ന് ദിവസത്തോളം നീണ്ടുനിന്ന ക്യാമ്പ് ഉദ്ഘാടത്തിന്റെ അധ്യക്ഷൻ കോർപ്പറേറ്റ് മാനേജർ ഫാ.ബിജു പൊൻപാറയ്ക്കലും, ഉദ്ഘാടനം മാനന്തവാടി എ.ഇ.ഒ ശ്രീ. കെ. മുരളീധരൻ മാസ്റ്ററും ആയി രുന്നു.

ഉപജില്ല സ്കൂൾ കായികമേള – യു.പി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും, എൽ.പി. വിഭാഗത്തിൽ റണ്ണേഴ്സ് അപ്പും, ആകെ

പോയിന്റ് നിലവാരത്തിൽ മൂന്നാം സ്ഥാനവും നേടി. വിജയികളെ പ്രത്യേകം അഭിനന്ദിക്കുകയും ദ്വാരക ടൗണിൽ അനുമോദന റാലിയും സംഘടിപ്പിച്ചു. അതുപോലെ തന്നെ ശാസ്ത്ര, സാമൂഹ്യ, ഗണിത പ്രവർത്തിപരിചയ മേളയിൽ 'എ'ഗ്രേഡോടു കൂടി നിരവധി സമ്മാന ങ്ങളും കുട്ടികൾ കരസ്ഥമാക്കി.

ശിശുദിനത്തോടനുബന്ധിച്ച് നടന്ന പ്രസംഗ മത്സരത്തിൽ ഉപ ജില്ലാ തലത്തിൽ കുമാരി മെറിൽ ബിൻ ഗ്രേഡ് ഒന്നാം സ്ഥാനം നേടി. പ്രത്യേക അഭിനന്ദനങ്ങൾ നേരുന്നു.

അൻപത് കുട്ടികൾ അടങ്ങുന്ന ഒരു ജെ.ആർ.സി.യൂണിറ്റ് ശ്രീമതി. ഡാലിയ ടീച്ചറിന്റെ നേതൃത്വത്തിൽ ആരംഭിച്ച് പ്രവർത്തനങ്ങൾ തുടങ്ങി.

**സെന്റ് മേരീസ് യു.പി.സ്കൂൾ, തരിയോട്:–** ഈ വർഷത്തെ ഗുരുശ്രേഷ്ഠ പുരസ്ക്കാരം ലഭിച്ച സംസ്കൃതം അധ്യാപകനായ ശ്രീ. പൃഥ്വിരാജ് മൊടക്കല്ലൂരിനെ പ്രത്യേകം അനുമോദിക്കുകയും വാർഡ് മെമ്പർ ശ്രീ. എം.എ ജോസഫ് അനുമോദന ഫലകം നൽകുകയും ചെയ്തു.

ചാച്ചാജിയുടെ 125 ാം ജന്മദിനമായ നവംബർ 14 ന് പുഞ്ചിരി മത്സരം, പ്രസംഗ മത്സരം, ആശംസകാർഡ് നിർമ്മാണം തുടങ്ങിയ മത്സ രങ്ങളും വിവിധതരം കലാ പരിപാടികളും നടത്തി. ക്ലാസ്സ് അധ്യാപക രുടെ നേതൃത്വത്തിൽ കുട്ടികൾ സ്വയം നിർമ്മിച്ച പ്ലാക്കാർഡുകളോടെ ജയ് വിളികളുമായി ശിശുദിന റാലി നടത്തി. പി.റ്റി.എ അംഗങ്ങളുടെ നേതൃത്വത്തിൽ പായസവിതരണവും നടത്തി.

തരിയോട് ഈ വർഷത്തെ വൈത്തിരി ഉപജില്ലാ കായികമേള യിലും, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്രമേളയിലും സെന്റ് മേരീസ് യു.പി സ്കൂളിലെ പ്രതിഭകൾ മികച്ച വിജയം നേടി. കായികമേളയിൽ കിഡീസ് ഗേൾസ് യു.പി വിഭാഗം ഓവറോൾ കരസ്ഥമാക്കുകയും, അനു മോൾ എന്ന വിദ്യാർത്ഥി ഈ വിഭാഗത്തിലെ വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടുകയും ചെയ്തു. ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്രമേളയിൽ അലൻ ഷാജു, അഖിൽ ജോസഫ്, അനിൽഡ റ്റി. സജി, അനീഷ ജോൺ എന്നിവർ മികച്ച വിജയം നേടി. വിജയികളായവരെ പി.ടി.എ അനുമോദിച്ചു. പ്രസിഡണ്ട് ശ്രീ. റോബർട്ട് റ്റി.ജെ അധ്യക്ഷനായിരുന്നു. മദർ പി.ടി.എ പ്രസിഡണ്ട് ശ്രീമതി മിനി ബെന്നി സമ്മാനങ്ങൾ വിത രണം ചെയ്തു.

**ഫാ. ജോ. പി. ജോർജ്ജ് പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**December 2014**

| | | |
|---|---|---|
| 2 | - | Bible Class |
| 3 | - | Sathyadeepam Agents' Meeting |
| 4 | - | Media Workshop |
| 7 | - | Lahari Vimuktha Varsham Executive |
| 7-10 | - | MPC |
| 9 | - | CMA Executive |
| 13 | - | Kallody Meghala Catechism +2 Sangamam |
| 13 | - | Lahari Vimuktha Varsham Meeting |
| 14-18 | - | Zion Retreat |
| 16 | - | Marian Singles |
| 19 | - | CMA Animator's Sangamam |
| 20 | - | CMA Diocesan General Body |
| 22 | - | Vincent De Paul |
| 23-27 | - | Christmas Holidays |
| 27 | - | Family Apostolate & Catechism Team Meeting |
| 28-31 | - | MPC |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***December 2014***

| | | |
|---|---|---|
| *1* | *Mon ..................* | *Vellamunda: St. Ann's School Anniversary* |
| *2* | *Tue ..................* | *Mysore: Sacerdotal Golden Jubilee of Bishop Thomas Vazhapally* |
| *4* | *Thu ..................* | *Presbyteral Council* |
| *5* | *Fri ....................* | *Out of Station* |
| *6* | *Sat ..................* | *Pazhoor: MMB Chapel Blessing* |
| *7* | *Sun 8 Mon ........* | *Chokkad: Pastoral Visit* |
| *8* | *Mon 12 Fri ......* | *KCBC* |
| *13* | *Sat 16 Tue ........* | *Pune* |
| *17* | *Wed .................* | *Chungakkunnu: Laying of the Foundation Stone of Catechism Centre* |
| *18* | *Thu ..................* | *Kalpetta: Anniversary of De Paul Public School* |
| *19* | *Fri ....................* | *Out of Station* |
| *20* | *Sat ....................* | *KCYM Anniversary* |
| *22* | *Mon ..................* | *Visitors' Day* |
| *23* | *Tue ....................* | *Visitors' Day* |
| *25* | *Thu ..................* | *Cathedral: Christmas* |
| *26* | *Fri ..................* | *Out of Station* |
| *27* | *Sat Morning.....* | *Panthipoyil : Ordination of Deacon Venakuzhiyil Mathai (Shijo)* |
| | *Afternoon .......* | *Nadavayal: Ordination of Deacon Dilesh Mankoottathil Schonstatt* |

| | |
|---|---|
| *28 Sun .................* | *Valanchery: Pastoral Visit* |
| *29 Mon Morning ....* | *Chulliyode: Ordination of Deacon Elamkunnapuzha Joseph (Sijo)* |
| *30 Tue Morning......* | *Manvayal: Ordination of Deacon Alumkal Joseph (Anish)* |
| *Afternoon.......* | *Machikolly: Ordination of Deacon Madapallikunnel Antony (Sibi)* |
| *31 Wed Morning.....* | *Kottiyoor: Ordination of Deacon Kaliyaniyil Kuriakose (Anoop)* |

***January 2015***

| | |
|---|---|
| *1 Thu Morning.....* | *Kabanigiri: Ordination of Deacon Varghese Parackal (Noble) & Deacon Steby Kalloorkattu VC* |
| *2 Fri ..................* | *Out of Station* |
| *3 Sat Morning.....* | *Chungakkunnu: Ordination of Deacon Abraham Pulikuzhiyil (Shinto)* |
| *4 Sun ..................* | *Karimani: Parish Jubilee* |
| *5 Mon 10 Sat .......* | *Kakkanad: Synod of Bishops* |
| *12 Mon .................* | *Visitors' Day* |
| *13 Tue 14 Wed .......* | *Engaged* |
| *15 Thu ..................* | *Palchuram: Ordination of Deacon Bobit Payyapallikunnel MI* |
| *16 Fri ..................* | *Out of Station* |
| *18 Sun Morning......* | *Pudussery: Foundation stone laying of the new church.* |
| *Afternoon .........* | *Thomattuchal: Blessing of the Presbytery* |
| *19 Mon ................* | *Visitors' Day* |
| *20 Tue 21 Wed .......* | *Engaged* |
| *22 Thu ..................* | *Bishop's House: Reception to the New Priests* |
| *23 Fri ...................* | *Out of Station* |
| *24 Sat 26 Mon .......* | *Ernakulam: KLM Meeting* |
| *29 Thu ..................* | *Chelivayal: Convention* |
| *31 Sat ..................* | *Edapetty: Orphanage Fest* |

## Index

### ജനുവരി - 2014


സർക്കുലർ ........ 03-05
മദ്യവിരുദ്ധഞായർ (സർക്കുലർ) ........ 06-10
ലോകസമാധാനദിന സന്ദേശം ........ 11-30
*Kerala Catholic Bishops' Council New Office Bearers* ........ 31-32
രൂപതാകച്ചേരി വാർത്തകൾ ........ 33-36
*Presbyteral Council Meeting - Report* ........ 37
മദ്യാസക്തിയുടെ വിനകൾ ........ 38-44
കൽപറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 45
മതബോധനരംഗം ........ 46-47
ബൈബിൾ അപ്പോസ്തലേറ്റ് ........ 48
ചെറുപുഷ്പമിഷൻലീഗ് ........ 49-56
കെ.സി.വൈ.എം. ........ 57-63
കുടുംബപ്രേഷിതത്വം ........ 64-71
വിമൻസ് കമ്മീഷൻ ........ 72-73
സീയോൻ വാർത്തകൾ ........ 74-75
ജീസസ് യൂത്ത് ........ 77
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 78-79
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 80-83
സാമൂഹ്യ സേവനരംഗം (WSSS) ........ 84-88
കേരളാ ലേബർ മൂവ്മെന്റ് ........ 89
അറിയിപ്പുകൾ ........ 90-93
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 94
ബിഷപ്പ്സ് പ്രോഗ്രാം ........ 95


### ഫെബ്രുവരി - 2014


മോൺ. ജോസഫ് കണിയാമറ്റം അച്ചന്
ആദരാഞ്ജലികൾ ........ 07-10
തിരുബാലസഖ്യദിനം (സർക്കുലർ) ........ 11-14
സർക്കുലർ ........ 15-19
സർക്കുലർ ........ 20-22
ലോകരോഗീദിന സന്ദേശം ........ 23-26
കർഷകദിനം (സർക്കുലർ) ........ 27-30
മദ്യവിമുക്തവർഷം ........ 31-34
രൂപതാകച്ചേരി വാർത്തകൾ ........ 35-38
വിദ്യാഭ്യാസ സഹായനിധി ........ 39-40
മേജർസെമിനാരിക്കാർ നയിക്കുന്ന
അവധിക്കാല ക്യാമ്പുകളും ധ്യാനങ്ങളും ........ 41
ദൈവവിളി ക്യാമ്പുകൾ ........ 42-43
മതബോധനരംഗം ........ 44-47
ചെറുപുഷ്പമിഷൻലീഗ് ........ 48-56
കെ.സി.വൈ.എം. ........ 57-62
കുടുംബപ്രേഷിതത്വം ........ 63-67
സീയോൻ വാർത്തകൾ ........ 68-70
ജീസസ് യൂത്ത് ........ 71

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 72-73
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 74-77
സാമൂഹ്യ സേവനരംഗം (WSSS) ........ 78-82
കേരളാ ലേബർ മൂവ്മെന്റ് ........ 83
*Mary Matha arts & science college* ........ 84-86
അറിയിപ്പുകൾ ........ 87-89
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 90
ബിഷപ്സ് പ്രോഗ്രാം ........ 91

മാർച്ച് - 2014

നോമ്പുകാലസന്ദേശം ........ 05-11
ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ
അജപാലനലേഖനം ........ 12-14
സന്യാസിനിമാർ ഇല്ലായിരുന്നുവെങ്കിൽ ........ 15-17
Decree of Constitution ........ 18
Statutes ........ 19-23
സ്വർഗ്ഗത്തിൽ ഒരു പള്ളിപണിയാം ........ 24-26
രൂപതാകച്ചേരി വാർത്തകൾ ........ 27-39
ലഹരിവിമുക്ത വർഷാചരണം ........ 40-44
ദൈവവിളി ക്യാമ്പുകൾ ........ 45-47
കല്പറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 48
മതബോധനരംഗം ........ 49-54
ചെറുപുഷ്പമിഷൻലീഗ് ........ 55-59
കെ.സി.വൈ.എം. ........ 60-65
കുടുംബപ്രേഷിതത്വം ........ 66-67
വിമൻസ് കമ്മീഷൻ ........ 68
സീയോൻ വാർത്തകൾ ........ 69-71
ജീസസ് യൂത്ത് ........ 72
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 73-75
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 76-79
സാമൂഹ്യ സേവനരംഗം (WSSS) ........ 80-83
*Mary Matha arts & science college* ........ 84-86
റേഡിയോ മാറ്റൊലി ........ 87
അറിയിപ്പുകൾ ........ 88-90
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 91
ബിഷപ്സ് പ്രോഗ്രാം ........ 92

ഏപ്രിൽ - 2014

സർക്കുലർ ........ 05-07
പൊതുതിരഞ്ഞെടുപ്പിനായുള്ള
പ്രത്യേക പ്രാർത്ഥനാദിനം ........ 08
സർക്കുലർ ........ 09-12
ഇൻഡ്യയിലെ സീറോമലബാർ പ്രവാസികൾക്കായി
അപ്പസ്തോലിക് വിസിറ്റർ വിജ്ഞാപനം ........ 13-15
എപ്പാർക്കി ഓഫ് സെന്റ് തോമസ് ദി അപ്പോസൽ, മെൽബൺ പ്രഥമ
മെത്രാൻ മാർ ബോസ്കോ പുത്തൂർ വിജ്ഞാപനം ........ 16-17
കുടുംബങ്ങൾക്കുള്ള കത്ത് ........ 18-19

ഒരല്പം ലജ്ജ ആരോഗ്യപ്രദം ............ 20-24
മേയ്ദിന സന്ദേശം - 2014 ............ 25-32
*DECREE* ............ 33
രൂപതാകച്ചേരി വാർത്തകൾ ............ 34-47
ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക് ............ 48
വൈദിക സമ്മേളനം റിപ്പോർട്ട് ............ 49-50
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ............ 51
ലഹരിവിമുക്ത വർഷാചരണം ............ 52-56
മതബോധനരംഗം ............ 57-59
ബൈബിൾ അപ്പോസ്തലേറ്റ് ............ 60
ചെറുപുഷ്പമിഷൻലീഗ് ............ 61-67
കെ.സി.വൈ.എം. ............ 68-75
കുടുംബപ്രേഷിതത്വം ............ 76-78
സീയോൻ വാർത്തകൾ ............ 79-80
ജീസസ് യൂത്ത് ............ 81-82
വിൻസെന്റ് ഡി പോൾ സൊസൈറ്റി ............ 83-86
സാമൂഹ്യ സേവനരംഗം (WSSS) ............ 87-89
കേരള ലേബർ മൂവ്മെന്റ് ............ 90
*Mary Matha arts & science college* ............ 91-93
റേഡിയോ മാറ്റൊലി ............ 94
അറിയിപ്പുകൾ ............ 95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............ 96
ബിഷപ്സ് പ്രോഗ്രാം ............ 97

**മെയ് - 2014**

സർക്കുലർ ............ 05-08
സർക്കുലർ ............ 09-12
51-ാം ലോകദൈവവിളിദിനം
(ഫ്രാൻസീസ് പാപ്പായുടെ സന്ദേശം) ............ 13-17
സർക്കുലർ ............ 18-26
എപ്രകാരമാണ് ഒരു വൈദികനായിതീരുക ............ 27-30
രൂപതാകച്ചേരി വാർത്തകൾ ............ 31-37
ലഹരിവിമുക്ത വർഷാചരണം ............ 38-41
ബൈബിൾ അപ്പോസ്തലേറ്റ് ............ 42
Vocation Bureau ............ 42
മതബോധനരംഗം ............ 43-73
ചെറുപുഷ്പമിഷൻലീഗ് ............ 74-79
കെ.സി.വൈ.എം. ............ 80-83
കുടുംബപ്രേഷിതത്വം ............ 84-86
വിൻസെന്റ് ഡി പോൾ സൊസൈറ്റി ............ 87-89
സാമൂഹ്യ സേവനരംഗം (WSSS) ............ 90-92
കേരള ലേബർ മൂവ്മെന്റ് ............ 93-94
*Mary Matha arts & science college* ............ 95-96
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ............ 97
ബിഷപ്സ് പ്രോഗ്രാം ............ 98

## ജൂൺ - 2014


സർക്കുലർ ........................................ 05-10
യുവജനദിം (സർക്കുലർ) ........................................ 11-16
ഡിക്രി ........................................ 17-20
മക്കൾ ഉന്നതവ്യക്തിത്വത്തിന് ഉടമകളാകാൻ ........................................ 21-25
രൂപതാകച്ചേരി വാർത്തകൾ ........................................ 26-31
രൂപതാദിനം 2014 - റിപ്പോർട്ട് ........................................ 32-34
ബൈബിൾ ഞായർ, ബൈബിൾ വാരാചരണം ........................................ 35-43
സെമിനാരി വാർത്തകൾ ........................................ 44
ലഹരിവിമുക്ത വർഷാചരണം ........................................ 45-53
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 54
മതബോധനരംഗം ........................................ 55-58
ചെറുപുഷ്പമിഷൻലീഗ് ........................................ 59-65
കെ.സി.വൈ.എം. ........................................ 66-70
കുടുംബപ്രേഷിതത്വം ........................................ 71-73
സീയോൻ വാർത്തകൾ ........................................ 74-76
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 77-81
സാമൂഹ്യ സേവനരംഗം (WSSS) ........................................ 82-86
കേരള ലേബർ മൂവ്മെന്റ് ........................................ 87
റേഡിയോ മാറ്റൊലി ........................................ 88
*Public Relations Office (PRO)* ........................................ 89
*Mary Matha arts & science college* ........................................ 90
അറിയിപ്പുകൾ ........................................ 91-92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 93
ബിഷപ്സ് പ്രോഗ്രാം ........................................ 94


## ജൂലൈ - 2014


സഭാദിനം - ഇടയലേഖനം ........................................ 05-10
കൃഷി ചെയ്ത് വളർത്തി എടുത്തു ഭക്ഷിക്കുക;
ഇറക്കുമതി ചെയ്തു ഭക്ഷിക്കാതിരിക്കുക ........................................ 11-18
രണ്ടാം വത്തിക്കാൻ കൗൺസിലും കേരളസഭയും
കെ.സി.ബി.സി. നിർദ്ദേശങ്ങൾ ........................................ 19-24
Decree ........................................ 25
രൂപതാകച്ചേരി വാർത്തകൾ ........................................ 26-31
ലഹരിവിമുക്ത വർഷാചരണം ........................................ 32-46
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 47-49
മതബോധനരംഗം ........................................ 50-55
ചെറുപുഷ്പമിഷൻലീഗ് ........................................ 56-60
കെ.സി.വൈ.എം. ........................................ 61-74
കുടുംബപ്രേഷിതത്വം ........................................ 75-77
വിമൻസ് കമ്മീഷൻ ........................................ 78
സീയോൻ വാർത്തകൾ ........................................ 79-81
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ 82-85
സാമൂഹ്യ സേവനരംഗം (WSSS) ........................................ 86-90
കേരള ലേബർ മൂവ്മെന്റ് ........................................ 91
റേഡിയോ മാറ്റൊലി ........................................ 92-93
അറിയിപ്പുകൾ ........................................ 94-95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 96
ബിഷപ്സ് പ്രോഗ്രാം ........................................ 97

## ഓഗസ്റ്റ് - 2014


തടവറപ്രേഷിതദിനം - ഇടയലേഖനം ........ 05-09
ജസ്റ്റീസ് സൺഡെ - സർക്കുലർ ........ 10-12
സർക്കുലർ ........ 13-16
DECREE OF CONSTITUTION ........ 17-18
രൂപതാകച്ചേരി വാർത്തകൾ ........ 19-20
ബാറുകൾ തുറക്കുന്നതാർക്കുവേണ്ടി (ലേഖനം) ........ 21-24
വിദ്യാഭ്യാസ സഹായനിധി ........ 25-37
ലഹരിവിമുക്ത വർഷാചരണം ........ 38-44
ബൈബിൾ അപ്പോസ്റ്റലേറ്റ് ........ 45
കല്ലോടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 46
മതബോധനരംഗം ........ 47-53
ചെറുപുഷ്പമിഷൻലീഗ് ........ 54-59
കെ.സി.വൈ.എം. ........ 60-68
കുടുംബപ്രേഷിതത്വം ........ 69-71
സീയോൻ വാർത്തകൾ ........ 72-74
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 75-79
സാമൂഹ്യ സേവനരംഗം (WSSS) ........ 80-84
കേരള ലേബർ മൂവ്മെന്റ് ........ 85
*Mary Matha Arts & Science College* ........ 86
*CEADOM* വിദ്യാഭ്യാസ മേഖല ........ 87-95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 96
ബിഷപ്സ് പ്രോഗ്രാം ........ 97


## സെപ്റ്റംബർ - 2014


സർക്കുലർ ........ 05-06
ലോകമിഷൻ ഞായർ ........ 07-12
സർക്കുലർ ........ 13-17
അവർക്ക് പാർക്കാൻ ദുരന്ത കൂടാരങ്ങൾ ........ 18-21
രൂപതാകച്ചേരി വാർത്തകൾ ........ 22-27
വൈദികസമ്മേളനം റിപ്പോർട്ട് ........ 28-33
ലഹരിവിമുക്ത വർഷാചരണം ........ 34-44
ബൈബിൾ അപ്പോസ്റ്റലേറ്റ് ........ 45-46
വൈദികരുടെ മാസധ്യാനം ........ 47
അവധിക്കാല ക്യാമ്പ് ........ 48-49
മതബോധനരംഗം ........ 50-51
ചെറുപുഷ്പമിഷൻലീഗ് ........ 52-56
*Department of Youth Ministry* ........ 57-61
കെ.സി.വൈ.എം. ........ 62-68
കുടുംബപ്രേഷിതത്വം ........ 69-74
വിമൻസ് കമ്മീഷൻ ........ 75
സീയോൻ വാർത്തകൾ ........ 76-78
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 79-83
സാമൂഹ്യ സേവനരംഗം (WSSS) ........ 84-87
കേരള ലേബർ മൂവ്മെന്റ് ........ 88
റേഡിയോ മാറ്റൊലി ........ 89
*Mary Matha Arts & Science College* ........ 90

*CEADOM* വിദ്യാഭ്യാസ മേഖല ........ 91-93
അറിയിപ്പുകൾ ........ 94-95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 96
ബിഷപ്സ് പ്രോഗ്രാം ........ 97

**ഒക്ടോബർ - 2014**

സർക്കുലർ ........ 05-06
സർക്കുലർ ........ 07-11
പ്രാർത്ഥനാദിനം ........ 12-15
കുർബാനയിലെ വീഞ്ഞ് ........ 16-19
കേരള സഭയുടെ പശ്ചാത്തലത്തിൽ ക്രൈസ്തവ
കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ ........ 20-26
വിട്ടുകൊടുക്കരുത് അവരെ, ലഹരിക്ക് ........ 27-29
ഒരു രാജകീയ കിരീടം ........ 30-34
രൂപതാകച്ചേരി വാർത്തകൾ ........ 35-36
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 37-39
ലഹരിവിമുക്ത വർഷാചരണം ........ 40-48
മതബോധനരംഗം ........ 49-50
ചെറുപുഷ്പമിഷൻലീഗ് ........ 51-55
*Department of Youth Ministry* ........ 56-57
കെ.സി.വൈ.എം. ........ 58-68
കുടുംബപ്രേഷിതത്വം ........ 69-72
സീയോൻ വാർത്തകൾ ........ 73-75
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 76-79
സാമൂഹ്യ സേവനരംഗം (WSSS) ........ 80-83
കേരള ലേബർ മൂവ്മെന്റ് ........ 84
റേഡിയോ മാറ്റൊലി ........ 85-86
*Mary Matha Arts & Science College* ........ 87
*CEADOM* വിദ്യാഭ്യാസ മേഖല ........ 88-90
അറിയിപ്പുകൾ ........ 91
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 92
ബിഷപ്സ് പ്രോഗ്രാം ........ 93

**നവംബർ - 2014**

സർക്കുലർ ........ 05-10
സർക്കുലർ ........ 11-18
മാധ്യമദിനസന്ദേശം. ........ 19-25
സർക്കുലർ ........ 26-31
TO THE CONSCIENCE OF THE WORLD
IRAQ'S CHRISTIANS, A DOUBLE CATASTROPHE ........ 32
രൂപതാകച്ചേരി വാർത്തകൾ ........ 33-36
ലഹരിവിമുക്ത വർഷാചരണം ........ 37-42
ബൈബിൾ അപ്പോസ്തലേറ്റ് ........ 43-44
വൈദികരുടെ മാസധ്യാനം ........ 45
മതബോധനരംഗം ........ 46-47
ചെറുപുഷ്പമിഷൻലീഗ് ........ 48-58
*Department of Youth Ministry* ........ 59-61
കെ.സി.വൈ.എം. ........ 62-66

കുടുംബപ്രേഷിതത്വം ........ 67-70
സീയോൻ വാർത്തകൾ ........ 71-73
വിൻസെന്റ് ഡി പോൾ സൊസൈറ്റി........ 74-77
സാമൂഹ്യ സേവനരംഗം (WSSS) ........ 78-83
കേരള ലേബർ മൂവ്മെന്റ് ........ 84
റേഡിയോ മാറ്റൊലി ........ 85-86
*Mary Matha Arts & Science College* ........ 87
*CEADOM* വിദ്യാഭ്യാസ മേഖല ........ 88-90
ക്രിസ്ത്യൻ കൾച്ചറൽ ഫോറം ........ 91-93
അറിയിപ്പുകൾ ........ 94-95
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 96
ബിഷപ്സ് പ്രോഗ്രാം ........ 97


## ഡിസംബർ - 2014


ഇടയലേഖനം ........ 05-07
സർക്കുലർ ........ 08-10
സർക്കുലർ ........ 11-19
*Letter of the Major Archbishop* ........ 20
രൂപതാകച്ചേരി വാർത്തകൾ ........ 21-22
*Common Programmes* ........ 23-24
തൃക്കൈപറ്റ ഇടവക സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി ........ 25-28
ലഹരിവിമുക്ത വർഷാചരണം ........ 29-32
ബൈബിൾ അപ്പോസ്റ്റലേറ്റ് ........ 33
വൈദികരുടെ മാസധ്യാനം ........ 34
മതബോധനരംഗം ........ 35-39
ചെറുപുഷ്പമിഷൻലീഗ് ........ 40-48
*Department of Youth Ministry* ........ 49
കെ.സി.വൈ.എം. ........ 50-58
കുടുംബപ്രേഷിതത്വം ........ 59-62
സീയോൻ വാർത്തകൾ ........ 63-65
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 66-70
സാമൂഹ്യ സേവനരംഗം (WSSS) ........ 71-75
കേരള ലേബർ മൂവ്മെന്റ് ........ 76
റേഡിയോ മാറ്റൊലി ........ 77-78
മീഡിയാകമ്മീഷൻ ........ 79
*Mary Matha Arts & Science College* ........ 80-81
*CEADOM* വിദ്യാഭ്യാസ മേഖല ........ 82-84
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........ 85
ബിഷപ്സ് പ്രോഗ്രാം ........ 86-87
5-ാം പുസ്തകത്തിലെ വിഷയവിവരം ........ 88-94

WAKE UP THE WORLD!

2015 Year of Consecrated Life

# സമർപ്പിതരുടെ വർഷം പ്രാർത്ഥന

## വിശുദ്ധ കുർബാനയിൽ കാറോസൂസ പ്രാർത്ഥനയിൽ ചൊല്ലുവാൻ

“എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ” എന്നരുൾച്ചെയ്ത ഈശോയെ, അങ്ങേക്ക് പ്രത്യേകമാംവിധം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന എല്ലാ സമർപ്പിതരെയും ഈ വി.കുർബാനയിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങൾ ആചരിക്കുന്ന സമർപ്പിതരുടെ വർഷം തിരുസഭയുടെ വളർച്ചയ്ക്കും ദൈവമഹത്വത്തിനും കാരണമാകുവാനും സമർപ്പിതരുടെ പ്രതിഷ്ഠാജീവിതം തിരുസഭയ്ക്ക് അനുഗ്രഹവും ലോകത്തിനു രക്ഷയുമായി മാറുവാനും ഇടയാക്കണമേ. സമർപ്പിത ജീവിതത്തിലേയ്ക്ക് ധാരാളം വിളികൾ നൽകി തിരുസഭയെ അനുഗ്രഹിക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

WAKE UP THE WORLD!
2015 Year of Consecrated Life

# സമർപ്പിതരുടെ വർഷം പ്രാർത്ഥന

## സമർപ്പിത സമൂഹങ്ങളിൽ ചൊല്ലുവാൻ

സമ്പൂർണ്ണ സമർപ്പണത്തിന്റെ ഉത്തമമാതൃകയും ഞങ്ങളുടെ നാഥനുമായ ഈശോയേ, അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുവിശേഷോപദേശങ്ങൾ ജീവിതവ്രതമായി സ്വീകരിച്ചുകൊണ്ട് അങ്ങയെ അനുകരിക്കുവാൻ അവിടുന്ന് ഞങ്ങൾക്ക് നൽകിയ സന്യാസം എന്ന മഹാദാനത്തിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. സ്നേഹനാഥാ, സ്നേഹത്തിൽ സ്വയം ദാനംചെയ്യുന്ന പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങ് ഞങ്ങളിൽ വന്ന് വാഴുകയും ഞങ്ങളെ സ്വന്തമാക്കുകയും ചെയ്യണമേ. പരിപൂർണ്ണസ്നേഹത്തിലൂടെ ദൈവത്തിനു മഹത്വവും മനുഷ്യർക്കു സേവനവും അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. എല്ലാ ദൈവവിളികൾക്കും വേദിയായ ഞങ്ങളുടെ കുടുംബങ്ങളെ സ്നേഹത്തിലും ഐക്യത്തിലും വളർത്തണമേ. ഞങ്ങളുടെ മാതാപിതാക്കന്മാരെയും സഹോദരങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ലൗകികമായ യാതൊരു ശക്തിക്കും എടുത്തുമാറ്റാൻ കഴിയാത്ത പ്രത്യാശയുടെ അടയാളമായി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.